# അൽ ഹസനാത്ത്

1441 2021
ജമാദുൽ ആഖിർ ഫെബ്രുവരി

## ഡോക്ടർ സാഹിബ്

# സ്മരണിക

ദാറുൽ ഉലൂം സ്ഥാപകൻ
മർഹൂം അൽ ഹാജ് ഡോ. അഹ്മദ് കുഞ്ഞ്
സാഹിബിന്റെ പാവന സ്മരണയ്ക്ക്...

പ്രസിദ്ധീകരണം :

**അൽ ഹുസ്നി ഉലമാ അസോസിയേഷൻ**
**ദാറുൽ ഉലൂം അൽ ഇസ്ലാമിയ്യ**
**ഓച്ചിറ, കൊല്ലം, കേരള**
**www.darululoomoachira.com**
**Email: darululoomoachira.com**

# ഡോക്ടർ സാഹിബ് സ്മരണിക

**ഉപദേശക സമിതി**

അൽ ഉസ്താദ് അബ്ദുശ്ശക്കൂർ ഖാസിമി
അൽ ഉസ്താദ് സുഹൈൽ ഹസനി
അൽ ഉസ്താദ് ഇൽയാസ് ഹാദി
അൽ ഉസ്താദ് സൽമാൻ ഹുസ്നി
ഡോ: ബദർ അഹ്മദ്

## പത്രാധിപ സമിതി

**മാനേജർ**

ഹാരിസ് ഹുസ്നി

**ചീഫ് എഡിറ്റർ**

അജ്മൽ ഹുസ്നി പത്തനാപുരം

**സബ് എഡിറ്റർ**

സുഫ്യാൻ ഹുസ്നി
ആശിഖ് ഹുസ്നി ചുനക്കര

# ഉള്ളടക്കം

എഡിറ്റോറിയൽ..............................................................05

സ്നേഹത്തിന്റെ സമുന്നത പാഠം................................................06
മൗലാന സയ്യിദ് ബിലാൽ ഹസനി നദ്‌വി
സൗഭാഗ്യം നിറഞ്ഞ വ്യക്തിത്വം.....................................................08
മൗലാന സയ്യിദ് മുസ്തഫ രിഫാഈ
അനുശോചനം...............................................................10
ഉസ്താദ് ചേലക്കുളം അബുൽ ബുഷ്റ മൗലവി
ഓർമ്മകളുടെ ഓളങ്ങളിൽ..........................................................12
ഉസ്താദ് അബ്ദുശ്ശക്കൂർ ഖാസിമി....
സ്നേഹത്തണൽ മാഞ്ഞുപോയ്..................................................18
ഡോ. ബദർ അഹ്മദ്
ഡോക്ടർ അഹ്മദ് കുഞ്ഞ് സാഹിബ്...........................................27
ഉസ്താദ് ഖാസിം മൗലവി ബാഖവി
ദാറുൽ ഉലൂമും ഡോക്ടറും.........................................................29
ശൈഖ് മുഹമ്മദ് അൻസാരി നദ്‌വി
നന്മകളുടെ നിറകുടം.............................................................34
ഉസ്താദ് മുനീർ ഖാസിമി, മണപ്പള്ളി
ഇസ്തിഖാമത്ത് നൽകപ്പെട്ട വ്യക്തിത്വം.......................................37
ഉസ്താദ് സുഫ്‌യാൻ മാലവി
നികത്താനാകാത്ത വിടവ്........................................................39
ഉസ്താദ് ഇൽയാസ് കൗസരി
മഹത്തായ ഒരു മാതൃകാ വ്യക്തിത്വം..........................................42
ഉസ്താദ് ഉനൈസ് മൗലവി അൽ ഖാസിമി
ജ്ഞാനദാഹിയായ ഭിഷഗ്വരൻ.................................................45
ഉസ്താദ് അബ്ദുല്ല ബാഖവി
ഡോക്ടർ ദഅ്‌വത്തിന്റെ പാതയിൽ............................................51
ഉസ്താദ് സുഹൈൽ ഖാസിമി
മാനവികതയുടെ സന്ദേശ വാഹകൻ..........................................57
ഉസ്താദ് നബീൽ ഹസനി ഖാസിമി

ഉദാരതയുടെ മഹനീയ മാതൃക.................................................60
ഉസ്താദ് നൂഹ് മൗലവി ഓച്ചിറ
നാട്ടുകാരുടെ പ്രിയപ്പെട്ട ഡോക്ടർ...........................................62
ഉസ്താദ് സകരിയ്യാ മനാരി ഓച്ചിറ
അറിവിനെ ആദരിച്ച അഹ്മദ് ഡോക്ടർ........................................64
മുഫ്തി സൽമാൻ ഹുസ്നി
ആതുര സേവനത്തിന്റെ ഉദാത്ത മാതൃക.................................67
ആഷിഖ് ഹുസ്നി ചുനക്കര
നന്മ നിറഞ്ഞ സുഹൃത്ത്...........................................................71
അൽ ഹാജ് അബ്ദുസ്സമദ് സാഹിബ്
സ്പെഷ്യലിസ്റ്റുകളെ വെല്ലിയ എം.ബി.ബി.എസ്സ്..............................73
ശ്രീ. മുരളീധരൻ സാർ, പായിക്കുഴി
നന്മ നിറഞ്ഞ മനുഷ്യൻ............................................................75
അൽ ഹാജ് ത്വാഹാ സാഹിബ്
എന്റെ ഓർമ്മയിലെ ഡോ. അഹ്മദ് കുഞ്ഞ്.............................78
നജ്മ ത്വാഹാ
മറക്കുവാൻ കഴിയില്ല.................................................................80
ശ്രീമതി സരസ്വതി
പകരം വെക്കാനില്ലാത്ത വ്യക്തിത്വം.............................................81
ശ്രീമതി ജയാമണി
സൂര്യനണഞ്ഞുവല്ലോ.................................................................83
അബ്ദുസലാം ഹസനി അയനിക്കോട്

# എഡിറ്റോറിയൽ...



നിങ്ങളിൽ നിന്ന് മരണപ്പെട്ടവരുടെ നൻമകളെ സ്മരിക്കുവിൻ എന്ന് നബി വചനം..! സ്മരിക്കാൻ നൻമകൾ മാത്രമുള്ള ഒരാളെപ്പറ്റി മറ്റെന്ത് പറയാനാണ്..! അനുകരണീയമായ ഒരുപാട് നൻമകളിലൂടെ അനുഗ്രഹീതനായ വ്യക്തിയായിരുന്നു പ്രിയങ്കരനായ ഡോക്ടർ സാഹിബ്..! ആത്മീയതയും ഭൗതികതയും ഒരുമിച്ച് പോകാത്ത ഒരു സാഹചര്യത്തിലും മേഖലയിലും ദീനിനെ മുറുകെ പിടിച്ച് ദുനിയാവും ആഖിറവും കരസ്ഥമാക്കിയ ദാസൻ..! അല്ലെങ്കിലും അത്തരത്തിലുള്ള നൻമകൾ ഉണ്ടാകുന്നതും അത് സമുദായത്തിന് ഉപകാരപ്രദമാകാൻ പ്രചരിപ്പിക്കപ്പെടുന്നതും അത്ര എളുപ്പമല്ലല്ലോ..!

ഡോക്ടറെ അത്രയടുത്ത് അറിഞ്ഞിരുന്ന പ്രിയപ്പെട്ടവർ ഓർമകളിൽ നിന്ന് നൽകിയ ചെറിയൊരു ചിത്രമാണ് ഈ ഗ്രന്ഥം. അത്രയുമാഴത്തിൽ ഉള്ളു തൊട്ടു പോയ പച്ചയായ ഒരു മനുഷ്യനെപ്പറ്റി, ആ നൻമകളുടെ ആഴവും പരപ്പും അവരനുഭവിച്ചത് പോലെ അനുവാചകർക്കും ലഭിക്കട്ടെ എന്ന എളിയ ഉദ്ദേശത്തോടെ മാത്രം തയ്യാറാക്കപ്പെട്ടതാണിത്. ആ ആഗ്രഹം പൂർത്തിയാവട്ടെ എന്ന പ്രാർഥനയോടെ...

നാഥൻ നമ്മെയും അദ്ദേഹത്തെയും ആഖിറത്തിൽ നൻമ കളുടെ കേന്ദ്രമായ സ്വർഗത്തിൽ ഒരുമിപ്പിക്കട്ടെ..! ആമീൻ




# സ്നേഹത്തിന്റെ സമുന്നത പാഠം

**മൗലാന സയ്യിദ് ബിലാൽ ഹസനി നദ്‌വി**
(ജന:സെക്രട്ടറി, ഓൾ ഇന്ത്യാ പയാമെ ഇൻസാനിയത്ത് ഫോറം)

മാനവികത ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ആവശ്യകതയാണ്. മനുഷ്യൻ മനുഷ്യനെ നിന്ദിക്കുന്നത് വളരെയധികം അത്ഭുതകരമായ കാര്യമാണ്. ഇത്തരമൊരു സാഹചര്യത്തിൽ മനുഷ്യന് ഈ ലോകത്ത് സമാധാനത്തോടെ ജീവിക്കുക സാധ്യമല്ല. മനുഷ്യ മനസ്സിൽ സ്നേഹവും സഹാനുഭൂതിയും ഉണ്ടാകുമ്പോൾ മാത്രമേ മനുഷ്യനെ മനുഷ്യൻ എന്ന് വിളിക്കാൻ സാധിക്കുകയുള്ളൂ. വിശിഷ്യാ ഇന്ത്യാ മഹാരാജ്യത്ത് ഇത് ഉണ്ടാക്കിയെടുക്കേണ്ടത് വലിയൊരു ആവശ്യമാണ്. ഈ രാജ്യത്തിന്റെ ഏറ്റവും അമൂല്യമായ പൗരാണിക സന്ദേശം മാനവികതയാണ്. വിശിഷ്യാ മുസ്‌ലിംകളും ഹൈന്ദവരുമായ പണ്ഡിതർ ഇതിനെ എല്ലാ കാലത്തും ഉയർത്തിപ്പിടിക്കുകയുണ്ടായി. ശൈഖുൽ ഇസ്‌ലാം ഖാജാ മുഈനുദ്ദീൻ ചിശ്തി പ്രസ്താവിച്ചു: നിങ്ങളുടെ വഴിയിൽ ആരെങ്കിലും മുള്ളുകൾ വിരിച്ചാൽ നിങ്ങൾ അതിന് മീതെ പുഷ്പം വിരിച്ച് കൊടുക്കുക. മുള്ളിന് മീതെ മുള്ളുകൾ വിരിച്ച് കൊടുത്താൽ വഴി മുഴുവൻ മുള്ളുകൾ നിറയുന്നതും അവിടെ അപകടകരമായ അവസ്ഥ ശക്തിപ്പെടുന്നതുമാണ്. പുഷ്പം വിരിച്ച് കൊടുത്താൽ സുഗന്ധം ഉണ്ടാകുന്നതും മനുഷ്യൻ മുള്ളുകൾ എടുത്ത് മാറ്റാൻ മുമ്പോട്ട് വരുന്നതുമാണ്!

ഇന്ത്യാ രാജ്യത്തിന് ഉദാഹരണം വ്യത്യസ്ത ചെടികൾ നിറഞ്ഞ പൂന്തോട്ടം പോലെയാണ്. ഇതിൽ പലതരം പുഷ്പങ്ങൾ വളർന്ന് നിൽക്കുമ്പോൾ രാജ്യത്തിന്റെ മനോഹാരിത വർദ്ധിക്കുന്നു. എന്നാൽ തോട്ടക്കാരൻ ഇവിടെ ഒരുതരം ചെടിയും പുഷ്പവും മാത്രം മതി എന്ന് വാശി പിടിച്ചാൽ തോട്ടത്തിന്റെ സൗന്ദര്യം തന്നെ നഷ്ടപ്പെടുന്നതാണ്. മുൻഗാമികളായ മഹത്തുക്കൾ ഈ രാജ്യത്ത് വിവിധങ്ങളായ പുഷ്പങ്ങൾ പുഞ്ചിരിക്കുന്നത് കാണാൻ ഇഷ്ടപ്പെട്ടു. ഇതാണ്

ഈ രാജ്യത്തിന്റെ  മഹത്തായ പാരമ്പര്യം. എന്നാൽ ഇന്ന് ഇത് വളരെയധികം കുറഞ്ഞ്  കൊണ്ടിരിക്കുകയാണ്. ഇത് രാജ്യത്തിന് മുഴുവൻ ഭീഷണിയാണെന്ന് മാത്രമല്ല, ലോകത്തിന്  മുന്നിൽ തലയെടുപ്പോടെ നിൽക്കുന്ന ഇന്ത്യയുടെ ഈ അവസ്ഥ മറ്റു രാജ്യങ്ങൾക്കും അപകടങ്ങൾക്ക്  കാരണമാണ്.

ഈ ഒരു യാഥാർത്ഥ്യത്തെ ഏറ്റവും കൂടുതൽ ഉണർന്ന ഒരു വ്യക്തിത്വമായിരുന്നു മൗലാന സയ്യിദ് അബുൽ ഹസൻ അലി നദ്‌വി. വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിയിരുന്ന മൗലാന പയാമെ ഇൻസാനിയത്ത് (മാനവികതയുടെ സന്ദേശം എന്ന പേരിൽ) ഈ പ്രവർത്തനം നടത്തുകയുണ്ടായി. മൗലാനയുടെ പ്രധാന പിൻഗാമിയായ ജേഷ്ഠ സഹോദരൻ മൗലാന സയ്യിദ് അബ്ദുല്ലാഹിൽ ഹസനി നദ്‌വി ഈ പ്രവർത്തനം കൂടുതൽ മുന്നോട്ട് നീക്കി. ഈ വഴിയിൽ രാജ്യം മുഴുവൻ സഞ്ചരിച്ചു. പ്രത്യേകിച്ചും കേരളത്തിൽ വരുകയും അവിടെയുള്ള സഹോദരങ്ങളെ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുകയും ചെയ്തു. ഈ വഴിയിൽ വളരെ ത്യാഗത്തോടെ മുന്നോട്ട് വന്ന ഒരു വ്യക്തിത്വമാണ് ഓച്ചിറ ദാറുൽ ഉലൂമിന്റെ സ്ഥാപകൻ ഡോക്ടർ അഹ്മദ ആശ്വാസകരമാണ്.

ഡോക്ടർ പടച്ചവനോടും പ്രവാചകനോടും വലിയ സ്നേഹാദരവുകൾ പുലർത്തിയിരുന്നു. പടച്ചവന്റെ കൽപ്പനകൾ പാലിക്കുകയും പ്രവാചക ചര്യകൾ പിൻപറ്റുകയും ചെയ്തിരുന്നു. പടച്ചവനോടുള്ള സ്നേഹത്തിന്റെ പേരിൽ പടപ്പുകളോടും വലിയ സ്നേഹ-കാരുണ്യങ്ങൾ പുലർത്തി. ജാതിമത വ്യത്യാസമില്ലാതെ എല്ലാവരെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അലംഘനിയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ മർഹൂം പടച്ചവനിലേക്ക് യാത്രയായി. പക്ഷേ, അദ്ദേഹത്തിന്റെ നിലയ്ക്കാത്ത ദാനങ്ങളായ ആശുപത്രിയും ദാറുൽ ഉലൂം പാഠശാലയും പിൻഗാമികളും അവശേഷിച്ചിരിക്കുന്നു. ഡോക്ടറുടെ അനുഗ്രഹീത സ്മരണയെന്നോണം ഈ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നന്മയുടെ പ്രവർത്തനങ്ങൾ കൂടുതൽ നല്ലനിലയിൽ നടത്താൻ പിൻഗാമികളായ സഹോദരങ്ങൾ മുന്നോട്ട് വരുമെന്ന് പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കരുണാവാരിധിയായ അല്ലാഹു ഡോക്ടറിന് പരിപൂർണ്ണ മഗ്ഫിറത്ത് മർഹമത്തുകൾ നൽകട്ടെ. സമുന്നത സ്വർഗ്ഗത്തിൽ മഹാത്മാക്കാളോടൊപ്പം സ്ഥാനം നൽകട്ടെ. ദാറുൽ ഉലൂം പാഠശാലയെയും സ്റ്റാർ ഹോസ്പിറ്റലിനെയും നിലനിർത്തുകയും വളർത്തുകയും ഉയർത്തുകയും ചെയ്യട്ടെ. മുൻഗാമികളുടെ ഉത്തമ മാതൃകകൾ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും നമുക്ക് ഉതവി നൽകട്ടെ.❑




മത സാമൂഹിക പ്രബോധന മേഖലകളിൽ വലിയ സേവനം ചെയ്യാൻ സൗഭാഗ്യം സിദ്ധിച്ച ഒരു വ്യക്തിയാണ് ഡോക്ടർ അഹ്മദ് കുഞ്ഞ്. ചെറുപ്പം മുതൽക്കേ ദീനുമായി ബന്ധപ്പെട്ട് വളർന്ന ഡോക്ടർ വിദ്യാഭ്യാസ കാലത്തും തുടർന്ന് നടത്തിയ ആതുര സേവന രംഗത്തും മതബോധം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിച്ചു. വിജ്ഞാനവും പ്രബോധനവുമായിട്ടുള്ള ബന്ധം അദ്ദേഹത്തിന്റെ നന്മകളിൽ വലിയ വർദ്ധനവുണ്ടാക്കി. ആഗോള തലത്തിൽ നന്മയുടെ പ്രകാശം വിതറിക്കൊണ്ടിരിക്കുന്ന അനുഗ്രഹീത പ്രവർത്തനമായ തബ്ലീഗ് പ്രവർത്തനവുമായി ബന്ധപ്പെടുകയും അതിന്റെ നിഷ്കളങ്ക ദാഇയായി മാറുകയും ചെയ്തു. ഇതോടൊപ്പം തന്നെ ദീനീ വിജ്ഞാനവും പണ്ഡിതരും വിജ്ഞാന കേന്ദ്രങ്ങളുമായുള്ള ബന്ധവും നിലനിർത്തി. തൽഫലമായി സ്വന്തം സ്ഥലം ദാറുൽ ഉലൂം ഇസ്ലാമിയ്യ എന്ന മഹത്തായ സ്ഥാപനം തുടങ്ങുന്നതിന് വിട്ട് കൊടുക്കുകയും അവസാനം വരെ അതിന് ആത്മാർത്ഥമായ സേവനങ്ങൾ അനുഷ്ഠിക്കുകയും മറ്റുള്ളവരെ സേവനത്തിന് പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ആത്മവിശുദ്ധി പ്രാപിക്കുകയും രക്ഷിതാവിന്റെ നാമം സ്മരിക്കുകയും നമസ്ക്കരിക്കുകയും ചെയ്തവൻ വിജയം പ്രാപിച്ചിരിക്കുന്നു. (അഅ്ല). മർഹൂം ഡോക്ടർ ഈ വിശുദ്ധ വചനത്തിന്റെ അന്വർത്ഥം കൂടിയായിരുന്നു. പാതിരാത്രിയിൽ ഉണർന്ന് നമസ്ക്കാരത്തിലും ദിക്ർ ദുആകളിലും മുഴുകിയിരുന്നു. തൽഫലമായി അദ്ദേഹത്തിന്റെ മനസ്സ് വളരെ വിശുദ്ധമായിരുന്നു. കൂടാതെ, ദാറുൽ ഉലൂമിന്റെ സമുന്നത വഴികാട്ടി ഹസ്രത്ത് മൗലാനാ സയ്യിദ് അബ്ദുല്ലാഹിൽ ഹസനി നദ്‌വിയെയും മഹാനരുടെ വിയോഗാനന്തരം ഹസ്രത്ത് അല്ലാമ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വിയെയും ബൈഅത്ത് ചെയ്യുകയും മഹാന്മാരുടെ സന്ദേശങ്ങൾ പഠിക്കുകയും പകർത്തുകയും ചെയ്തിരുന്നു. ദാറുൽ ഉലൂമിൽ ഞായറാഴ്ചകളിൽ നടക്കുന്ന തസ്കിയത്ത് മജ്‌ലിസിൽ വളരെ താൽപ്പര്യത്തോടെ പങ്കെടുത്തിരുന്നു. വിനീതന്റെ പരിപാടികളിലും വളരെ ശ്രദ്ധപുലർത്തിയിരുന്നു. തൽഫലമായി ഖാദിരിയ്യാ, രിഫാഇയ്യാ, സുഹ്റവർദിയ്യാ, ചിശ്തിയ്യാ, നഖ്ശബന്ദിയ്യാ എന്നീ സരണികളിൽ ഇജാസത്തും ഖിലാഫത്തും നൽകപ്പെടുകയും ചെയ്തു.

എല്ലാ ശരീരവും മരണത്തെ രുചിക്കുന്നതാണ് എന്ന ഇലാഹീ വചനത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ മർഹൂം തന്റെ ജീവിത സമയം

പൂർത്തീകരിച്ച് അല്ലാഹുവിന്റെ സന്നിധിയിലേക്ക് യാത്രയായി. ഡോക്ടർ മർഹൂം കൂടുതൽ കാലം ജീവിച്ച് ധാരാളം നന്മകൾക്ക് നിമിത്തമാകും എന്ന നമ്മുടെ പ്രതീക്ഷ അസ്തമിച്ചെങ്കിലും അദ്ദേഹത്തിന്റെ നിലനിൽക്കുന്ന ദാന ങ്ങളും പ്രകാശിക്കുന്ന ജീവിതവും എല്ലാവർക്കും വലിയൊരു വഴിവിളക്ക് തന്നെയാണ്. ആദിപിതാവ് ആദം നബി (അ) മുതൽ മരണത്തിന്റെ പരമ്പര തുടങ്ങിയതാണ്. ഇത് ലോകാവസാനം വരെ നിലനിൽക്കുകയും ചെയ്യും. ഈ ലോകത്ത് ആർക്കും ശാശ്വത ജീവിതം ലഭിക്കുന്നതല്ല. ഭൗതിക പ്രേമി കളും മനോച്ഛയുടെ പൂജകരുമായ ആളുകൾ പോലും മരണത്തിന്റെ സ്മ രണ ഉണ്ടാക്കിയെടുക്കുകയും നിലനിർത്തുകയും ചെയ്താൽ വലിയ ആത്മ സംസ്കരണം ലഭിക്കുന്നതാണ്. മരണത്തെ മറക്കുകയും അവഗണിക്കു കയും ചെയ്തവർ സ്വഭാവ കർമ്മങ്ങളിൽ പരിധിലംഘനങ്ങൾ നടത്തുന്ന താണ്. വിശിഷ്യാ മർഹൂം ഡോക്ടറിന്റെ വിയോഗം നമുക്കെല്ലാവർക്കും മരണത്തെക്കുറിച്ച് ശക്തമായ അറിയിപ്പ് നൽകുന്നു.

ഡോക്ടറുടെ ജീവിതം മുഴുവൻ നിരവധി പാഠങ്ങൾ നിറഞ്ഞതാ ണ്. ഡോക്ടറുടെ പേരിൽ ദാറുൽ ഉലൂമിലെ സുഹൃത്തുക്കളും സന്താന ങ്ങളും തയ്യാറാക്കി ഇറക്കുന്ന അൽഹസനാത്ത് വിശേഷാൽ പതിപ്പിൽ അതിന്റെ വിവിധ വശങ്ങൾ പ്രകാശിപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു. സമർത്ഥനായ തിരക്ക് പിടിച്ച ഒരു ഡോക്ടറായിട്ട് കൂടി നമസ്ക്കാരം, സകാ ത്ത്, നോമ്പ്, ഹജ്ജ് മുതലായ ഫർളുകളിൽ മാത്രമല്ല, വിജ്ഞാനം, പ്രബോ ധനം, സംസ്കരണം പോലുള്ള സാമൂഹിക ബാധ്യതകളിലും ഖുർആൻ പാരായണം, പഠനം, ദിക്ർ ദുആകൾ മുതലായ സുന്നത്തായ കാര്യങ്ങ ളിലും അത്ഭുതകരമായ മാതൃകയാണ് ഡോക്ടറുടെ വ്യതിരക്തമായ സമു ന്നത ഗുണം. ഇത് ദീനീ സ്ഥാപനങ്ങളോടും പണ്ഡിത മഹത്തുക്കളോടും തബ്ലീഗ് പ്രവർത്തനത്തോടും ഇതര ദീനീ പ്രവർത്തനങ്ങളോടും അദ്ദേഹം ആത്മാർത്ഥവും ആദരപൂർവ്വമായ ബന്ധം പുലർത്തിയതിന്റെ ഫലമാണ്. ഇതിലൂടെ അദ്ദേഹത്തിന്റെ ജീവിതത്തിൽ സന്തുലിതത്വം വരുകയും പടച്ച വനോടും പടപ്പുകളോടുമുള്ള കടമകൾ കഴിവിന്റെ പരമാവധി പരിപൂർണ്ണ മായി പാലിക്കുന്ന ഉൾകൃഷ്ട അവസ്ഥയിലേക്ക് അദ്ദേഹം ഉയരുകയും ചെയ് തു. പണ്ഡിത മഹത്തുക്കൾക്ക് പോലും പഠനാർഹമായ ഡോക്ടർ മർഹൂ മിന്റെ ജീവിതം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രതീക്ഷ പകരുന്ന ഒന്നാണ്.

അല്ലാഹു ആദരണീയ ഡോക്ടറിന്റെ എല്ലാ നന്മകളും സ്വീകരിക്ക ട്ടെ. ബർസഖീ ലോകത്ത് സമുന്നത ഇല്ലിയ്യീനിൽ സ്ഥാനം നൽകട്ടെ. അദ്ദേ ഹത്തിന്റെ സന്താന പരമ്പരകളെ അദ്ദേഹത്തിനുള്ള നിലനിൽക്കുന്ന ദാന മായി മാറ്റട്ടെ. അദ്ദേഹം സ്ഥാപിക്കുകയും ജീവിത കാലം മുഴുവൻ വെള്ള മൊഴിച്ച് വളർത്തുകയും ചെയ്ത ദാറുൽ ഉലൂമിനെയും സ്റ്റാർ ഹോസ്പിറ്റ ലിനെയും കാത്ത് രക്ഷിക്കുകയും കൂടുതൽ ഉയർത്തുകയും ചെയ്യട്ടെ. ❑

# സന്ദേശം

**ഉസ്താദ് ചേലക്കുളം അബുൽ ബുഷ്റ മൗലവി**
(പ്രസിഡൻറ്, ദക്ഷിണകേരള ജംഇയ്യത്തുൽ ഉലമ,
വലിയ ഖാസി, തിരുവനന്തപുരം)

സ്റ്റാർ ഹോസ്പിറ്റൽ സാരഥി മർഹൂം അഹമ്മദ് ഹാജിയുടെ നിര്യാണം ഏവരെയും ദുഃഖത്തിലാഴ്ത്തിയിട്ടുണ്ട്. ഭാര്യയടക്കം കുടുംബാംഗങ്ങൾ ഉൾപ്പെടെ ബന്ധുക്കളും സഹപ്രവർത്തകരും ആശുപത്രി സ്റ്റാഫ് അംഗങ്ങളും മറ്റ് സ്നേഹിതരും, അവരുടെ ദുഃഖത്തിന് അല്ലാഹു നല്ല കൂലി നൽകി അനുഗ്രഹിക്കട്ടെ!

യാത്രയിലും മറ്റ് പ്രവർത്തന വേദികളിലും അദ്ദേഹത്തോടൊപ്പം സഹകരിക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിൻറെ ജീവിതം വിലയിരുത്താൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ നിർബന്ധപ്രകാരം അദ്ദേഹം ചെയർമാൻ ആയിട്ടുള്ള ഓച്ചിറ ദാറുൽ ഉലൂമിൽ സേവനം ചെയ്യാൻ കഴിഞ്ഞതിലൂടെ വീണ്ടും കൂടുതൽ അദ്ദേഹവുമായി സഹകരിക്കാൻ സാധിച്ചിട്ടുണ്ട്. ഞങ്ങൾ കുടുംബസമേതമുള്ള ഹജ്ജ് യാത്രയിലും അദ്ദേഹത്തിൻറെ സേവനങ്ങൾ ഫലപ്രദമായി അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻറെ ചികിത്സയിൽ ഏറെക്കാലം കഴിഞ്ഞുകൂടാനുള്ള അവസരം ലഭിച്ചതിനാൽ തൃപ്തികരമായ നേട്ടങ്ങൾ അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുറഞ്ഞ സംസാരം, കൂടുതൽ പ്രവർത്തനം, ഉഖ്റവിയായ ചിന്ത അദ്ദേഹത്തിൻറെ ഒരു പ്രത്യേകതയായിരുന്നു. ഉപകാരവും ഉദാരതയും ദാനധർമ്മങ്ങളിലുള്ള തൽപരതയും സുന്നത്ത് നിസ്കാരങ്ങളിലും ജമാഅത്ത് നിസ്കാരങ്ങളിലും അദ്ദേഹത്തിനുള്ള കൃത്യതയും വളരെ മാതൃകാപരമായിരുന്നു. ഇത്തരത്തിലുള്ള സൽഗുണങ്ങൾ സമ്മേളിച്ച മർഹൂം അഹമ്മദ് ഹാജി പകരം വെക്കാൻ കഴിയാത്തൊരു സ്നേഹിതൻ എന്ന നിലക്ക് എൻറെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻറെ മഗ്ഫിറത്തിനും മർഹമത്തിനും വേണ്ടി എല്ലാവരും പ്രാർത്ഥിക്കണം എന്നും അദ്ദേഹത്തിൻറെ സ്ഥാപനങ്ങളോടുള്ള കൂർ നിലനിർത്തണമെന്നും അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിൻറെ ബർസഖീജീവിതം സന്തോഷത്തിൽ ആക്കുന്നതിനും ആത്മാവിന് നിത്യശാന്തി നൽകുന്നതിനും ഹൃദയവേദനയോടെ അനുസ്മരിക്കുന്നു, പ്രാർത്ഥിക്കുന്നു.

# സന്ദേശം

**ഉസ്താദ് ഹാഫിസ് പി.പി.ഇസ്ഹാഖ് മൗലാനാ അൽ ഖാസിമി**
(ജംഇയ്യത്തുൽ ഉലമ എ ഹിന്ദ് സംസ്ഥാന പ്രസിഡന്റ്,
പ്രിൻസിപ്പൾ ബാഖിയാത്തുസ്സ്വാലിഹാത്ത് കാഞ്ഞാർ)

## സന്ദേശം

കൊല്ലം ജില്ലയിലെ ഓച്ചിറ ദാറുൽ ഉലൂം ഇസ്‌ലാമിയ അറബിക് കോളേജ് അതിന്റെ സ്ഥാപകരിൽ പ്രഥമ സ്ഥാനിയായിരുന്ന ഡോ. അഹമ്മദ് കുഞ്ഞ് (ന:മ) അവർകളെ അനുസ്മരിച്ചു കൊണ്ട് സുവനീർ പ്രസിദ്ധം ചെയ്യുന്നു എന്നറിഞ്ഞതിൽ അത്യധികം സന്തോഷിക്കുന്നു.

നിങ്ങളിൽ നിന്ന് മൺമറഞ്ഞവരുടെ സൽഗുണങ്ങൾ എടുത്തുപറഞ്ഞ് അവരെ അനുസ്മരിക്കണമെന്ന തിരുനബി(സ) യുടെ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ സാഹിബിനെ അനുസ്മരിക്കുമ്പോൾ സുപ്രധാനമായ ആ ഹദീസാണ് വിനീതന് ഓർമ്മ വരുന്നത്.

അബൂ ബക്റ(റ) നിവേദനം. തിരുനബി(സ) അരുളി. നീ ആലിമായിത്തീരുക. അല്ലെങ്കിൽ ഇൽമ് പഠിക്കുന്ന മുതഅല്ലിമായിത്തീരുക. അല്ലെങ്കിൽ ഇൽമിനെ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നവനായിത്തീരുക. അല്ലെങ്കിൽ ഇൽമിനെയും ഇൽമുള്ളവരെയും സ്നേഹിക്കുന്നവനായിത്തീരുക. അഞ്ചാമനായി നീ ആകരുത്. എങ്കിൽ നീ നശിച്ചു പോകുന്നതാണ്. അഞ്ചാമത്തേത് ഇൽമിനേയും ഇൽമുള്ളവരെയും നീ വെറുക്കലത്രെ. ത്വബ്റാനി-ബസ്സാർ)

ഉപരി സൂചിത ഹദീസിലെ നാല് സവിശേഷ ഗുണങ്ങളും ഒത്തിണങ്ങിയ വ്യക്തിയായിരുന്നു ഡോക്ടർ സാഹിബ്. സാങ്കേതികാർത്ഥത്തിൽ ആലിമായി അറിയപ്പെട്ടില്ലെങ്കിലും ഖുർആനും ഹദീസും ഇൽമുൽ ഫിഖ്ഹുമായി ബന്ധപ്പെട്ട സാധാരണ പരിജ്ഞാനം അദ്ദേഹം സ്വായത്തമാക്കിയിരുന്നു. ജീവിതത്തിന്റെ സായം സന്ധ്യയിലും ദീനിയ്യായ ഇൽമ് പഠിക്കുന്നതിന് അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. തഅ്ലീമിന്റെ സദസ്സിൽ പങ്കെടുത്ത് ദീനി ഉലൂമുകൾ ശ്രദ്ധിച്ച് കേൾക്കുന്നതിലും ശേഷം സാത്തികളുമായി ഒത്തുചേർന്ന് മുദാകറ: ചെയ്യുന്നതിലും മാസത്തിൽ മൂന്ന് ദിവസവും വർഷത്തിൽ നാൽപ്പത് ദിവസവും ദഅ്വത്തിന്റെ പാതയിൽ പുറപ്പെട്ട് അമലിയായ ജീവിതം തന്നിലും ഉമ്മത്തിലും ഉണ്ടാക്കിത്തീർക്കുന്നതിനുള്ള പരിശ്രമത്തിലും മുൻപന്തിയിലായിരുന്നു അദ്ദേഹം. ഇൽമിനെയും ഉലമാക്കളെയും സ്നേഹിച്ചിരുന്നു എന്നതിന് ഉലമാക്കൾ തന്നെ എടുത്തുപറയുന്ന അനുഭവങ്ങൾക്കപ്പുറം അതിന്റെ നിലനിൽക്കുന്ന ദൃഷ്ടാന്തമാണ് താൻ പ്രഥമസ്ഥാനീയനായി പടുത്തുയർത്തിയ ഓച്ചിറ ദാറുൽ ഉലൂം ഇസ്‌ലാമിയ അറബിക് കോളേജ്.

തന്റെ ആൺ-പെൺ സന്തതികൾ ഡോക്ടർമാരായതോടൊപ്പം അവരിലും ദീനിയായ ജീവിതവും ദീനിയായ വേഷവിധാനവും ഉണ്ടാക്കിയെടുക്കാൻ സാധിച്ചു എന്നുള്ളത് അദ്ദേഹത്തിന് നാഥൻ നൽകിയ സൗഭാഗ്യമാണ്. വാപ്പ സ്വന്തമെന്നു കരുതി പരിപാലിച്ച ദാറുൽ ഉലൂമിന്റെ പരിപാലന വിഷയത്തിൽ തുടർന്നും ഉയർന്ന പങ്ക് വഹിച്ച് ദാറുൽ ഉലൂമിനെ വാപ്പായുടെ ഹഖിൽജാരിയായ സ്വദഖഃയായി നിലനിർത്തുന്നതിന് നല്ലവരായ മക്കൾ ശ്രമിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. കരുണയുള്ള റബ്ബ് ഡോക്ടർ സാഹിബിന്റെ ഖബ്റിനെ സ്വർഗ്ഗത്തിന്റെ പൂന്തോപ്പാക്കി നിലനിർത്തുമാറാകട്ടെ ആമീൻ.

ദാറുൽ ഉലൂമിന്റെ അമരക്കാരൻ മൗലാനാ അബ്ദുഷുക്കൂർ അൽ ഖാസിമിയുടെ നേതൃത്വത്തിൽ കോവിഡ്-19 ന്റെ പ്രതിസന്ധികൾക്കിടയിലും ഡോക്ടർ സാഹിബ് സ്മരണികയുമായി ബന്ധപ്പെട്ട് സുവനീർ പ്രസിദ്ധം ചെയ്യുന്നതിനുള്ള പരിശ്രമം ഏറെ പ്രശംസനീയമാണ്. കരുണയുള്ള റബ്ബ് ഈ സദുദ്യമത്തെ സ്വാലിഹായ അമലായി ഖബൂൽ ചെയ്യുമാറാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അണിയറ ശില്പികൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

നാഥൻ നാമേവർക്കും തൗഫീഖ്, ഖബൂലിയത്ത്, ഇസ്തിഖാമത്ത് നസീബാക്കുമാറാകട്ടെ.

ആമീൻ

വസ്സലാം



# പ്രിയപ്പെട്ട ഡോക്ടർ സാഹിബ് ഓർമ്മകളുടെ ഓളങ്ങളിൽ

**ഉസ്താദ് അബ്ദുശ്ശക്കൂർ ഖാസിമി**
**(ചെയർമാൻ; ദാറുൽ ഉലൂം അൽ ഇസ്‌ലാമിയ്യ)**

1980-കളിൽ കായംകുളം ഹസനിയ്യ മദ്റസയിൽ ഹിഫ്സ് പഠിച്ചു കൊണ്ടിരിക്കുന്ന കാലം. ആദരണീയ ഉസ്താദിന് കഠിനമായ പനിയുണ്ടായി. ഉസ്താദ് ഓച്ചിറയിൽ ഡോക്ടർ അഹ്മദ് കുഞ്ഞ് സാഹിബിനെ കാണുന്നതിന് വന്നു. മഗ്‌രിബിനോട് അടുത്ത സമയമായിരുന്നു. ഡോക്ടർ നമസ്കരിക്കാൻ മസ്ജിദിലേക്ക് വരികയായിരുന്നു. ഇതാണ് ആദ്യമായി ഡോക്ടറെ കണ്ട കാഴ്ച.! പിതാവിന്റെ ശക്തമായ നിർദ്ദേശം കാരണം ചെറുപ്പം മുതലേ നമസ്കാരത്തിൽ ശ്രദ്ധയുണ്ടായിരുന്നുവെന്ന് ഡോക്ടർ പിന്നീടൊരിക്കൽ പറയുകയുണ്ടായി.

1989-ൽ ഡോക്ടർ പരിശുദ്ധമായ ഹജ്ജിന് പോയി. ഈ യാത്രയിൽ കൂടുതൽ ദീനിയായി ജീവിക്കണമെന്ന് ചില തീരുമാനങ്ങൾ എടുത്തിരുന്നു. തീരുമാനങ്ങൾ വല്ലതും എടുത്താൽ ഉറച്ച് നിൽക്കുന്ന സ്വഭാവക്കാരനായിരുന്ന ഡോക്ടർ, മടങ്ങി വന്ന ശേഷം തീരുമാന പ്രകാരം പരിശുദ്ധ ഖുർആൻ ഓതാനും ആശയം മനസ്സിലാക്കാനും ആരംഭിച്ചു. കൂട്ടത്തിൽ നന്മ ഉപദേശിക്കാനും തിന്മ തടയാനും കഴിയുന്നത്ര പരിശ്രമിക്കണമെന്ന ആഗ്രഹത്തിൽ തബ്‌ലീഗ് പ്രവർത്തനവുമായി ബന്ധപ്പെട്ടു. ഡോക്ടറുമായി വലിയ സ്നേഹ ബന്ധത്തിലായിരുന്ന ആദരണീയ ഗുരുവര്യൻ ശൈഖുനാ മുഹമ്മദ് ഈസാ മമ്പഈ ഇതിനെ പ്രേരിപ്പിച്ചു. വെറും പ്രേരണ മാത്രമല്ല, ഉസ്താദിന്റെ ആത്മ സ്നേഹിതനായിരുന്ന കായംകുളം അബ്ദുൽ ഖാദിർ സാഹിബ് (റേഷൻകട) ആയിടെ ഒരു സ്കൂട്ടർ വാങ്ങിയിരുന്നു. ഈ സ്കൂട്ടർ നന്മയുടെ വഴിയിൽ സഞ്ചരിച്ച് തുടങ്ങട്ടെ എന്ന് പറഞ്ഞ് ഉസ്താദ് സുബ്ഹിക്ക് വിനീതനെയും കൂട്ടി ഹസനിയ്യയിൽ നിന്നും ഓച്ചിറ മസ്ജിദിലേക്ക് വരണമെന്ന് നിർദ്ദേശിച്ചു. സുബ്ഹി ബാങ്ക് കൊടുത്ത് കഴിയുമ്പോൾ അബ്ദുൽ ഖാദിർ സാഹിബ് ഹസനിയ്യയിലെത്തും. വിനീതനെയും കൂട്ടി ജമാഅത്തിന് മുമ്പ് ഓച്ചിറയിലെത്തും. ഇടയ്ക്ക് വിനീതന് പകരം ആത്മ സഹപാഠികളായ അബ്ദുസ്സലാം മൗലവിയും അലിയാർ മൗലവിയും ഈ

യാത്ര നടത്തിയിരുന്നു. സുബ്ഹി കഴിഞ്ഞ് അൽപ്പ നേരം തഅ്ലീം നടത്തും. ശേഷം മുലാഖാത്തിന് വേണ്ടി ഇറങ്ങിത്തിരിക്കും. ഡോക്ടറും മരുതവന ഇബ്റാഹീം ഹാജി മർഹൂമും കൂട്ടത്തിൽ വരുന്നവരെയും കൂട്ടിക്കൊണ്ട് വലിയ സംഘമായി ഓരോ വീടുകളിലും പ്രദേശങ്ങളിലും ചെല്ലുമായിരുന്നു. ഏതാനും ദിവസങ്ങൾക്ക് ശേഷം ഡോക്ടറും നല്ല നിലയിൽ സംസാരിച്ച് തുടങ്ങി. ഓച്ചിറ ഠൗൺ മസ്ജിദിൽ നമസ്കരിക്കാൻ ആളുകൾ വർദ്ധിച്ചു. ഈ മുലാഖാത്തിന്റെ പ്രവർത്തനങ്ങളും അതിനിടയിലുള്ള സംഭവങ്ങളും വളരെ രസകരവും ചിലതെല്ലാം അത്ഭുതകരവുമായിരുന്നു. ദീനുമായി ബന്ധമില്ലാത്ത ധാരാളം സഹോദരങ്ങൾ ദീനിലേക്ക് വളരെയധികം അടുത്തു.

ഈ സമയത്ത് ഡോക്ടർ വിനീതനോട് മസ്അലകൾ വല്ലതും കൂട്ടത്തിൽ പഠിപ്പിക്കണമെന്ന് നിർദ്ദേശിച്ചു. സുബ്ഹിക്ക് ശേഷം ബിദായത്തുൽ ഹിദായ വായിക്കുന്നത് ശ്രദ്ധിച്ച് കേൾക്കുമായിരുന്നു. പക്ഷെ, ഈ സദസ്സിൽ കുറഞ്ഞ ആളുകളായിരുന്നതിനാൽ എല്ലാവർക്കും പ്രയോജനപ്പെടുന്ന നിലയിൽ നമസ്കാര കാര്യങ്ങൾ പഠിപ്പിക്കണമെന്ന് ഡോക്ടർ ആഗ്രഹിച്ചു. വടക്കേ മസ്ജിദിലെ ഖത്വീബ് ആയിരുന്ന മർഹൂം മൈതീൻ കുഞ്ഞ് ഉസ്താദിനെ ഇതിന് വേണ്ടി ക്ഷണിച്ചു. ഉസ്താദ് മർഹൂം വടക്കേപ്പള്ളിയിൽ ഇഷാഅ് നമസ്കരിച്ച് ഉടനടി ഠൗൺ മസ്ജിദിലെത്തി ഇമാമിന്റെ ദുആ കഴിഞ്ഞാലുടനെ അൽപ്പനേരം നമസ്കാരത്തിന്റെ കാര്യങ്ങൾ വിവരിച്ചിരുന്നു. നമസ്കാരത്തിന്റെ ആദ്യം മുതൽ അവസാനം വരെയുള്ള കാര്യങ്ങൾ വളരെ ചിട്ടയോടെ പറഞ്ഞിരുന്ന ഈ ക്ലാസ്സ് അത്യധികം ശ്രദ്ധേയമായിരുന്നു.

നാളുകൾക്ക് ശേഷം വിനീതന്റെ കായംകുളത്തുള്ള പഠനം അവസാനിച്ചു. ദാറുൽ ഉലൂമിലേക്ക് പോയി. പക്ഷെ, ഡോക്ടർ പ്രവർത്തനത്തിൽ ഉറച്ച് നിന്നിരുന്നു. ആർക്കും കത്തെഴുതാത്ത ഡോക്ടർ കത്തെഴുതുകയും പ്രവർത്തന വിഷയങ്ങൾ അറിയിക്കുകയും ചെയ്തിരുന്നു. ദേവ്ബന്ദിൽ നിന്നും വന്ന് കായംകുളത്ത് തന്നെ സേവനം ആരംഭിച്ചപ്പോൾ ഓച്ചിറയിൽ നിരന്തരം വന്നിരുന്നു. ഡോക്ടറെ മാസം തോറുമുള്ള മൂന്ന് ദിവസ ജമാഅത്തിന് കൂട്ടുകാർ പ്രേരിപ്പിച്ചു. മാസത്തിൽ ഒരു ദിവസത്തേക്ക് ഡോക്ടർ തയ്യാറായി. ഇത് ആഴ്ചയിൽ ഓരോ ദിവസമായി ഉയർത്തി. പിന്നീട് മാസം മൂന്ന് ദിവസം പോകാൻ തുടങ്ങി.

ഇതിനിടയിൽ മഹാനായ ഉസ്താദും ഇതര പണ്ഡിത മഹത്തുക്കളുമായി ബന്ധപ്പെട്ട് ഡോക്ടർ ഇൽമിലും ഇബാദത്തിലും വളരെയധികം മുന്നേറിയിരുന്നു. പല പ്രാവശ്യം ഹജ്ജിന് പോയി. ഹജ്ജ് യാത്ര ആദ്യന്തം ഇബാദത്ത്-ദിക്റുകളിൽ മാത്രം മുഴുകിയിരുന്നു. ഒരിക്കൽ വിനീതനെയും ഹജ്ജിന് കൊണ്ടുപോയി. അപേക്ഷ കൊടുക്കുന്നതിന് മുമ്പ് വീട്ടിലെ സ്വകാര്യ മുറിയിൽ വിളിച്ച് ഹജ്ജിന്റെ തുകയും ചിലവിനുള്ളതും ഏൽപ്പിച്ചിട്ട് പറഞ്ഞു: ഇനി ഉസ്താദിന് ഹജ്ജ് കമ്മിറ്റിയിലോ ഗ്രൂപ്പിലോ എന്റെ കൂട്ടത്തിലോ മറ്റാരുടെയെങ്കിലും കൂട്ടത്തിലോ എങ്ങനെയും പോകാവുന്ന

താണ്. ദയവ് ചെയ്ത് ഞാനാണ് കൊണ്ടുപോകുന്നതെന്ന് ആരോടും പറയരുത്, ഉസ്താദിന്റെ യാത്രയിൽ എനിക്ക് ഒരു നിയന്ത്രണവും ഉണ്ടാകുന്നതല്ല.! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹജ്ജ് കമ്മിറ്റിയിൽ ഡോക്ടറോടൊപ്പം എനിക്കും അനുമതി ലഭിച്ചു. യാത്രയിലുടനീളം ഒരു ബന്ധവുമില്ലാത്തത് പോലെ  കഴിഞ്ഞുകൂടി. മജ്ലിസുകളിൽ കൃത്യമായി പങ്കെടുക്കുമായിരുന്നു. അല്ലാത്ത സമയത്ത് ഡോക്ടറെ കെട്ടിടത്തിൽ കണ്ടിട്ടേയില്ല. രാവും പകലും മസ്ജിദുൽ ഹറാമിലും മസ്ജിദുന്നബവിയിലും ഇബാദത്തുകളിൽ മാത്രം കഴിഞ്ഞിരുന്നു. സത്യം പറയട്ടെ, ഹജ്ജിന്റെ ദിനങ്ങളിൽ മിനായിലും മറ്റും മാത്രമാണ് ഡോക്ടറെ കണ്ടത്. വീണ്ടും പല ഹജ്ജുകൾ ചെയ്തു. കുടുംബത്തിലെ ഹജ്ജ് ഫർളായി മരണപ്പെട്ട ആളുകളുടെ ഭാഗത്ത് നിന്നുമാണ് ഹജ്ജുകൾ നിർവ്വഹിച്ചിരുന്നത്.

പാതിരാവ് കഴിഞ്ഞയുടനെയുള്ള തഹജ്ജുദ് നമസ്കാരത്തോടെ അല്ലാഹുവിന്റെ അടിമയുടെ ഒരു ദിവസം ആരംഭിക്കും. ധാരാളം പ്രാവശ്യം ഞങ്ങൾ ജമാഅത്തിൽ യാത്ര ചെയ്തിട്ടുണ്ട്. പാതിരാത്രി കഴിഞ്ഞാൽ പതുക്കെ എഴുന്നേറ്റ് ബാത്റൂമിൽ പോകുകയും ബാത്റൂം കഴുകി വൃത്തിയാക്കിയ ശേഷം കുളിച്ച് പുറത്തേക്ക് വരികയും ചെയ്തിരുന്നു. ചില ബാത്റൂമുകൾ വളരെയധികം അഴുക്കായിരുന്നു. ചില സ്ഥലങ്ങളിൽ വെളിച്ചമുണ്ടായിരുന്നില്ല. പക്ഷെ, സുബ്ഹി കഴിഞ്ഞ് അതിന്റെ വൃത്തി കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടിരുന്നു. ഡോക്ടർ ആർക്കോ പൈസ കൊടുത്ത് ഇത് ചെയ്യിപ്പിക്കുന്നതായിട്ടാണ് ആദ്യം വിനീതൻ മനസ്സിലാക്കിയിരുന്നത്. ഒരിക്കൽ അത്യാവശ്യത്തിന് എഴുന്നേറ്റപ്പോൾ ഡോക്ടർ ബാത്റൂം കഴുകുന്നത് കണ്ട് ആശ്ചര്യപ്പെട്ടുപോയി. റഹിമഹുല്ലാഹ്. തഹജ്ജുദ് നമസ്കാരം ദീർഘനേരം നിന്ന് നമസ്കരിക്കുമായിരുന്നു. എത്ര റക്അത്താണെന്ന് അറിയില്ല. നമസ്കാരാനന്തരം സുജൂദിൽ കിടക്കുന്നത് കണ്ടാണ് വിനീതൻ പലപ്പോഴും ഉണർന്നിട്ടുള്ളത്.

സുബ്ഹി നമസ്കാരാനന്തരം തഅ്ലീം കഴിഞ്ഞാലുടൻ പ്രിയപ്പെട്ട ഉസ്താദ് അബ്ദുല്ലാഹ് മൗലവി ബാഖവിയുടെ അരികിൽ പോയിരുന്ന് തജ്‌വീദ് അനുസരിച്ച് ഖുർആൻ ഓതി പഠിക്കുകയും ആശയങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു. ഈ ക്ലാസ്സിൽ വലിയ താൽപ്പര്യവും ഇതിനെ കുറിച്ച് പറയാൻ വലിയ ആവേശവുമായിരുന്നു. ഒരിക്കൽ റമദാനിന് തിരുവനന്തപുരത്ത് വന്നപ്പോൾ തറാവീഹ് കഴിഞ്ഞ് അവിടെ കൂടിയിരുന്നവരോട് വല്ലതും പറയണമെന്ന് പറഞ്ഞപ്പോൾ ഖുർആൻ ശരീഫ് എടുത്ത് സൂറത്ത് യാസീനിന്റെ ഏതാനും ആയത്തുകൾ ഓതുകയും കരഞ്ഞുകൊണ്ട് അതിന്റെ ആശയം വിവരിക്കുകയും ചെയ്തു. റസൂലുല്ലാഹി (സ്വ) യെയും സ്വഹാബാ കിറാമിനെയും കുറിച്ച് പറഞ്ഞാലുടൻ കണ്ണുകൾ നിറഞ്ഞൊഴുകുമായിരുന്നു. മസ്ജിദിൽ നിന്നും ഇഷ്റാഖ് നമസ്കരിച്ചതിന് ശേഷം മുലാഖാത്ത് ഉണ്ടെങ്കിൽ അതിനും അല്ലെങ്കിൽ ആശുപത്രിയിലേക്ക് പോകു

മായിരുന്നു. ആശുപത്രിയിലെ ഡോക്ടറുടെ മുറി കാണേണ്ടത് തന്നെ യാണ്. മുമ്പിൽ തന്നെ പരിശുദ്ധ ഖുർആനും
ഏതെങ്കിലും ദീനീ രചനയും കാണപ്പെട്ടിരുന്നു. ഒഴിവ് കിട്ടുമ്പോഴെല്ലാം അത് എടുത്ത് വായിക്കുമായിരുന്നു. ചികിത്സയ്ക്ക് മുമ്പ് ബിസ്മില്ലാഹി പ്രത്യേക ശ്രദ്ധയോടെ പറഞ്ഞിരുന്നു. ദക്ഷിണ കേരളത്തിലെ ഏതാണ്ട് എല്ലാ ഉസ്താദുമാരും ഇവിടെ നിത്യ സന്ദർശകരായിരുന്നു. അവർക്ക് മാസക്കണക്കിന് മരുന്നുകൾ കൊടുക്കുമായിരുന്നു. ഹാജിമാർക്കും മരുന്നുകൾ വാരിക്കൊടുക്കുമായിരുന്നു. ഒരിക്കൽ ഹജ്ജിന് പോകാൻ യാത്ര ചോദിച്ചപ്പോൾ വലിയ ഒരു കെട്ട് മരുന്നെടുത്ത് തന്നു. എത്ര പറഞ്ഞിട്ടും കുറയ്ക്കാൻ തയ്യാറായില്ല. ഹജ്ജിന്റെ അവസാനം വരെ അതും കൊണ്ട് കറങ്ങി നടന്നെങ്കിലും ആർക്കും പ്രയോജനപ്പെടാത്തത് കണ്ട് വിഷമമുണ്ടായി. ദുൽ ഹിജ്ജ് 13-ന് രാത്രി ആയിരത്തോളം ഹാജിമാരുള്ള കെട്ടിടത്തിലെത്തിയപ്പോൾ ഭൂരിഭാഗം പേർക്കും പനിയും ചുമയുമായിരുന്നു. എല്ലാവരുടെയും മരുന്നും തീർന്നിരിക്കുന്നു. സുബ്ഹി കഴിഞ്ഞ് ഒരു ദീനിന്റെ പ്രവർത്തകനായി ഡോക്ടർ മസ്ജിദിൽ ഇരിക്കുന്നത് കണ്ട് അദ്ദേഹത്തോട് മരുന്നിന്റെയും രോഗികളുടെയും വിവരം പറഞ്ഞു. അദ്ദേഹം ചെറിയ നാശ്ത കഴിച്ച് ബിൽഡിംഗിന്റെ താഴ്ഭാഗത്തുള്ള ഹാളിൽ വന്നിരുന്നു. നിമിഷ നേരം കൊണ്ട് രോഗികളായ ഹാജിമാരുടെ വലിയ നിര പ്രത്യക്ഷപ്പെട്ടു. അവസാനത്തെ ഒരു ഹാജിക്ക് മരുന്ന് കൊടുത്തതോടെ മരുന്ന് മുഴുവനും അവസാനിച്ചു. ജസാഹുല്ലാഹ്...

നമസ്കാരങ്ങൾ ഓരോന്നും വളരെ കൃത്യനിഷ്ഠയോടെ ജമാഅത്തായി നമസ്കരിച്ചിരുന്നു. മുൻപിൻ സുന്നത്തുകൾ കൂടാതെ സൂക്ഷ്മതയ്ക്ക് വേണ്ടി ഖളാഅ് വീട്ടുകയും ചെയ്തിരുന്നു. ദാന-ധർമ്മങ്ങളിൽ വലിയ ആവേശമായിരുന്നു. സകാത്ത് കൂടാതെ ധാരാളം സ്വദഖകൾ രഹസ്യമായി നൽകിയിരുന്നു. റമദാനുൽ മുബാറകിലെ നോമ്പും തറാവീഹും വലിയ ആവേശമായിരുന്നു. ഒരു വർഷം മുമ്പ് ദാറുൽ ഉലൂമിൽ ഇഅ്തികാഫ് ഇരുന്നപ്പോൾ അവസാനത്തെ പത്തിൽ ഖിയാമുല്ലൈലിൽ ദിവസവും മൂന്നേകാൽ ജുസുഅ് വീതം ഓതിയിരുന്നു. വിനീതൻ ഇരുന്ന് നമസ്കരിക്കാൻ പറയുകയും സ്വയം ഇരുന്ന് കാണിക്കുകയും ചെയ്തെങ്കിലും അല്ലാഹുവിന്റെ ദാസൻ നിന്ന് തന്നെ നമസ്കരിക്കുകയും വലിയ സന്തോഷം പ്രകടിപ്പിക്കുകയം ചെയ്തു. ധാരാളം സുന്നത്ത് നോമ്പുകൾ അനുഷ്ഠിച്ചിരുന്നു. തിങ്കൾ, വ്യാഴം നോമ്പുകൾ ഒരിക്കലും മുടക്കിയിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആലുവ കുഞ്ഞുണ്ണിക്കരയിൽ വലിയ ഉപകാരിയായ മാതാവ് മർഹൂമയുടെ പേരിൽ പരിശുദ്ധ ഖുർആൻ ഹിഫ്സിന്റെ ചെറിയ ഒരു മദ്റസ ആരംഭിച്ചു. ഏതാനും വർഷം അവിടെ അത് നടന്നു. ഒരിക്കൽ ഡോക്ടറെ കണ്ടപ്പോൾ ആ മദ്റസ ഓച്ചിറയിലേക്ക് മാറ്റിക്കൂടെ.? എന്ന് ചോദിച്ചു. അതിന് അൽപ്പം സ്ഥലം തരാമോ എന്ന് തിരിച്ച് ചോദിച്ചപ്പോൾ

എനിക്ക് അനന്തര സ്വത്തായി ലഭിച്ച ഭൂമി തരാമെന്ന് പറഞ്ഞു. ഡോക്ടറുടെ കൂട്ടത്തിൽ മുലാഖാത്തിന് മുമ്പ് വന്നപ്പോൾ ഓച്ചിറ റെയിൽവേ സ്റ്റേഷന്റെ കിഴക്ക് ഭാഗത്ത് ചെറിയ ഒരു ഓത്തുപള്ളി കണ്ടിരുന്നു. പിന്നീട് അവിടെ മുതഅല്ലിംകളുടെ ജമാഅത്തിൽ വരികയും ചെയ്തു. അതിനോടേ ചേർന്നുള്ള സ്ഥലമാണെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ചെറിയ ഒരു മദ്റസ യുടെ സങ്കൽപമായിരുന്നതിനാൽ അഞ്ച് അല്ലെങ്കിൽ പത്ത് സെന്റ് സ്ഥല മായിരിക്കുമെന്നാണ് വിചാരിച്ചത്. എന്നാൽ കൂട്ടുകാരോടൊപ്പം സ്ഥലം വന്ന് കണ്ടപ്പോൾ എൺപത് സെന്റ് സ്ഥലമുണ്ടെന്ന് കണ്ട് ഞെട്ടിപ്പോയി. ഡോക്ടറോട് ഇത്രയും സ്ഥലം ആവശ്യമില്ല, പത്ത് സെന്റ് മതി, കുടുംബ ത്തിന്റെയും കാര്യം നോക്കണമെന്ന് പറഞ്ഞപ്പോൾ ഞാൻ മുഴുവനും നിയ്യത്ത് ചെയ്ത് കഴിഞ്ഞു, കുടുംബത്തിന് അല്ലാഹു വേറെ നൽകും എന്ന് പറയുകയും കണ്ണീർ വാർത്ത് കൊണ്ട്, ആദ്യത്തെ ചെറിയ ആശുപത്രിയിൽ നിന്നും പടച്ചവൻ വലിയ ആശുപത്രിയിലെത്തിച്ചില്ലേ എന്ന് ചോദിക്കുകയും ചെയ്തു. തുടർന്ന് ഡോക്ടർ തന്നെ ആദ്യത്തെ പഴയ മസ്ജിദിന്റെ മേൽഭാഗം പത്ത് വിദ്യാർത്ഥികൾക്ക് വേണ്ടി നിർമ്മിച്ചു. ഇതിനിടയിൽ ഇതി ന്റെയെല്ലാം ചാലക ശക്തിയായ മൗലാനാ അബ്ദുല്ലാഹ് ഹസനി മർഹൂം വരികയും മദ്റസയുടെ നിലവിലുള്ള കെട്ടിടത്തിന്റെ പടിഞ്ഞാറെ അറ്റത്ത് ദാറുൽ ഉലൂമിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. തുടർന്ന് മൗലാനാ മർഹൂമിനെ ഡോക്ടർ ബൈഅത്ത് ചെയ്തു. അതിൽ പറയ പ്പെട്ട ദിക്റുകൾ അവസാനം വരെ നിഷ്ഠയോടെ പാലിച്ചിരുന്നു.

ഇതിന് ശേഷം മസ്ജിദ് പല പ്രാവശ്യം വിപുലീകരിക്കപ്പെട്ടു. മദ്റസ വളരെ വലുതായി. റസൂലുല്ലാഹി (സ്വ) യുടെ അതിഥികൾ ധാരാളമായി ഇവിടെ വന്നണഞ്ഞു. മുഷാവറയിൽ ഇരിക്കുമ്പോഴെല്ലാം ഇതിനെ കുറിച്ച് പറയുമ്പോൾ ആവർത്തിച്ച് ഉണർത്തുന്ന ഒരു കാര്യം ഇതാണ്: മഹാന്മാർ വലിയൊരു സ്ഥാപനം ഉദ്ദേശിച്ച് ദുആ ചെയ്യുകയും അല്ലാഹു സ്വീകരിക്കു കയും ചെയ്തിരിക്കും. ഉസ്താദ് പത്ത് കുട്ടികൾക്കുള്ള സൗകര്യമാണ് ചോദി ച്ചത്. പടച്ചവൻ തന്ന സ്ഥലം അതിന് വേണ്ടി തരികയും ചെയ്തു. ശേഷം ഇവിടം വരെയും എത്തിച്ചത് അല്ലാഹുവാണ്. അല്ലാഹു മുമ്പോട്ട് കൊണ്ട് പോകുമെന്നാണ് പ്രതീക്ഷ.!

അവസാന കാലത്ത് ശബ്ദം കുറഞ്ഞതിനാൽ സംസാരം അവ്യ ക്തമായിരുന്നെങ്കിലും ആദ്യ സമയത്ത് സ്ഫുടമായി സംസാരിച്ചിരുന്നു. മദ്റസയിൽ വരുമ്പോൾ ഇടയ്ക്ക് സംസാരിക്കാൻ പറഞ്ഞാൽ ഉടനെ സംസാരിക്കുകയും അതിൽ ഉപരിസൂചിത വാചകം ആവർത്തിക്കുകയും നാട്ടുകാരോടും സഹോദരങ്ങളോടും വിദ്യാർത്ഥികളോട് പോലും സഹായ-സഹകരണങ്ങൾ ചെയ്യണമെന്ന് പറയുകയും ചെയ്യുമായിരുന്നു. മദ്റസയുടെ ആവശ്യത്തിന് നീണ്ട യാത്രകൾ ചെയ്യാൻ പോലും ഒരു മടിയു മില്ലായിരുന്നു. ആലുവയിലേക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം വന്നിട്ടുണ്ട്. യാത്ര

കളിൽ ആളുകളെ കാണുമ്പോഴെല്ലാം ഡോക്ടർ തന്നെ മദ്റസയുടെ കാര്യങ്ങൾ പറയുമായിരുന്നു. മദ്റസയുടെ ആവശ്യങ്ങൾക്ക് അതി രഹസ്യമായി സഹായിച്ചിരുന്നു. കൂടാതെ ഉസ്താദുമാർക്ക് പ്രത്യേക സഹായങ്ങൾ ചെയ്യുകയും വിദ്യാർത്ഥികൾക്ക് സൗജന്യ ചികിത്സ നൽകുകയും ചെയ്തിരുന്നു.

പരദൂഷണം, ഏഷണി, അപരാധം ഇവയോട് വലിയ വെറുപ്പായിരുന്നു. എല്ലാവരോടും വളരെ സ്നേഹത്തിലും സമത്വത്തിലും വർത്തിച്ചിരുന്നു. എന്നാൽ സത്യം തുറന്നടിക്കാൻ ഒരു മടിയുമില്ലായിരുന്നു. ഒരിക്കൽ ജനങ്ങൾക്കിടയിലൂടെ ആശുപത്രിയിൽ കയറിച്ചെന്നപ്പോൾ ഉസ്താദ് ചികിത്സയ്ക്ക് വീട്ടിലേക്ക് ഏത് സമയത്തും വന്നുകൊള്ളുക, എന്നാൽ ആശുപത്രിയിൽ വരികയാണെങ്കിൽ ക്യൂ നിർബന്ധമായും പാലിക്കേണ്ടതാണ് എന്ന് പറഞ്ഞു. അറഫാത്തിൽ വെച്ച് നമസ്കാരങ്ങൾ ജംഅ് ആക്കണമോ വേണ്ടയോ എന്ന് ഭിന്നതയുണ്ടായി. അടുത്ത തമ്പുകളിൽ ഈ ഭിന്നത നടക്കുന്നത് കണ്ട് വിനീതൻ ആകെ ആശയക്കുഴപ്പത്തിലായി. ഡോക്ടർ എഴുന്നേറ്റ് നിന്ന് ശബ്ദത്തിൽ പറഞ്ഞു: ഞങ്ങൾ ഉസ്താദിനെ അമീറായിട്ടാണ് കാണുന്നത്. ഉസ്താദ് പറയുക, ഞങ്ങൾ അനുസരിക്കാം. ആരും മിണ്ടുകയില്ല.! അൽഹംദുലില്ലാഹ്.. അങ്ങനെ തന്നെ നടന്നു. അന്ന് അമേരിക്കയുടെ ഭാഗത്ത് നിന്നും അഫ്ഗാനിൽ വലിയ അക്രമങ്ങൾ നടക്കുകയായിരുന്നു. വിനീതൻ അമേരിക്കയെ നശിപ്പിക്കണമേ എന്ന് ദുആ ചെയ്തപ്പോൾ ഉടനടി ഡോക്ടർ, അക്രമികളെ നശിപ്പിക്കുക എന്ന് ദുആ ചെയ്താൽ മതിയെന്ന് ചെവിയിൽ പറഞ്ഞു. ഒരിക്കൽ മദ്റസയുടെ വിഷയത്തിൽ ചെറിയ വീഴ്ചയുണ്ടായപ്പോൾ അല്ലാഹുവിന്റെ അടിമ പറഞ്ഞു: നോക്കാൻ വയ്യെങ്കിൽ മാറിത്തരുക. പടച്ചവന്റെ സ്ഥാപനം നോക്കാൻ പടച്ചവന് നന്നായിട്ടറിയാം.

ജനങ്ങളോട് ഉപദേശങ്ങളും പ്രസംഗങ്ങളും കുറവായിരുന്നെങ്കിലും ഡോക്ടറുടെ ജീവിതവും ചലനവും കണ്ട് കുടുംബത്തിലും പരിസരത്തും വലിയ മാറ്റമുണ്ടായി. മക്കളോടും ചെറുമക്കളോടും മരുമക്കളോടും വളരെ സ്നേഹമായിരുന്നു. ആ സ്നേഹം കാരണം അവരെല്ലാവരും ദീനുമായി കൂടുതൽ അടുത്തു. അല്ലാഹു വർദ്ധിപ്പിക്കുമാറാകട്ടെ.!


ബുദ്ധിമുട്ടുകളും പ്രയാസങ്ങളും റഹ്മാനായ റബ്ബിനോട് പറയുമെങ്കിലും മറ്റുള്ളവരോട് പറയാതെ ക്ഷമിച്ച് സഹിച്ച് കഴിഞ്ഞിരുന്നു. രണ്ടാമത്തെ മരുമകൻ ഡോക്ടർ നജീബ് മർഹൂമിന്റെ വിയോഗം വലിയ ആഘാതമായിരുന്നു. ഉസ്താദിന്റെ നിർദ്ദേശ പ്രകാരം വിനീതനും ഡോക്ടറോടൊപ്പം അവരുടെ കുടുംബ വീടിന് അടുത്തുള്ള മസ്ജിദിലേക്ക് പോയി. ഡോക്ടർ രാവും പകലും രഹസ്യമായി കണ്ണീർ വാർക്കുകയും ദുആ ചെയ്യുകയും എന്നാൽ ഞങ്ങളോട് ഇതര വിഷയങ്ങൾ പറയുകയും ചെയ്തിരുന്നു. രാത്രിയായപ്പോൾ എന്നെ നിർബന്ധിച്ച് വീട്ടിലേക്ക് അയച്ചു.

വൃത്തിയിലും വെടിപ്പിലും വലിയ ശ്രദ്ധയായിരുന്നു.പ്രായാധിക്യ

ബാക്കി 84.85

# സ്നേഹത്തണൽ മാഞ്ഞുപോയ്...

ഡോ. ബദർ അഹ്മദ്, ഡോ. ഹുസൈൻ ഖാൻ



മർഹൂം ഡോക്ടറെ ഭാര്യ, മക്കൾ, മരുമകൾ, ചെറുമക്കൾ എന്നിവർ അനുസ്മരിക്കുന്നു.

സമ്പാ: അബൂസഈദ് അൽ ഹാദി

**ജനനം, പഠനം**

ആലപ്പി ഹൗസിൽ റാബിയ ബീവിയുടെയും അബ്ദു കുഞ്ഞിന്റെയും മകനായി 1946 ഏപ്രിൽ 30 നാണ് ജനനം. പത്താം ക്ലാസ് വരെ പ്രയാറിലും ശേഷം ചങ്ങനാശ്ശേരി ബിർച്മാൻസ് കോളേജിൽ ഒരു വർഷവും പഠിച്ചു. 1964 മുതൽ 70 വരെ കോട്ടയം മെഡിക്കൽ കോളേജിലായിരുന്നു എം.ബി.ബി.എസ് പഠനം.

പഠനത്തിൽ വളരെയധികം മുന്നിലായിരുന്നു. ഒരിക്കൽ ഒരു സ്കോളർഷിപ്പിനെ കുറിച്ച് അന്വേഷിക്കാൻ പോയപ്പോൾ പരീക്ഷ നടന്ന് കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ഉടനെ തന്നെ എഴുതി ഒന്നാം സ്ഥാനം കരസ്ഥമാക്കി.! കണക്കിന് വളരെ മിടുക്കനായതിനാൽ എഞ്ചിനീയറിംഗിന് പോകാമെന്നാണ് വിചാരിച്ചിരുന്നത്. ഉമ്മക്കും ബാപ്പക്കും ഫോം വാങ്ങിക്കാൻ പരിചയമില്ലാത്തതിനാൽ ഭഗീരഥി സാറാണ് ഫോം വാങ്ങിച്ച് കൊണ്ടുവന്നത്. എഞ്ചിനീയറിംഗിന്റെയും മെഡിസിന്റെയും ഫോം കിട്ടിയിരുന്നു. വാപ്പയ്ക്ക് താൽപര്യം എഞ്ചിനീയറിങ്ങും ഉമ്മയ്ക്ക് താൽപര്യം മെഡിസിനുമായതിനാൽ നറുക്കിട്ടു. മെഡിസിനാണ് നറുക്ക് വീണത്.! അങ്ങനെ അതിലേക്ക് തിരിഞ്ഞു. 1970 സെപ്റ്റംബർ 6 നായിരുന്നു വിവാഹം.

**ഭാര്യ എഴുതുന്നു:**

മാതാപിതാക്കൾക്ക് അനുസരണയും കരുണയുമുള്ള മകൻ മരുമകൻ, സഹോദരങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്ന സഹോദരൻ, സ്നേഹനിധിയും അങ്ങേയറ്റം വാത്സല്യവും കരുതലുമുള്ള ഭർത്താവും വാപ്പായും കൊച്ചാപ്പായും. കുടുംബത്തിൽ എല്ലാവർക്കും ദീനിയ്യായ വിഷയത്തിലായാലും ദുൻയവിയായ കാര്യത്തിലായാലും കൂർമ്മബുദ്ധിയുള്ള വഴികാട്ടിയായിരുന്നു, പ്രചോദനമായിരുന്നു.

ഒരു ഭാര്യയെന്ന നിലയ്ക്ക് ഞാൻ അദ്ദേഹത്തിൽ സംതൃപ്ത നാണ്. എനിക്ക് എവിടെ പോയാലും നല്ല പരിഗണന നൽകിയിരുന്നു. ഹജ്ജിനും ഉംറയ്ക്കുമെല്ലാം കൂടെ കൂട്ടിയിരുന്നു. കൂടെ പഠിച്ച വിദ്യാർ ഥികളുടെ യോഗങ്ങൾ കൂടുമ്പോഴും എന്നെ സന്തോഷത്തോടെ കൊണ്ടു പോകുമായിരുന്നു ആശുപത്രിയിലെ വരുമാനം മുഴുവനും എന്നെയാണ് എൽപ്പിച്ചിരുന്നത്. 'കാശ് വാരി ഓഫീസർ' എന്നാണ് തമാശക്ക് എന്നെ വിളിച്ചിരുന്നത്. ഒരു കണക്കും ബോധിപ്പിക്കാൻ ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്തിട്ടില്ല. എന്റെ ബന്ധുക്കളു ടെ വീട്ടിൽ എത്ര സാധനങ്ങൾ വാങ്ങിക്കൊണ്ടുപോയാലും സന്തോഷ മേ ഉണ്ടായിരുന്നുള്ളൂ. ഇടയ്ക്ക് ഞാൻ പൊരുത്തം ചോദിക്കുമ്പോൾ എനിക്ക് എല്ലാം പൊരുത്തമാണ് എന്ന് പറഞ്ഞിരുന്നു. ഹജ്ജിനും ഉംറയ്ക്കുമെല്ലാം എന്നെക്കൂടെ കൊണ്ട്പോകണേ എന്ന് പറയുമ്പോൾ തമാശരൂപേണ 'എണ്ണക്കുടം ഒരുങ്ങുന്നുണ്ട്' എന്ന് പറഞ്ഞിരുന്നു. ഡോ കൂറുടെ കൂടെ നടക്കുമ്പോൾ ഞാൻ ഡോക്ടറല്ലല്ലോ എന്ന കുറച്ചിൽ മനോഭാവം എനിക്ക് തോന്നിയിട്ടില്ല, അത്രയും സ്ഥാനം എനിക്കദ്ദേ ഹം നൽകിയിരുന്നു.

അവസാനത്തെ 2 മാസം മുഴുവനും ഞാൻ കൂടെ ഉണ്ടായിരു ന്നെങ്കിലും സ്വന്തം കാര്യങ്ങൾ സ്വന്തമായിത്തന്നെ ചെയ്യാൻ ശ്രമിച്ചു. വളരെ വിരളമായ സന്ദർഭങ്ങളിൽ തീരെ വയ്യാതായപ്പോൾ മാത്രം സഹായിച്ചിരുന്നു. കൂടുതൽ കാലം അദ്ദേഹത്തെ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന വിഷമത്തിലാണ് ഞാൻ..!

ആരെയും ബുദ്ധിമുട്ടിക്കാൻ ഇഷ്ടമില്ലാതിരുന്ന ഡോക്ടർ അങ്ങനെ തന്നെ യാത്രയായി. അവസാനം വരെയും സ്വന്തമായി തന്നെ ബാത്റൂമിൽ പോയി വുളൂ ചെയ്ത് വന്നിരുന്നു. വുളൂഓടു കൂടി മരണവും സംഭവിച്ചു. അൻപതാം വിവാഹ വർഷത്തിലാണ് വേർപാട് സംഭവിച്ചത്.

ഹോസ്പിറ്റലിൽ ജീവനക്കാരോട് ജോലിയുടെ വിഷയത്തിൽ കർശന നിലപാട് പുലർത്തിയിരുന്നു. പക്ഷെ, അവരുടെ ആവശ്യങ്ങ ളിൽ സഹായിച്ചിരുന്നു. 30 അല്ലങ്കിൽ 31 എന്നൊരു തീയതിയുണ്ടെ ങ്കിൽ അന്ന് അവരുടെ ശമ്പളം കൊടുത്തിരിക്കും. ഒരു സ്റ്റാഫിനെ ആരോ ചീത്ത പറഞ്ഞപ്പോൾ, എന്റെ സ്റ്റാഫിനെ അങ്ങനെ പറയാൻ പറ്റില്ല എന്ന് പറഞ്ഞു. ഏകദേശം 40 വർഷം പഴക്കമുള്ള ജീവനക്കാർ ഇപ്പോഴുമുണ്ട്. എല്ലാ ജീവനക്കാർക്കും ഡോക്ടറെ കുറിച്ച് ഹൃദയത്തിൽ സ്നേഹവും ഭയവും നിറഞ്ഞ ബഹുമാനമായിരുന്നു.

മൃഗങ്ങളോടും സസ്യങ്ങളോടും സ്നേഹമായിരുന്ന അദ്ദേഹം എത്ര തിരക്കാണെങ്കിലും കുറഞ്ഞ സമയം അതിനായി മാറ്റിവെക്കുമായിരുന്നു. പൂച്ചയെ വളർത്തിയിരുന്നു, കുറെ പക്ഷികളെ

യും. ദീനിനോടടുത്തപ്പോൾ അത് ദോഷമായതിനാൽ തുറന്ന് വിട്ടു..!

പടച്ചവന്റെ ഔദാര്യം കൊണ്ട് കിട്ടിയ കഴിവെല്ലാം വളരെ നല്ല നിലയിൽ ഉപയോഗിച്ചു. പഠിക്കുന്ന സമയത്ത് കപ്പലണ്ടി പൊതിയുന്ന പേപ്പർ നോക്കി വായിച്ചിരുന്ന അവസ്ഥയിൽ നിന്ന് ഇത്രയും എത്തിയത് ഡോക്ടറിന്റെ പരിശ്രമത്തിലൂടെയായിരുന്നു. മരിക്കുന്നതിന് മുമ്പും തികഞ്ഞ യഖീനോടെ എനിക്ക് മരിക്കാൻ പേടിയില്ല എന്ന് പറഞ്ഞിരുന്നു. ദീനീ പരിശ്രമം മുറുകെ പിടിച്ച ആളായിരുന്നു. തബ്ലീഗ് ജമാഅത്തുകളിൽ നിറസാന്നിധ്യമായിരുന്നു. പലിശയോ അത് പോലുള്ള ഹറാമുകളോ ഉപയോഗിച്ചിട്ടില്ല. ഭാര്യക്കും മക്കൾക്കും മരുമക്കൾക്കും കൊച്ചുമക്കൾക്കും ആശ്രിതർക്കും ഒരു സ്നേഹത്തണലായിരുന്നു.

റബ്ബിന്റെ ഔദാര്യത്താൽ ലഭിച്ച ചികിത്സാനൈപുണ്യം സമൂഹത്തിലെ എല്ലാ വിഭാഗത്തിലും എത്തിക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി ലഭിച്ച രോഗികളുടെ സ്നേഹം, റബ്ബിന്റെ കൃപയാൽ അഹോരാത്രം പരിശ്രമിച്ച് പണിതുയർത്തിയ ആശുപത്രിയും ഇതര സ്ഥാപനങ്ങളും പള്ളികളും, ഇരുചെവിയറിയാതെ ചെയ്തിരുന്ന കാരുണ്യ പ്രവർത്തനങ്ങളും, ഇട്ട് പഴകിയ നാലഞ്ച് വസ്ത്രങ്ങളും, കണ്ണാടിയും, ഷൂസും, മാരുതിയുടെ ഒരു കാറും, ദീനിയായ മക്കളെയും ബാക്കിയാക്കി ആ സ്നേഹത്തണൽ മാഞ്ഞു..! എവിടെപ്പോയാലും എല്ലാവർക്കും ഉമ്മ തന്ന് സലാം പറഞ്ഞ് സന്തോഷത്തോടെ യാത്രയായിരുന്ന ആൾ റബ്ബിന്റെ സന്നിധിയിലക്ക് പുഞ്ചിരിയോടെ യാത്രയായി...!

അല്ലാഹു ചെയ്ത എല്ലാ നൻമക്കും പൂർണ പ്രതിഫലം നൽകുകയും മഗ്ഫിറത്ത് മർഹമത്ത് നൽകുകയും നാളെ എല്ലാവരെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടി അനുഗ്രഹിക്കുകയും ചെയ്യട്ടെ. ആമീൻ....!

**മക്കൾ എഴുതുന്നു:**

ഞങ്ങൾക്ക് ഓർമയുള്ള കാലം മുതൽക്കെ പുലർച്ചെ മുതൽ രാത്രി ഏറെ വൈകിയും തിരക്കോട് തിരക്കിലും ഞങ്ങളുടെ കൂടെയിരുന്ന് ചെറിയ ചെറിയ കാര്യങ്ങൾ വരെ ശ്രദ്ധയോടെ കേൾക്കുന്ന, വിഷമിക്കുമ്പോൾ അണച്ചു പിടിക്കുന്ന, ചലനത്തിൽ സഹായിക്കുന്ന, സംശയങ്ങൾക്ക് ഉത്തരം നൽകുന്ന, കഥകൾ പറഞ്ഞു തരുന്ന, കൂടെയിരുന്ന് ആഹാരം വാരിത്തരുന്ന, സമയം അനുവദിക്കുമെങ്കിൽ കൂടെ കളിക്കുന്ന സ്നേഹനിധിയായിരുന്നു വാപ്പ. 24 മണിക്കൂറിൽ എത്രയേറെ കാര്യങ്ങൾ ചെയ്താലും ഒരിക്കലും എനിക്ക് സമയമില്ല, പിന്നെയാകട്ടെ എന്ന് കേട്ടത് ഓർമയില്ല. സ്നേഹപ്രകടനങ്ങൾ കുറവായിരുന്നെങ്കിലും മുൻകോപി യായിരുന്നെങ്കിലും

കുടുംബത്തിന്റെ ആഗ്രഹങ്ങൾക്ക് എപ്പോഴും മുൻതൂക്കം നൽകിയിരുന്നു. സ്വന്തം നഫ്സിനെ ഇത്രത്തോളം നിയന്ത്രിച്ചത് എങ്ങനെയെന്ന് അത്ഭുതം തോന്നും.! ആദ്യകാലങ്ങളിൽ ദീനിയായ അവസ്ഥ പുറകിലായിരുന്ന സമയത്ത് പോലും 24 മണിക്കൂറിൽ ചെയ്തു തീർത്തിരുന്ന ജോലി അത്ഭുതമുളവാക്കിയിരുന്നു.

ഒറ്റമുറിയിൽ തുടങ്ങിയ ആശുപത്രിയെ ഇന്ന് കാണുന്ന സമുച്ചയമാക്കാൻ വാപ്പ നൽകിയത് ഒരു പുരുഷായുസ്സാണ്. എന്നാൽ അതിൽ നിന്ന് കിട്ടിയ സമ്പാദ്യം വാപ്പ ആ സ്ഥാപനത്തിന്റെ വളർച്ചക്കും ഞങ്ങളുടെ വിദ്യാഭ്യാസത്തിനുമുപരി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റ് ദീനീ കാര്യങ്ങൾക്കും ധാരാളം ചിലവഴിച്ചു. കുടുംബത്തിലൊരു വലിയ പരീക്ഷണം അല്ലാഹു തന്ന് എല്ലാവരും തളർന്നപ്പോൾ മുഴുവൻ ഉത്തരവാദിത്വവും റബ്ബിന്റെ അനുഗ്രഹത്താൽ ഏറ്റെടുത്ത വാപ്പ എന്നും ഒരു തണൽ വൃക്ഷമായിരുന്നു.

പൂർണമായ ദീനീ ജീവിതം തുടങ്ങുന്നതിന് മുമ്പും ആവശ്യങ്ങൾ വളരെ പരിമിതമായിരുന്നു. കാറാണെങ്കിൽ മാരുതി 800 എന്ന ഒരു വികാരം. വാപ്പയ്ക്ക് ദീനിയായ മാറ്റം തുടങ്ങിയ സമയത്തും ഞങ്ങളുടെ ദീനീഅവസ്ഥ പരിതാപകരമായിരുന്നു. വാപ്പ ഞങ്ങൾക്ക് പറഞ്ഞു തരുന്നതിലുപരി ജീവിച്ച് കാണിക്കുകയായിരുന്നു.

എത്ര വൈകി കിടന്നാലും പുലർച്ചെ 2:30 ന് എഴുന്നേറ്റ്, (ആരോഗ്യം ക്ഷയിച്ച സമയത്ത് പോലും) കുളിച്ച് ഉഷാറായി ഇബാദത്തിൽ കഴിയും.

ഞങ്ങൾക്ക് ഒരു പോലെ വിദ്യാഭ്യാസം നൽകി. സ്വന്തം ജോലി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകി. ദീനിയായ അവസ്ഥ നന്നാക്കാനുള്ള മാർഗദർശിയായി. ഞങ്ങളോട് ഒരു വേർതിരിവും കാണിച്ചിട്ടില്ല. ജ്യേഷ്ഠന്റെ മക്കൾക്ക് കൊച്ചാപ്പ എന്നതിനെക്കാൾ വാപ്പ എന്ന നിലയിലുള്ള തണലായിരുന്നു ലഭിച്ചിരുന്നത്. അല്ലാഹു നൽകിയ ആയുസ്സ് വാപ്പ നൂറു ശതമാനം ദീനിന് നൽകി. പരിശ്രമത്തിലൂടെ ദീൻ സ്വന്തമാക്കി. ദീനിന്റെ പരിശ്രമം ജീവിതചര്യയാക്കി.

വാപ്പയെക്കൊണ്ട് എല്ലാവർക്കും സഹായം കിട്ടണം, അല്ലാഹുവിന്റെതല്ലാത്ത ആരുടെയും സഹായം വാപ്പയ്ക്ക് ഇഷ്ടമല്ല. ഇതായിരുന്നു രീതി. കാര്യങ്ങൾ തീരുമാനിക്കുകയും അതിലുറച്ച് നിൽക്കുകയും അവസാനം വരെ അതിനായി പരിശ്രമിക്കുകയും ചെയ്തിരുന്നു. വളരെ ദീർഘ വീക്ഷണമുള്ള ആളായിരുന്നു. പണത്തിന് ഒരു വിലയും നൽകിയിരുന്നില്ല. വളരെ ലളിത ജീവിതം നയിച്ചിരുന്ന വാപ്പ എല്ലാ വിഷമങ്ങളും ഉള്ളിലൊതുക്കിയിരുന്നു, ആരോടും ഒന്നും പറഞ്ഞിരുന്നില്ല. എത്ര വലിയ പ്രശ്നം ഉണ്ടായാലും 'വരട്ടെ, വരുന്നിടത്ത് വെച്ച് കാണാം' എന്ന് പറയുമായിരുന്നു. ഉറക്കം, ഭക്ഷണം, വിശ്രമം

ഒന്നിനും അമിത പ്രധാന്യം നൽകിയിരുന്നില്ല. എത്ര ക്ഷീണിതനായാലും പിന്നെയും ആരെങ്കിലുമായി സംസാരിച്ച് കൊണ്ടിരിക്കും, അവർ പിരിയാതെ വാപ്പ പിരിയില്ല.

വാപ്പായുടെ വാപ്പ, ഉമ്മ, ഉമ്മാടെ ഉമ്മ, വാപ്പ, മൂത്താപ്പ എന്നിവർക്കായി ഹജ്ജ് ചെയ്യുകയും ചെയ്യിക്കുകയും ചെയ്തു. വാപ്പ 8 ഹജ്ജ് ചെയ്തിരുന്നു.

ഇത്രയും മക്കളെ സ്നേഹിച്ച വാപ്പ വേറെ കാണില്ലായിരിക്കും..! പുറത്ത് കാണിക്കുന്നതിലും സനേഹം അകത്തായിരുന്നു. ഓർമ്മകൾക്ക് മരണമില്ലാത്ത കാലം വരെ അങ്ങയെ എപ്പോഴും ഓർക്കും..!

**മരുമകൾ എഴുതുന്നു:**

ഒരു സമ്പൂർണ്ണ വ്യക്തിത്വമെന്നോ ഇതിഹാസമെന്നോ, എന്താണ് വാപ്പിച്ചായെ വിളിക്കേണ്ടതെന്ന് അറിയില്ല.
ഞങ്ങളുടെ കണ്ണിന്റെ കുളിർമ്മയായിരുന്നു വാപ്പിച്ച. ഞങ്ങളുടെ ആശ്വാസ നിധിയായിരുന്നു.

എനിക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം നൽകി. അതുകൊണ്ട് തന്നെ സ്വന്തം വീട്ടിൽ നിൽക്കുന്നതിലും ഇഷ്ടം ഭർത്താവിന്റെ വീട്ടിൽ നിൽക്കാനായിരുന്നു. വാപ്പിച്ചായുടെ ആഗ്രഹത്തിൻമേൽ എന്നെ ഉപരിപഠനത്തിന് ദൂരസ്ഥലത്തേക്ക് വിട്ടു. പഠന സ്ഥലത്തേക്ക് മക്കളെ കൊണ്ട് പോയാൽ പഠനം നല്ല രീതിയിൽ നടക്കില്ലെന്ന് പറഞ്ഞ് പിഞ്ചു മക്കളെ നോക്കാമെന്നേറ്റു.

ഒരു കാര്യത്തിനും എന്നെ ശാസിച്ചിട്ടില്ല. എപ്പോഴും തമാശകൾ പറഞ്ഞ് ചിരിച്ചു കളിക്കുന്ന ഒരു വാപ്പിച്ച, ഇതാണ് എന്റെ മനസ്സിൽ വാപ്പിച്ചായെ കുറിച്ചുള്ള ഓർമ്മ. എന്റെ വീട്ടുകാർ വന്ന് നിൽക്കുന്നത് അവരുടെ സ്വന്തം വീട്ടിൽ നിൽക്കുന്നതിനേക്കാൾ സമാധാനത്തോടും സന്തോഷത്തോടും കൂടിയാണ്. എല്ലാവരും നന്നാകണം, എല്ലാവരും ഉയരണം എന്നത് മാത്രമായിരുന്നു വാപ്പിച്ചായുടെ ചിന്ത.

കിഡ്നിയുടെ അസുഖം വർഷങ്ങളായി വാപ്പിച്ചായെ അലട്ടിയിരുന്നു. എല്ലാ വേദനകളും കടിച്ചമർത്തി. ഒരിക്കലും എനിക്ക് വയ്യ എന്ന് പറയുന്നത് ആരും കേട്ടിട്ടില്ല.

മുഅ്മിനിന്റെ മഹത്വം തഹജ്ജുദ് നമസ്കാരത്തിലും മുഅ്മിനിന്റെ ഇസ്സത്ത് അന്യാശ്രയമില്ലാത്ത ജീവിതത്തിലുമാണെന്ന ഹദീസിനെ അക്ഷരംപ്രതി ശരിവെക്കുന്നതായിരുന്നു വാപ്പിച്ചായുടെ ജീവിതം. എത്ര വയ്യെങ്കിലും ആരെയും ആശ്രയിക്കുന്നത് ഇഷ്ടമായിരുന്നില്ല. നബി (സ) തങ്ങളുടെ സുന്നത്തുകളെ മുറുകെ പിടിച്ചു. സ്വന്തം ശരീരത്തിന് ഒരു പരിഗണനയും കൊടുത്തില്ല.

രണ്ട് കാലടികൾ വെച്ചാൽ മനുഷ്യൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അതിൽ ഒരു കാലടി മനുഷ്യന്റെ നാഫ്സാനിയ്യത്തിൻ മേൽ ആണെങ്കിൽ അടുത്ത കാലടി സ്വർഗ്ഗത്തിലായിരിക്കും. ഇതിന് വാപ്പച്ചിയെക്കാൾ ഒരുത്തമ ഉദാഹരണം എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. എത്ര വയ്യെങ്കിലും ജമാഅത് നമസ്കാരമോ, (ഫർള് ,സുന്നത്ത് ) നോമ്പോ , ഖുർആൻ പാരായണമോ, രോഗികളെ നോക്കാൻ പോകുന്നതോ കഴിവതും മുടക്കാറില്ലായിരുന്നു. മരിക്കുന്നതിന് മൂന്നാഴ്ച്ച മുമ്പ് തീർന്ന റമദാൻ നോമ്പ് മുപ്പതും പിടിച്ചു.

അതിൽ മിക്ക ദിവസവും ഇടയത്താഴത്തിന് ശേഷം ഛർദിച്ച് അവശനായ നിലയിലും നോമ്പ് ഉപേക്ഷിച്ചില്ല. തറാവീഹ് ഇരുപത് റകഅത് എല്ലാ ദിവസവും നിസ്കരിച്ചു.

എല്ലാ കാര്യത്തിലും വാപ്പച്ചിയുടെ തീരുമാനത്തിൽ ഖൈർ ഉണ്ടായിരുന്നു. ഏതിലും അവസാന വാക്കായിരുന്നു വാപ്പിച്ച. ഞങ്ങളുടെ വീട്ടിലെ വിളക്കാണ് അണഞ്ഞത്. പക്ഷെ ഞങ്ങളുടെ എല്ലാവരുടെയും ഹൃദയങ്ങളിൽ ഒരു കെടാവിളക്കായി എന്നെന്നും വാപ്പിച്ച ജ്വലിച്ചു നിൽക്കും.!

**കൊച്ചുമക്കൾ എഴുതുന്നു:**

ഞങ്ങളോട് അതിരറ്റ സ്നേഹവും വാൽസല്യവുമായിരുന്നു. കർക്കശക്കാരനായിരുന്നെങ്കിലും അങ്ങേയറ്റം തമാശക്കാരനുമായിരുന്നു. ഞങ്ങളുടെ കൂടെ ധാരാളം സമയം ചിലവഴിക്കുമായിരുന്നു. പഠന കാര്യങ്ങളിലും ദീനീ കാര്യങ്ങളിലും ആരോഗ്യ കാര്യങ്ങളിലും അങ്ങേയറ്റം ശ്രദ്ധ പുലർത്തിയിരുന്നു. വാപ്പാപ്പ എല്ലാ സംശയങ്ങളും വളരെ നല്ല രീതിയിൽ വിശദീകരിച്ച് മനസിലാക്കിത്തന്നിരുന്നു.

വളരെ ലളിത ജീവിതം നയിച്ചിരുന്നു. ഒരിക്കൽ ബനിയൻ കീറിയത് കണ്ട് ഞാൻ ചോദിച്ചപ്പോൾ കാറ്റ് കയറാനാണെന്ന് തമാശ രൂപേണ പറഞ്ഞു. കീറിയ ഷൂസ് തുന്നി വീണ്ടും അത് ധരിക്കുമായിരുന്നു. അങ്ങനെ എത്രയെത്ര അനുഭവങ്ങൾ..!

വീട്ടിലെ മൊസൈക് മാറ്റി ടൈൽസ് ഇടാൻ പോലും താൽപര്യമില്ലായിരുന്നു. ആഡംബര ജീവിതം അങ്ങേയറ്റം എതിർത്തിരുന്നു. ദീനിയായും ദുനിയവിയായും ഉയർന്ന നിലയിലായിരുന്നു. ഞങ്ങൾക്ക് ഒരു കൂട്ടുകാരനായിരുന്നു. ഞങ്ങളെ ഇത്രയധികം പ്രചോദിപ്പിച്ച മറ്റൊരു വ്യക്തിയെ ഞങ്ങൾ കണ്ടിട്ടില്ല. സ്വപ്നകഥ പോലെ ആരും കൊതിക്കുന്ന അസൂയാർഹമായ ജീവിതം..!

ആ പേര് കേട്ടാൽ തന്നെ അഭിമാനം തോന്നും, എന്നും എപ്പോഴും. ഞങ്ങൾക്ക് നഷ്ടമായത് ഒരു വാപ്പാപ്പയെ മാത്രമല്ല, ഒരു വാപ്പ കൂടിയായിരുന്ന ആളെയാണ്.

ഒരിക്കലും ആഹാരത്തെ കുറ്റം പറഞ്ഞിരുന്നില്ല. എല്ലാ സാധനങ്ങളും കഴിക്കുമായിരുന്നു. എനിക്കിത് ഇഷ്ടമല്ല എന്ന് പറയുമായിരുന്നില്ല. എത്ര ഭക്ഷണമുണ്ടെങ്കിലും കുറഞ്ഞ അളവിലെ കഴിച്ചിരുന്നുള്ളൂ. അതിഥിക്കും തനിക്കും ഒരേ സാധനം ഒരേ അളവിൽ വിളമ്പണം എന്ന് നിർബന്ധമായിരുന്നു. എത്ര വയ്യെങ്കിലും താഴെ ഇരുന്നല്ലാതെ ആഹാരം കഴിച്ചിരുന്നില്ല, പരു ഉണ്ടായിരുന്നപ്പോൾ പോലും. അത്രമാത്രം സുന്നത്തിനെ മുറുകെ പിടിച്ചിരുന്ന മഹനീയ വ്യക്തിത്വമായിരുന്നു. ആരുടെയും കുറ്റം പറയുന്നത് കേൾക്കാൻ ഇഷ്ടമായിരുന്നില്ല. കാണപ്പെട്ടാൽ എതിർത്തിരുന്നു.

മാതാപിതാക്കൾക്കൊപ്പം താമസിക്കാൻ വളരെയധികം ഇഷ്ടമായിരുന്നു. വാപ്പാപ്പയുടെ വാപ്പ വാപ്പാപ്പയെ ഒരിക്കൽ പോലും അടിച്ചിട്ടില്ല. തന്റെ വീട്ടിൽ അവരെ താമസിപ്പിക്കുകയും അവർക്ക് ഇഷ്ടമുള്ള മുറി കൊടുക്കുകയും ചെയ്തു. അവരോട് പിണങ്ങിയിരുന്നിട്ടേയില്ല.

ദീനിയായ സംഭവങ്ങൾ പറയുമ്പോഴും കേൾക്കുമ്പോഴും കരഞ്ഞിരുന്നു. വാപ്പാപ്പയുടെ മരണശേഷം ഊഞ്ഞാൽ ആട്ടുന്നതായും ചെറിയ കുട്ടികളുമായി കളിക്കുന്നതായും സ്വപ്നം കണ്ടു. ഖമീസും തൊപ്പിയും ധരിച്ച് നിൽക്കുന്നതായി സ്വപ്നത്തിൽ പലതവണ കണ്ടു.

ഞങ്ങളുടെ കൂടെ റിസോർട്ടിലോ പാർക്കിലോ മാളുകളിലോ ഉല്ലസിക്കാൻ വന്നിരുന്നില്ല. ദുനിയാവിന്റെ അമിത സുഖങ്ങൾ ഇഷ്ടപ്പെട്ടില്ല. കറങ്ങി നടക്കാൻ ഇഷ്ടമായിരുന്നില്ല. യാത്ര പോകുന്നത് വളരെ ഇഷ്ടമായിരുന്നെങ്കിലും പോയിരുന്നില്ല. എല്ലാ വർഷവും 40 ദിവസം ജമാഅത്ത് മുടങ്ങാതെ പോയിരുന്നു. ഒരിക്കലും സമയം പാഴാക്കിയിരുന്നില്ല.. ഒ.പിയിൽ വെറുതെ ഇരിക്കുമ്പോൾ ഖുർആൻ ഷരീഫ് പാരായണം ചെയ്തിരുന്നു. ആഗ്രഹിച്ച പോലെ തന്നെ അവസാനം വരെയും ഓർമ ശക്തിയുണ്ടായിരുന്നു.

തന്റെ അസുഖം മരിക്കുന്നതിന് മുമ്പ് സ്വയം മനസിലാക്കി നേഴ്സിന് പറഞ്ഞു കൊടുത്തു. പറഞ്ഞത് ശരിയായിരുന്നു. അങ്ങനെ അല്ലാഹുവിലേക്ക് യാത്രയായി. മാണിക്യമുത്തേ... മണിരത്നമേ... അങ്ങയെ കുറിച്ചോർക്കുമ്പോൾ അഭിമാനത്താലുള്ള കരച്ചിൽ വരുന്നു..!

വാപ്പാപ്പ മൊബൈൽ ഒട്ടും ഉപയോഗിച്ചിരുന്നില്ല. എപ്പോഴും കൊച്ചുമക്കളെ ഉപദേശിക്കുകയും ചെയ്തിരുന്നു.
നെറ്റ് ചാർജ് ചെയ്തിട്ടേയില്ല. പലപ്പോഴും പറയും: ഞാൻ മൊബൈൽ ഉപയോഗിക്കാൻ അത് പഠിച്ചാൽ മനസിലാകാഞ്ഞിട്ടല്ല, മന:പൂർവ്വം പഠിക്കാത്തതാണ്. കാരണം സമയം പാഴായി പോകും.

വാപ്പാപ്പക്ക് ദുനിയാവും ആഖിറവും വേണം. ആഖിറമില്ലാത്ത ദുനിയാവ് ഇഷ്ടമല്ലായിരുന്നു. ദുനിയാവിൽ സമ്പാദിച്ച സമ്പത്ത് ആഖിറത്തിനായി ചിലവാക്കി. ദീനിനായി ഉപയോഗിച്ചു.

ശരീരം മുഴുവനും വിറവിറാ വിറക്കുമ്പോഴും സുന്നത്ത് നമസ്കാരങ്ങളെ കൈ വെടിഞ്ഞിരുന്നില്ല. എത്ര വയ്യെങ്കിലും താൻ ബുദ്ധിമുട്ടുന്നത് മറ്റൊരാൾ കാണുന്നതോ അറിയുന്നതോ ഇഷ്ടപ്പെട്ടില്ല. ഒരാളോടും തനിക്ക് വയ്യ എന്ന് പറഞ്ഞിട്ടില്ല.. മരിക്കുന്നതിന് കുറച്ച് മുമ്പ് എനിക്ക് മരിക്കാൻ പേടിയില്ല, പക്ഷെ ചെയ്യാനുള്ളത് ( ചികിത്സിക്കാനുള്ളത് ) ചെയ്യുക എന്ന് പറഞ്ഞു. അവസാനം വാപ്പിയോട് സലാം മടക്കിയിരുന്നു. ഞങ്ങളോടെല്ലാം അവസാനം പറഞ്ഞത് സലാമാണ്. ഞങ്ങൾക്ക് ഏറ്റവും കൂടുതൽ നഷ്ടപ്പെടുന്നത് വാപ്പാപ്പയുടെ തഹജ്ജുദ് സമയത്തെ മണിക്കൂറുകൾ നീണ്ട ദുആയാണ്. ആ വെള്ളക്കുപ്പായത്തിൽ മുഴുവനും നരച്ച താടിയുമായി കൂനിപ്പിടിച്ച് നടക്കുന്നത് കാണാൻ തന്നെ ഒരു പ്രത്യേക രസമായിരുന്നു.

ഇനി ആ വരാന്തകൾ മൂകമാണ്..! ആ കളിചിരി തമാശകൾ എന്നെന്നേക്കുമായി ദുനിയാവിൽ നിന്ന് മാഞ്ഞിരിക്കുന്നു. ഇനി ആ ഹാളുകൾ വിജനമാണ്..! ഇനി വാപ്പാപ്പ എന്ന വിളിക്ക് ഉത്തരം നൽകാനാരുമില്ലല്ലോ..!

അല്ലാഹു സന്തോഷങ്ങളുടെ ശാശ്വത സ്വർഗ്ഗത്തിൽ എല്ലാവരെയും ഒരുമിച്ച് കുട്ടട്ടെ! ആമീൻ

**മരുമകളുടെ വാപ്പ ഹമീദ് ഹാജി മുളക്കുഴ എഴുതുന്നു:**

ഡോക്ടറുമായി 40 ദിവസ ജമാഅത്തിൽ പോകാൻ പലതവണ അവസരം ലഭിച്ചു. കണ്ണൂരിലേക്കായിരുന്നു ആദ്യ യാത്ര. ഡോക്ടറുമായി വളരെ അടുത്ത് ഇടപഴകാനും അവസരം ലഭിച്ചു. ദീനിന്റെ മാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ കഠിനാധ്വാനവും ദഅ്വത്തിന്റെ പാതയോടുള്ള പ്രത്യേകമായ പ്രതിപത്തിയും എന്നെ വളരെയധികം ആകർഷിച്ചു. തിങ്കൾ വ്യാഴം നോമ്പുകൾ ജമാഅത്തിലും ഉപേക്ഷിച്ചിരുന്നില്ല. പലപ്പോഴും സഹ്റും ഇഫ്താറും വളരെ നിർബന്ധിച്ചിട്ടാണ് അൽപ്പമെങ്കിലും കഴിച്ചിരുന്നത്.

അല്ലാഹുവിലും അവന്റെ ദൂതരിലും അടിയുറച്ച് വിശ്വസിച്ച്, തന്റെ ധനവും ശരീരവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അർപ്പണം ചെയ്ത് അല്ലാഹുവിന്റെ അദൃശ്യ സഹായത്തിന് അർഹനായിത്തീർന്ന സൗഭാഗ്യവാൻമാരിൽ ഒരാളായിട്ടാണ് എനിക്ക് അദ്ധേഹത്തെ കാണാൻ കഴിഞ്ഞത്. ദീനിന്റെ മാർഗ്ഗത്തിൽ അമലുകളുടെ കാര്യത്തിൽ ജമാഅത്തിലുടനീളം മുൻപന്തിയിലായിരുന്നു. ഞാൻ എന്റെ ചില ശാരീരിക അസ്വസ്ഥതകൾ അദ്ധേഹത്തോട് പറയുമ്പോൾ “ഒരു നാല് മാസം അങ്ങ് പുറപ്പെട്ടോളൂ, എല്ലാം മാറിക്കിട്ടും” എന്നാണ് പറയാറുള്ളത്.

ചില ദിവസങ്ങളിൽ ഞാനും ഡോക്ടറും ഖിദ്മത്തിൽ ഒരുമിച്ചു ണ്ടാകും. ഒരു ദിവസം ചോറുണ്ടാക്കി വെള്ളം വാർത്തെടുത്ത് വേറെ വെച്ചു. ഞാൻ പച്ചക്കറികൾ അരിഞ്ഞ് കൊടുത്ത ശേഷം കുറച്ച് കഞ്ഞി വെള്ളം കുടിക്കാമെന്ന് വിചാരിച്ച് പാത്രത്തിലേക്ക് നോക്കി. അപ്പോ ഴേക്കും ഡോക്ടർ കഞ്ഞിവെള്ളം പച്ചക്കറിയിലേക്ക് ഒഴിച്ച് കറിയാ ക്കിക്കഴിഞ്ഞിരുന്നു.

നോമ്പിന്റെ ദിവസങ്ങളിൽ ജമാഅത്തിലുള്ളപ്പോൾ അസറിന് ശേഷം നാട്ടിലുള്ള സാത്തികളോടൊപ്പം മുലാഖാത്ത് പോയിട്ട് പല പ്പോഴും ഇഷാക്ക് ശേഷമാണ് ഭക്ഷണം കഴിച്ചിരുന്നത്. നാട്ടിലേതു പോലെതന്നെ ജമാഅത്തിലും ഇബാദത്തുകളിൽ യാതൊരു കുറവും വരുത്തിയിരുന്നില്ല. അദ്ദേഹത്തിനൊപ്പം കഴിച്ച് കൂട്ടിയ നിമിഷങ്ങൾ ഓർക്കാത്ത ദിവസങ്ങളില്ല. അവസാനം ഞാൻ ഓച്ചിറയിൽ വന്നപ്പോൾ മടങ്ങാൻ നേരം " നിങ്ങൾ പോകണ്ട കുറച്ച് ദിവസം കൂടി നിൽക്കൂ" എന്ന് പറഞ്ഞതും മറക്കാത്ത ഓർമ്മയാണ്. വ്യക്തി ജീവിതത്തിലും ദീനീ ജീവിതത്തിലും അദ്ദേഹത്തിന്റെ നല്ല ഗുണങ്ങൾ ഏറ്റെടുക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ.!

❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑


പ്രയോജനപ്രദമായ രചനകൾക്ക്

## സയ്യിദ് ഹസനി അക്കാദമി
## ദാറുൽ ഉലൂം ഓച്ചിറ

**പരിശുദ്ധ ഖുർആൻ ആശയം**, പുണ്യ ഹദീസ് വിവരണം, പ്രവാചക മഹത് ചരിതം, കർമ്മ ശാസ്ത്രം, മാനവ സന്ദേശം, ഹജ്ജ് ഉംറ യാത്രകൾ, ദാമ്പത്യ ജീവി തം, മഹാൻമാരുടെ ജീവിത സന്ദേശങ്ങൾ എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ രചിക്കപ്പെട്ട 80 ഓളം രചനകൾ ഇപ്പോൾ ആകർഷണീയമായ വിലക്കുറവിൽ....

**കോപ്പികൾക്ക് ദാറുൽ ഉലൂമുമായി ബന്ധപ്പെടുക.**



# ഡോക്ടർ അഹ്മദ് കുഞ്ഞ് സാഹിബ്

ഉസ്താദ് ഖാസിം മൗലവി ബാഖവി
(ദാറുൽ ഉലൂം, ഓച്ചിറ)

ജനിച്ചാൽ മരിക്കുമെന്നത് ആർക്കും അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യമാണ്. എന്നാൽ, ചിലരുടെ മരണത്തിന്റെ ആഘാതം ആ വ്യക്തിയുടെ കുടുംബത്തിനാണെങ്കിൽ മറ്റ് ചിലരുടെത് നാടിനാകും. ചിലരുടെത് അതിനുമപ്പുറമായിരിക്കും. ആ ഗണത്തിൽപ്പെട്ടതാണ് ഡോക്ടറുടെ വിയോഗം.

ഒരു ഡോക്ടർക്കു വേണ്ട സകല ഗുണങ്ങളും സമ്മേളിച്ച വ്യക്തിത്വമായിരുന്നു മർഹൂം. ആശുപത്രികളിൽ പോകാൻ ജനം ഭയക്കുന്ന ഈ കാലത്ത് പരിശോധനക്ക് അദ്ദേഹത്തിന്റെയടുക്കൽ ഇരുന്നാൽ രണ്ട് ഗുണങ്ങൾ ഉണ്ടാകുമായിരുന്നു. ഒന്ന്, അദ്ദേഹം രോഗിയെ പീഡിപ്പിക്കുകയില്ല. ശാന്തമായി സമാധാനത്തോടെ പരിശോധിച്ച് അത്യാവശ്യ മരുന്നുകൾ മാത്രം നൽകും. രണ്ട്, ആത്മീയ ചൈതന്യം അദ്ദേഹത്തിൽ നിന്ന് ലഭിക്കുമായിരുന്നു. ചുരുക്കത്തിൽ, ശാരീരികമായും മാനസികമായും രോഗിക്ക് ആശ്വാസം പകർന്ന് കൊടുത്തിരുന്നു.

അദ്ദേഹത്തിന്റെ പേരിനെ അക്ഷരത്തിലും അർത്ഥത്തിലും അദ്ദേഹം അന്വർത്ഥമാക്കിയിരുന്നു. ആദരവായ റസൂലുല്ലാഹി (സ) യുടെ തിരുഗുണങ്ങൾ ഒരു മനുഷ്യന് കഴിയുന്നിടത്തോളം അദ്ദേഹം ജീവിതത്തിൽ പകർത്തി.

കുഞ്ഞ് എന്ന പദം പൂർണ്ണമായി അദ്ദേഹം ഉൾക്കൊണ്ടിരുന്നു. കുഞ്ഞുങ്ങളുടെ നിഷ്കളങ്കവും മൃദുലവുമായ മനസ്സിന്റെ ഉടമയായിരുന്നു.

സാഹിബ് (സുഹൃത്ത്) എന്ന പദം ജീവിതത്തിൽ പൂർണ്ണമായും പകർത്തിയിരുന്നു. ജാതി മത ഭേദമന്യെ എല്ലാവരുടെയും പ്രിയ സുഹൃത്തായിരുന്നു ആ മഹൽ വ്യക്തി.

റസൂലുല്ലാഹി (സ) യുടെ ഒരു തിരുവചനം ഓർമ്മ വരുന്നു; "നീ ഒരു പണ്ഡിതനാവുക, അല്ലെങ്കിൽ അറിവിനെ അഭ്യസിക്കുന്നവനാവുക, അല്ലെങ്കിൽ അറിവിനെ കേൾക്കുന്നവനാവുക, അതുമല്ലെങ്കിൽ അറിവിനെ സ്നേഹിക്കുന്നവനാവുക. അഞ്ചാമതൊരു വിഭാഗം നീ ആകരുത്, അത് നിനക്ക് നാശമാണ്." ഈ മഹത് വാക്യം

ഉൾക്കൊണ്ട മഹൽ വ്യക്തിത്വമായിരുന്നു അദ്ദേഹം. ഒരു മദ്റസയിൽ പോയിരുന്ന് പഠിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ഭവനം ഒരു മദ്റസയായിരുന്നു. അവിടെ ഖുർആൻ ക്ലാസുകൾ നടന്നിരുന്നു. മസാഇൽ ക്ലാസുകൾ നടന്നിരുന്നു. അതു കൂടാതെ തഅലീമിന്റെ സദസ്സുകളിൽ വീട്ടിലും പള്ളിയിലും സജീവമായിരുന്നു. പ്രയോജന പ്രദമായ പുസ്തകങ്ങൾ വായിക്കലും ഉലമാക്കളുടെ സദസ്സുകളിൽ പങ്കെടുക്കലും പതിവായിരുന്നു. അപ്രകാരം, അറിവിനെയും അറിവുള്ളവരെയും അറിവ് പഠിക്കുന്നവരെയും അത്തരം സ്ഥാപനങ്ങളെയും സ്നേഹിക്കുകയും വലിയ നിലയിൽ സഹായിക്കുകയും ചെയ്തിരുന്നു. വിഭാഗീയതയില്ലാതെ എല്ലാവരെയും സഹായിച്ചിരുന്നു, ബന്ധപ്പെട്ടിരുന്നു. അങ്ങനെ മേൽ ഹദീസിൽ വിവരിച്ച ഭാഗ്യവാൻമാരായ നാല് വിഭാഗത്തിലും അദ്ദേഹം അംഗമായി.

ദാറുൽ ഉലൂം സ്ഥാപനങ്ങൾക്കും ഉസ്താദുമാർക്കും വിദ്യാർത്ഥികൾക്കും അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണ്.

പടച്ചതമ്പുരാൻ അദ്ദേഹത്തിന്റെ പരലോകജീവിതം സ്വർക്ഷീയമാക്കുമാറാകട്ടെ. മർഹൂമിന്റെ വേർപാടിൽ ദു:ഖിക്കുന്നവർക്ക് ക്ഷമയും സഹനതയും നൻമകളും നൽകി അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ സ്ഥാപനങ്ങളെ പടച്ചവൻ സംരക്ഷിക്കട്ടെ. അദ്ദേഹത്തിന്റെ പാത തുടരാൻ പിൻഗാമികൾക്ക് നാഥൻ ഉതവി നൽകട്ടെ. ആമീൻ!

**നിങ്ങളിൽ ഏറ്റവും ഉത്തമർ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ്.**

ബുഖാരി

# ദാറുൽ ഉലൂമും ഡോക്ടറും



ശൈഖ് മുഹമ്മദ് അൻസാരി നദ്‌വി
(ജന. സെക്രട്ടറി, ദാറുൽ ഉലൂം)

കേരളത്തിലെ വൈജ്ഞാനിക പ്രബോധന സംസ്കരണ മേഖലയിൽ മഹത്തായ സേവനങ്ങൾ സമർപ്പിക്കാൻ സൗഭാഗ്യം ലഭിച്ച ഒരാൾ ആയിരുന്ന അഹമ്മദ് കുഞ്ഞ് ഡോക്ടറുടെ വിയോഗം ഉണ്ടാക്കിയ ശൂന്യത ഞെട്ടലുളവാക്കുന്നു. ഏതെങ്കിലും ചില കാര്യങ്ങളിൽ മാത്രമല്ല ഈ ശൂന്യത മറിച്ച് എല്ലാ വിഷയങ്ങളിലും അത് ധ്വനിച്ചു കാണുന്നു.

നിഷ്കളങ്കതയാണ് ഡോക്ടറുടെ പ്രധാന സവിശേഷത. അൽപ്പം പോലും കാപട്യമോ കളങ്കമോ അദ്ദേഹത്തെ ഏശിയിരുന്നില്ല. എല്ലാവരോടും ആത്മാർത്ഥതയോടെ മാത്രം ബന്ധപ്പെട്ടിരുന്നു. സ്നേഹം പ്രകടിപ്പിക്കുന്നതും എല്ലാം ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. അതുകൊണ്ട് തന്നെ എല്ലാവരോടും അഭിപ്രായങ്ങളും വ്യക്തമായി പറഞ്ഞിരുന്നു.

ഒരു മനുഷ്യൻ മരണപ്പെട്ടാൽ അദ്ദേഹത്തിൻറെ മുഴുവൻ കാര്യങ്ങളും നിലയ്ക്കുകയാണ് എന്നാൽ ഖബറിൽ പ്രയോജനം ചെയ്യുന്ന ചിലകാര്യങ്ങളുണ്ട്. നിലനിൽക്കുന്ന ദാനധർമ്മങ്ങളും, ദു:ആ ചെയ്യുന്ന സാലിഹായ സന്താനങ്ങളും, പ്രയോനപ്രദമായഅറിവും അതിൽ പ്രധാനപ്പെട്ടവയാണ്. പടച്ചവന്റെ അനുഗ്രഹത്താൽ ഡോക്ടറിന് ഈ മൂന്ന് കാര്യങ്ങൾക്കും സമൃദ്ധമായ സൗഭാഗ്യം ലഭിച്ചിരിക്കുന്നു. വർഷങ്ങളോളം ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും അറിവ് പഠിക്കാൻ സാധിച്ചില്ലെങ്കിലും കഴിവിന്റെ പരമാവധി ഇതര മാർഗ്ഗങ്ങളിലൂടെ ധാരാളം പ്രയോജനപ്രദമായ ധാരാളം അറിവുകൾ കരസ്ഥമാക്കി. കൂടാതെ, അറിവിന്റെ മാധുര്യം നുകരുന്ന വലിയൊരു സമൂഹത്തെ വാർത്തെടുക്കാനുള്ള പരിശ്രമത്തിന്റെ പ്രധാന കണ്ണിയാകാൻ നാഥൻ തൗഫീഖ് നൽകുകയും ചെയ്തു. സ്വന്തം വീടിന്റെയും പറമ്പിന്റെയും സ്ഥാനം ദാറുൽ ഉലൂം ഇസ്‌ലാമിയ്യ എന്ന സ്ഥാപനത്തിനുവേണ്ടി പൂർണ്ണമായി വിട്ടുകൊടുത്ത് കൊണ്ടാണ് തുടക്കംകുറിച്ചത്....

വിശ്വവിഖ്യാത പണ്ഡിതനും പ്രബോധകനുമായ ഇമാം സയ്യിദ്

അബുൽ ഹസൻ അലി നദ്‌വിയുടെ പ്രതിനിധിയായി 1990-കളിൽ കേരള ത്തിൽ എത്തിയ സഹോദര പൗത്രൻ മൗലാന സയ്യിദ് അബ്ദുല്ലാഹ് ഹസനി നദ്‌വി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്രകൾ ചെയ്യുകയും ജന ങ്ങളെ പ്രബോധനത്തിലേക്കും സംസ്കരണത്തിലേക്കും വിജ്ഞാനത്തി ലേക്കും പ്രേരിപ്പിക്കുകയും ചെയ്തു. ഈ വഴിയിൽ ഡോക്ടറും മൗലാന യുമായി ബന്ധപ്പെട്ടു. വിജ്ഞാന പ്രബോധന സംസ്കരണ പ്രവർത്തന ങ്ങൾക്കെല്ലാം നിരന്തരം സഹായം ചെയ്തിരുന്ന ഡോക്ടറിന് സ്വന്തമായ നിലയിൽ എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമുണ്ടായി. കുടുംബത്തോടും കൂട്ടുകാരോടും ഈ കാര്യം പറഞ്ഞപ്പോൾ അവർ പിന്തുണയ്ക്കുകയും പ്രേരിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ മൗലാന അബ്ദുല്ലാഹ് ഹസനി നദ്‌വി കേരളത്തിലെത്തി. മൗലാനയെക്കൊണ്ട് സ്വന്തം സ്ഥലത്ത് ഒരു സ്ഥാപ നത്തിന് ശിലാസ്ഥാപനം നടത്തണം എന്ന് ഡോക്ടർ ആഗ്രഹിച്ചു. മൗലാന ഇന്ന് സ്ഥാപനം ഇരിക്കുന്ന സ്ഥലത്തെത്തി. കൂട്ടത്തിൽ ധാരാളം സഹോദ രങ്ങളും ഉണ്ടായിരുന്നു. ഇന്ന് നിർമ്മിക്കപ്പെട്ടിരിക്കുന്ന വിശാലമായ കെട്ടിട ത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മൗലാന ശിലാസ്ഥാപനം നടത്തുകയും അല്ലാ ഹുവിനോട് സ്വീകാര്യതയ്ക്കും മറ്റും ദീർഘനേരം ദുആ ഇരക്കുകയും ചെയ്തു. തുടർന്ന് തൊട്ടടുത്തുള്ള ജ്യേഷ്ഠന്റെ വീട്ടിലേക്ക് മൗലാനയെ കൊണ്ടുപോയി മൗലാന മർഹൂമിന്റെ ശിഷ്യനായി ബൈഅത്ത് ചെയ്തു. തദവസരം പറഞ്ഞുകൊടുത്ത ദിക്റുകൾ അവസാനം വരെ കൃത്യനിഷ്ട യോടെ നിർവ്വഹിച്ചിരുന്നു. യഥാർത്ഥത്തിൽ പണ്ടുമുതൽക്കേ ഇബാദത്തുക ളിൽ തൽപ്പരരായിരുന്ന ഡോക്ടർ സാഹിബിന് തസവ്വുഫുമായിട്ടുള്ള ബന്ധം പ്രകാശത്തിന്റെ മേൽ പ്രകാശമായി. പിന്നീട് ലക്നൗവിൽ പോയപ്പോൾ മൗലാന അബ്ദുല്ലാഹ് ഹസനി നദ്‌വിയോട് ദിക്റുകൾ പതിവായി ചൊല്ലു ന്നതായി അറിയിക്കുകയും മൗലാന അത് തുടരാൻ നിർദ്ദേശിക്കുകയും ചെയ്തു. മൗലാനയുടെ വിയോഗത്തിന് ശേഷം അല്ലാമ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വിയുമായി ബന്ധം സ്ഥാപിക്കുകയും അല്ലാമയുടെ നിർദ്ദേശ പ്രകാരം മൗലാന സയ്യിദ് മുസ്തഫാ രിഫാഈ നദ്‌വിയുമായി നിരന്തരം ബന്ധപ്പെടുകയും മൗലാനയിൽ നിന്നും ഖിലാഫത്ത്, ഇജാസത്തുകൾ ലഭി ക്കുകയും ചെയ്തു.

ശിലാസ്ഥാപനത്തിന് ശേഷം പഴയ മസ്ജിദിന്റെ മുകൾ ഭാഗം മുത അല്ലിംകൾക്ക് താമസിക്കാനായി നിർമ്മിച്ചു. ഇതിൽ പ്രധാനമായും സമ്പത്ത് ചിലവഴിച്ചത് ഡോക്ടറായിരുന്നു. റമദാൻ മുബാറക്കിന് ശേഷം ഡോക്ട റിന്റെ ആദരണീയ വ്യക്തിത്വം കൂടിയായ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാ ഥൻ മൗലാന മുഹമ്മദ് ഈസാ മമ്പഈ (റഹ്) മദ്റസയുടെ അദ്ധ്യാപന ത്തിന് തുടക്കം കുറിച്ചു. തുടർന്ന് നിരന്തരം ഡോക്ടർ മദ്റസയിലേക്ക് വരു കയും ആലോചനകൾ നടത്തുകയും ചെയ്തിരുന്നു.

ഇടയ്ക്ക് പ്രഭാഷണങ്ങൾ നടത്തുമ്പോൾ ഈ സ്ഥാപനം എല്ലാ

വർക്കും ഉള്ളതാണെന്നും എല്ലാവരും ഇതുമായി സഹകരിക്കണമെന്നും ആവർത്തിച്ച് പറയുമായിരുന്നു. ശേഷം വലിയ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു. ഇതിനിടയിൽ ഒരു സഹോദരി, മസ്ജിദ് വിപുലീകരണത്തിന് മുന്നോട്ട് വന്നെങ്കിലും ഞെരുക്കം കാരണം പൂർത്തീകരിക്കാൻ സാധിച്ചില്ല. ഈ നിർമ്മാണങ്ങളിലെല്ലാം ഡോക്ടർ നിർലോഭമായി ദാനങ്ങൾ ചെയ്തി രുന്നു. മദ്രസയുടെ മുഴുവൻ ഇലക്ട്രിസിറ്റി ബില്ലും ഡോക്ടർ തന്നെ ആയിരുന്നു അടച്ചിരുന്നത്.

ദാറുൽ ഉലൂമിന്റെ ഓരോ മണൽത്തരിയിലും അദ്ദേഹത്തിൻറെ ചിന്തയും ത്യാഗവും ദാനവും നിറഞ്ഞ് നിൽക്കുന്നുണ്ട്. ഒരു പക്ഷേ, സ്ഥാപനം വരുന്നതിന് മുമ്പ് ഡോക്ടർ ഈ മണ്ണിൽ നടന്നതിനേക്കാളും കൂടുതലായി ഓരോ സ്ഥലത്തും നടക്കുകയും എല്ലാ കാര്യങ്ങളിലും ബന്ധ പ്പെടുകയും ചെയ്തിരുന്നു.

ഇവിടെ വിജ്ഞാനം പകർന്ന് കൊടുക്കാൻ വരുന്ന ഓരോ ഉസ്താ ദുമാരോടും വലിയ ആദരവും ബന്ധവുമായിരുന്നു. അവർക്ക് ആവശ്യമായ ഖിദ്മത്തുകൾ ചെയ്യുന്നതിൽ ഒരു വീഴ്ച്ചയും വരുത്തിയിട്ടില്ല. എന്നാൽ ഉസ്താദുമാർ എല്ലാവരും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിലും സംസ്ക രണത്തിലും കഴിവിന്റെ പരമാവധി പരിശ്രമിക്കണമെന്ന് സ്നേഹത്തോടെ നിരന്തരം ഉണർത്തിയിരുന്നു. കൂടാതെ, ഉസ്താദുമാരുടെ സ്വന്തം ജീവിത ത്തിലും പരിവർത്തനം ഉണ്ടാകാൻ തബ്ലീഗിന്റെ പ്രവർത്തനവുമായി ബന്ധ പ്പെടണമെന്ന് എപ്പോഴും പറയുമായിരുന്നു. ഡോക്ടറും പ്രിയ കൂട്ടുകാ രൻ അബ്ദുസ്സമദ് ഹാജിയും മറ്റും മുലാഖാത്തിനുവേണ്ടി മാത്രം ഉസ്താദു മാരുടെ താമസ സ്ഥലത്തും വീടുകളിലും വന്നിട്ടുണ്ട് എന്നുള്ളത് ഒരു പക്ഷേ അത്ഭുതകരമായ ഒരു മാതൃകയായിരിക്കും.

ഇവിടേക്ക് വിദ്യ നുകരാൻ വരുന്ന ഓരോ മുതഅല്ലിമീങ്ങളെയും സ്വന്തം മക്കളെപ്പോലെ പരിചരിക്കുമായിരുന്നു. അവർക്ക് എന്തെങ്കിലും അ സുഖം നേരിട്ടാൽ സൗജന്യ ചികിത്സ നൽകുമായിരുന്നു. ചികിത്സയോ ടൊപ്പം അവർക്ക് ഉപദേശങ്ങൾ നൽകുന്നതിലും ഒരു പിശുക്കും കാട്ടിയിട്ടി ല്ല. വിദ്യാർത്ഥികളുടെ സ്വഭാവത്തിലെയും മറ്റും സൂക്ഷ്മമായ വശങ്ങൾ മന സ്സിലാക്കുകയും അത് അവരെ ഉണർത്തുകയും പലപ്പോഴും അത് തന്ത്രപ രമായി തിരുത്താൻ ഉസ്താദുമാർക്ക് മനസ്സിലാക്കിത്തരുകയും ചെയ്യുമാ യിരുന്നു. പത്തിൽ പരം വിദ്യാർത്ഥികളെക്കൊണ്ട് ആരംഭിച്ച ഈ സ്ഥാപന ത്തിൽ ഇന്ന് നിറഞ്ഞ് നിൽക്കുന്ന വിദ്യാർത്ഥികളുടെ പിന്നിൽ ഡോക്ടർ മർഹൂമിന്റെ ആഗ്രഹവും ചിന്തയും വഹിച്ചിരിക്കുന്ന പങ്ക് സുപ്രധാനമാണ്. മുശാവറകളിൽ സാധാരണ പറയുന്ന ഒരു വാചകമുണ്ട്: നാം നമ്മുടെ കഴി വിലേക്ക് നോക്കി വളരെ ചെറിയ ഒരു മദ്റസയാണ് ആരംഭിച്ചത്. എന്നാൽ അല്ലാഹു ഇത് വലുതാക്കി. ഇതിന് അനുസരിച്ച് നമ്മുടെ മനസ്സും പരിശ്ര മവും വിശാലമാകേണ്ടതാണ്.

ഇന്ത്യയിലെ പ്രധാന മഹാത്മാക്കളും ദീനി പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട് ആരംഭിച്ച ദാറുൽ ഉലൂമിൽ തുടക്കം മുതൽ തന്നെ വിവിധ പ്രവർത്തനങ്ങൾ നടക്കുകയും ധാരാളം മഹാന്മാർ വരുകയും ചെയ്തിരുന്നു. തബ്ലീഗിന്റെ പ്രവർത്തനം തുടക്കം മുതലേ നടന്നിരുന്നു. കൂടാതെ, സയ്യിദ് ഹസനി അക്കാദമി വഴിയായി ധാരാളം രചനകൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൽ എല്ലാ രചനകളും ഡോക്ടർ സ്നേഹത്തോടെ സ്വീകരിക്കുകയും നിരവധി കോപ്പികൾ വാങ്ങി വിതരണം നടത്തുകയും അഭിപ്രായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. “രിയാളുൽ ഖുർആൻ” എന്ന പേരിൽ ഇറക്കപ്പെട്ട ഖുർആൻ ആശയം വളരെ ഇഷ്ടപ്പെടുകയും ആശുപത്രിയിലെ മേശപ്പുറത്ത് തന്നെ വെക്കുകയും ഇടയ്ക്കിടെ അതിന്റെ ഭാഗങ്ങൾ പാരായണം നടത്തുകയും ചെയ്തിരുന്നു. പയാമെ ഇൻസാനിയ്യത്തിന്റെ പ്രവർത്തനത്തിൽ വലിയ തൽപരനായിരുന്നു. അമുസ്ലിംകളുമായി നല്ല ബന്ധം ഉണ്ടാക്കാൻ ഇത് മാത്രമാണ് മാർഗ്ഗമെന്ന് ഡോക്ടർ നിരന്തരം പറഞ്ഞിരുന്നു. ജംഇയത്ത് ഉലമാ എ ഹിന്ദിന്റെ പ്രവർത്തനങ്ങളിലും വളരെയധികം സഹകരിച്ചിരുന്നു.

ഇവിടെ ഓരോ മഹാന്മാർ വരുമ്പോഴും അതിയായി സന്തോഷിച്ചിരുന്നു. മദ്റസയിൽ സൗകര്യം ഇല്ലാതിരുന്നപ്പോൾ ഡോക്ടറിന്റെ വീട്ടിലാണ് അവരെ സ്വീകരിച്ചിരുന്നത്. ശേഷം ഇവിടെ സൗകര്യമായപ്പോൾ മഹാന്മാരായ അതിഥികൾ ഇവിടെ താമസിച്ചിരുന്നു. എന്നാൽ എത്ര തിരക്കിന്റെ ഇടയിലും ഡോക്ടർ അവരെ വന്ന് കാണുകയും അവർക്ക് ഹദ്‌യകൾ നൽകുകയും കൂടാതെ, അവരുടെ ആഹാര കാര്യങ്ങൾക്കും മറ്റും പ്രത്യേക തുക മദ്റസയെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. മദ്റസയിൽ നടക്കുന്ന എല്ലാ പരിപാടികളിലും ഏതെങ്കിലും ഒരു സമയത്ത് വന്ന് പങ്കെടുക്കുമായിരുന്നു. തന്നെക്കുറിച്ച് പ്രശംസാ വാചകങ്ങൾ പറയുന്നത് അൽപ്പവും ഇഷ്ടമല്ലായിരുന്നു. സദസ്സുകൾക്കിടയിൽ മിക്കവാറും കണ്ണുനീർ വാർത്ത് പ്രതിഫലനങ്ങൾ സ്വീകരിക്കുമായിരുന്നു. മദ്റസയുടെ മുശാവറകളിൽ വളരെ താൽപര്യത്തോടെ പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എല്ലാ ഞായറാഴ്ചയും രാവിലെ നടക്കുന്ന തസ്കിയത്തിന്റെ മജ്ലിസിൽ താൽപര്യത്തോടെ പങ്കെടുത്തിരുന്നു. ആരംഭ സമയത്ത് ആഴ്ചയിൽ ഒരിക്കൽ മരുന്നകളുമായി വന്ന് വിദ്യാർത്ഥികളെയും നാട്ടുകാരെയും സൗജന്യമായി ശുശ്രൂഷിച്ചിരുന്നു. ഭക്ഷിപ്പിക്കുന്നതിൽ വലിയ പ്രതിഫലമുണ്ടെന്ന് മനസ്സിലാക്കിയ മർഹൂം മദ്രസയിലെ കുട്ടികളെയും അധ്യാപകരെയും ഭക്ഷിപ്പിക്കുന്ന കാര്യത്തിൽ വളരെ നിഷ്ഠ പുലർത്തിയിരുന്നു. അഞ്ചു പൈസ പോലും കടം വാങ്ങാൻ ആഗ്രഹിക്കാത്ത വ്യക്തിത്വം മദ്രസയുടെ ഉപജീവനം നന്നാകുന്നതിനു വേണ്ടി ഇറങ്ങിത്തിരിച്ച്

ജനങ്ങളോട് അഭ്യർത്ഥിക്കുമായിരുന്നു .ഇടയ്ക്കിടെ സംസാരിക്കുന്ന സന്ദർഭത്തിൽ മർഹൂം ഇപ്രകാരം ഉണർത്തുമായിയിരുന്നു ഞങ്ങളെക്കൊണ്ട് പറ്റുന്ന രീതിയിൽ ഈ മദ്രസ ഇവിടെവരെയും ആക്കി. ഇതിനെഎല്ലാവരും സഹായിക്കേണ്ടതാണ്. മാത്രമല്ല തബ്ലീഗീ മുലാക്കാത്തിൽ പോലും ഉസ്താദന്മാരുടെയും മദ്രസയുടെയും അവസ്ഥകൾ പറഞ്ഞ് സഹായ അഭ്യർത്ഥന നടത്തുമായിരുന്നു.. മദ്രസയിലെ ഏത് പരിപാടിയിലും മുൻനിരയിൽ തന്നെ ഉണ്ടായിരുന്ന മർഹൂംഫോട്ടോ എടുക്കുന്നതിനു മറ്റും വലിയ വിരക്തി പ്രകടിപ്പിച്ചിരുന്നു.

അല്ലാഹുവിന്റെ ഭാഗത്ത് നിന്നും അപാരമായ അനുഗ്രഹങ്ങൾ ഉണ്ടായ ഡോക്ടർ മർഹൂമിന്റെ സാന്നിധ്യം മദ്റസയ്ക്ക് വലിയ മുതൽക്കൂട്ടായിരുന്നു. ഇത് ധാരാളം നാളുകൾ നീണ്ട് നിൽക്കുമെന്ന് ഞങ്ങൾ കൊതിക്കുകയും അല്ലാഹുവിനോട് ദുആ ഇരക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ അലംഘനിയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ മർഹൂം അല്ലാഹുവിന്റെ കാരുണ്യത്തിലേക്ക് യാത്രയായി. സൽകർമ്മിയായ ഒരു ദാസന്റെ വിയോഗ കാരണത്താൽ മണ്ണും വിണ്ണും കണ്ണീര് ഉതിർക്കും എന്നുള്ള നബവീ ഹദീസിനെ അനർത്ഥമാക്കിക്കൊണ്ട് ഡോക്ടറുടെ വിയോഗത്തിൽ ഈ സ്ഥാപനവും സേവകരും സന്താനങ്ങളും ഒരുപോലെ കണ്ണുനീർ വാർക്കുകയുണ്ടായി. ഡോക്ടർക്ക് ദാറുൽ ഉലൂമിലെ ഒരു മൂലയിൽ അന്ത്യ വിശ്രമം കൊള്ളാൻ അതിയായ താൽപര്യവും, ആഗ്രഹം ഉണ്ടായിരുന്നു. അങ്ങനെ ഒരു ആറടിമണ്ണിനുവേണ്ടി കൊതിക്കുകയും വസിയത്ത് ചെയ്യുകയുമുണ്ടായി. ചില സാങ്കേതിക കാരണത്താൽ അത് സാധിച്ചില്ല. എങ്കിലും ഡോക്ടറുടെ ആത്മീയ സാന്നിധ്യവും ചിന്താത്യാഗ പരിശ്രമങ്ങളുടെ സുഗന്ധവും മദ്റസയുടെ ഓരോ മണൽത്തരികളിലും ഓരോ കെട്ടിടങ്ങളിലും നിറഞ്ഞ് നിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. അല്ലാഹു അത് നിലനിർത്തുകയും കൂടുതൽ വർദ്ധിപ്പിക്കുകയും ചെയ്യട്ടെ. അതിനുള്ള ലളിതമായ മാർഗ്ഗം ഡോക്ടർ മർഹൂമിന്റെ ആഗ്രഹപ്രകാരം നാമെല്ലാവരും മദ്റസയുടെ പ്രവർത്തനങ്ങളുമായി കൂടുതൽ ബന്ധപ്പെടലാണ്. കൂട്ടത്തിൽ ഡോക്ടറുടെ ഈ സ്ഥാപനവുമായിട്ടുള്ള ബന്ധത്തെ അധികമായി സ്മരിക്കുകയും നിരന്തരം അല്ലാഹുവിനോട് മർഹമത്ത് മഗ്ഫിറത്തുകൾക്കായി ദുആ ഇരക്കുകയും ചെയ്യുക. സർവ്വശക്തൻ ഡോക്ടർ മർഹൂമിന് പരിപൂർണ്ണ മഗ്ഫിറത്ത് മർഹമത്ത് നൽകുകയും സ്വർഗ്ഗീയ പദവികൾ ഉയർത്തുകയും ചെയ്യട്ടെ. മർഹൂമിന്റെ വിയോഗം മൂലം ഭവിച്ച വിടവുകളെ നാഥൻ നികത്തുകയും ചെയ്യട്ടെ. മർഹൂമിന്റെ ബന്ധുമിത്രങ്ങൾക്ക് സമാധാനം നൽകുകയും അവർക്കെല്ലാം ഈ സ്ഥാപനത്തിന്റെ ഉത്തമ സേവകരാകാൻ ഉതവി നൽകുകയും ചെയ്യട്ടെ. ആമീൻ

# നന്മയുടെ നിറകുടം



*ഉസ്താദ് മുനീർ ഖാസിമി, മണപ്പള്ളി*

ഓച്ചിറ പ്രദേശത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന മഹത്തായ ദാറുൽ ഉലൂം ഇസ്‌ലാമിയ്യഃ യുടെ വൈസ് ചെയർമാനും ഓച്ചിറ സ്റ്റാർ ഹോസ്പിറ്റൽ ഡയറക്ടറുമായ മർഹൂം അഹ്മദ് ഡോക്ടർ അവർകൾ നമ്മോട് വിടപറഞ്ഞിട്ട് കേവലം ദിവസങ്ങൾ മാത്രം പിന്നിടുന്ന ഈ അവസരത്തിൽ നമുക്കും മറ്റെല്ലാവർക്കും മനസ്സിലാക്കാനും പഠിക്കാനും പകർത്താനുമായി അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില സ്മരണകൾ ഇവിടെ കുറിക്കുകയാണ്;

മർഹൂം ഡോക്ടറവർകളുടെ ജീവിതത്തിൽ നമുക്ക് പഠിക്കാനും പകർത്താനുമായി ധാരാളം ഉന്നത ഗുണങ്ങൾ ഉണ്ടായിരുന്നു.

ജീവിതത്തിലുടനീളം തഖ്‌വ അഥവാ അല്ലാഹുവിനെ സൂക്ഷിച്ചുള്ള ജീവിതം മുറുകെ പിടിച്ചു. ഹറാമിന്റെ അംശം പോലും ജീവിതത്തിലോ സമ്പത്തിലോ വരാതെ സൂക്ഷിച്ചു. പരിശുദ്ധ ഖുർആനിനെയും, ദീനിന്റെ പ്രബോധനത്തെയും ജീവിതത്തിന്റെ ഭാഗമാക്കി. കുടുംബത്തെയും, മക്കളെയും, മരുമക്കളെയും, നാട്ടിലെ നല്ലവരായ ആളുകളെയും ആ പാതയിലൂടെ സഞ്ചരിപ്പിച്ചു. പരിശുദ്ധ ഖുർആനിനെ ജീവിതസഖിയും ഉത്തമ സുഹൃത്തുമാക്കിമാറ്റി.

ഡോക്ടർ ഒരു സഞ്ചരിക്കുന്ന ഖുർആനായിരുന്നു. തന്റെ വീടിനെയും ഒരു ഖുർആൻ മദ്രസയാക്കി മാറ്റി. ഹസനിയ്യ ജീവിതത്തിൽ ആ വീട്ടിൽ നടക്കുന്ന തഅ്‌ലീമിലും ദറസുൽ ഖുർആനിലും വിനീതൻ തുടർച്ചയായി പങ്കെടുത്ത് നേതൃത്വം കൊടുക്കുമായിരുന്നു.

ഓച്ചിറയുടെ അഭിമാനമായി തലയുയർത്തി നിൽക്കുന്ന സ്റ്റാർ ഹോസ്പിറ്റൽ മർഹൂം ഡോക്ടറിലൂടെ ജന മനസ്സുകളെ സ്വാധീനിക്കുകയും അദ്ദേഹത്തിന്റെ കരസ്പർശത്താൽ അനേകമായിരമാളുകൾക്ക് ശരീരികവും മാനസികവുമായ ആശ്വാസവും ശമനവും നൽകിക്കൊണ്ടിരുന്നു.

മഹത്തായ ദാറുൽ ഉലൂം ദയൂബന്ദിൽ നിന്നും മറ്റു ഇസ്ലാമിക മർകസുകളിൽ നിന്നും മഹത്തുക്കളായ മഷായിഖന്മാർ, പണ്ഡിതന്മാർ, ഉലമാക്കൾ വരുമ്പോൾ ബഹുമാനപ്പെട്ട ഡോക്ടറവർകൾ അവരെ ഹാർദ്ധവമായി സ്വകരിച്ചിരുന്നു.

അതിന്റെ അനവധി നിരവധി അനുഭവങ്ങൾ ഈ വിനീതനും ഉണ്ടായിട്ടുണ്ട്.

അഹങ്കരിക്കാനുള്ള എല്ലാം ഉണ്ടായിട്ടും ജീവിതത്തിൽ താഴ്മ യും, വിനയവും, ലാളിത്യവും, മുറുകെപിടിച്ച അദ്ദേഹം എല്ലാ വിഭാഗം ആളുകൾക്കും പ്രിയപ്പെട്ടവനായിരുന്നു.

ധർമ്മ ശീലനയായിരുന്ന ഡോക്ടർ ദീനിന്റെ വഴിയിലും ആലി മീങ്ങൾക്കും പാവങ്ങൾക്കും മനസ്സ് തുറന്നു സഹായിച്ചിരുന്നു.

വളരെ തിരക്കേറിയ ജീവിതത്തിനിടയിലും ജമാഅത്, സുന്ന ത്ത് നമസ്കാരങ്ങളിൽ നിഷ്ഠ പുലർത്തിയിരുന്ന അദ്ദേഹം ആദരവായ റസൂലുല്ലാഹി (സ) തങ്ങളുടെ സുന്നത്തനുസരിച്ചുള്ള ജീവിതം മുറുകെ പിടിക്കുന്നതിലും, സുന്നത്തായ പ്രാർത്ഥനകളും ദിക്റുകളും വളരെ കൃത്യനിഷ്ഠയോട് കൂടി അദ്ദേഹം തന്റെ ജീവിതത്തിൽ പ്രാവർ ത്തികമാക്കിയിരുന്നു. മഹത്തായ ദീനിന്റെ പ്രബോധനത്തിനും സാമൂ ഹ്യ സേവനത്തിനും വേണ്ടി ദിവസവും നല്ലൊരു സമയം അദ്ദേഹം മാറ്റിവെച്ചിരുന്നു.

ബഹുമാനപ്പെട്ട ഡോക്ടറുമായുള്ള വിനീതന്റെ ബന്ധം കായം കുളം ജാമിഅ ഹസനിയ്യയിലെ പഠന ജീവിതത്തിൽ തുടങ്ങിയതാണ്. ആദരണീയനായ അബ്ദുൽ ശുക്കൂർ ഉസ്താദുമായുള്ള ദഅ് വത്തീ യാത്രയിൽ ആ ബന്ധം കൂടുതൽ ശക്തമായി. അവസാനം അദ്ദേഹം തന്നെ ദാനമായി നൽകിയ ഭൂമിയിൽ ദാറുൽ ഉലൂം ഇസ്ലാമിയ്യഃ എന്ന മഹത്തായ സ്ഥാപനത്തിന് തുടക്കം കുറിക്കുന്നതിന് കാരണമായി. ബഹുമാനപ്പെട്ട അബ്ദുശ്ശുക്കൂർ ഉസ്താദ് ചെയർമാനും ഡോക്ടർ വൈസ് ചെയർമാനുമായി ട്രസ്റ്റ് രൂപീകരിക്കപ്പെട്ടു. ഡോക്ടറും കുടുംബവും ആ മഹത്തായ ദാറുൽ ഉലൂമിന്റെ ആത്മാർത്ഥ സേവകരായി മാറി.

തീർത്തും ശൈശവ ദിശയിലുള്ള ദാറുൽ ഉലൂമിനെ കൈപിടി ച്ചുയർത്തുന്നതിന് ബഹുമാനപ്പെട്ട ഉസ്താദിന്റെ നേതൃത്വത്തിൽ തുടർ ച്ചയായി അഞ്ച് വർഷക്കാലം അദ്ദേഹത്തോടൊപ്പം ഒരുമിച്ചു പ്രവർത്തി ക്കാനുള്ള അവസരം അല്ലാഹു നൽകി. ഈ കാലയളവിൽ ഒരിക്കൽ പോലും ആ മഹാ മനുഷ്യൻ പദവിയോ സ്ഥാനമാനങ്ങളോ മോഹിച്ചി ട്ടില്ല.

എവിടെയും തന്നെ പുകഴ്ത്തപ്പെടണമെന്നോ വാഴ്ത്തപ്പെടണമെന്നോ ആഗ്രഹിച്ചിട്ടില്ല.

ദാറുൽഉലൂം ഇസ്‌ലാമിയ്യയുടെ വളർച്ച അദ്ദേഹത്തിന്റെ ഹൃദയത്തിലെ അതിയായ ആഗ്രഹമായിരുന്നു. അൽഹംദുലില്ലാഹ്, അദ്ദേഹത്തിന്റെ ഭൂമിയിൽ അദ്ദേഹം തന്നെ വെള്ളവും വളവുമിട്ട് തുടക്കം കുറിച്ച ദാറുൽ ഉലൂം ഇന്ന് കായ്കനികൾ നൽകുന്ന ഒരു മനോഹര വൃക്ഷമായി വളർന്നു പന്തലിക്കുകയാണ്. തീർച്ചയായും മർഹൂം ഡോക്ടർ അവർകളുടെ ഖബറിലേക്ക് നിലക്കാതെ ഒഴുകുന്ന ഒരു തേനരുവിയായി ഖിയാമെന്നത് നാൾ വരെ അത് നിലകൊള്ളും എന്നതിൽ ഒരു സംശയവുമില്ല.

പടച്ചവൻ അതിന് തൗഫീഖ് നൽകട്ടെ! അല്ലാഹു അതിനെ ഖിയാമത്നാൾ വരെ നിലനിർത്തുകയും വളർത്തുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്.

സർവ്വ ശക്തനായ നാഥാ,

നന്മയുടെ കൂമ്പാരങ്ങൾ വാരിക്കൂട്ടി നിന്റെ തൃപ്തിയിലായി ജീവിതം ചിലവഴിച്ച ആ ദാസന് നീ കൺകുളിർക്കെ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നൽകി അനുഗ്രഹിക്കേണമേ...

അദ്ദേഹം വിട്ടിട്ട് പോയ കുടുംബത്തെയും സ്ഥാപനങ്ങളെയും നീ ഏറ്റെടുത്ത് പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് വളർത്തുകയും ചെയ്യേണമേ...

അദ്ദേഹം തന്റെ ജീവിതത്തിലുടെ പകർന്നു നൽകിയ ഒട്ടനവധി ഉത്തമ മാതൃകകൾ ഞങ്ങളുടെ ജീവിതത്തിലും പകർത്താൻ നീ തൗഫീഖ് നൽകേണമേ...

ആമീൻ യാ റബ്ബൽആലമീൻ.






വളരെ ലളിതമായ ജീവിതം, അമലുകളിലുള്ള ഇസ്തിഖാമത് ഇവയാണ് ഡോക്ടർ അഹ്മദ് കുഞ്ഞ് സാഹിബുമായി ബന്ധപ്പെട്ട് ഞാൻ കണ്ട വലിയ പ്രത്യേകതകൾ;

ഏത് സാഹചര്യത്തിലും, എത്ര തിരക്കിലും, ഏതവസ്ഥയിലും, എത്ര രോഗത്തിലും അദ്ദേഹം ചെയ്തുവന്നിരുന്ന അമലുകളിൽ ലവലേശം വ്യത്യാസം വരുത്തുമായിരുന്നില്ല. അത് തന്നെയാണല്ലോ യഥാർത്ഥത്തിൽ ഇസ്തിഖാമത്ത്..!

പത്തു മുപ്പതു വർഷങ്ങൾക്ക് മുമ്പ് ദീനുമായിബന്ധപ്പെട്ടു. അന്നുണ്ടായിരുന്നതായ ത്വലബും, അല്ലാഹുവിലേക്കുള്ള ഇനാബത്തും, അല്ലാഹുവുമായി അടുക്കണമെന്ന് അന്നെടുത്ത തീരുമാനവും അവസാന നിമിഷം വരെ നിലനിന്നു.

തൽഫലമായി, തുടക്കത്തിൽ ചെറിയ രീതിയിൽ അക്ഷരങ്ങൾ മുതൽ ആരംഭിച്ച ഖുർആൻ പഠനം നിലയ്ക്കാത്ത ആഗ്രഹത്തിന്റെയും നിരന്തര പരിശ്രമത്തിന്റെയും ഫലമായി ഖുർആൻ മുഴുവൻ പഠിക്കുന്നതിലേക്കെത്തിച്ചുവെന്ന് മാത്രമല്ല, ജമാഅതുകളിലും മറ്റും അദ്ദേഹം കാരണമായി ഒട്ടേറെ ആളുകൾക്ക് ഖുർആൻ പഠിക്കാനും ദീനിന്റെ അറിവുകൾ നേടാനും സാധിച്ചു. അതിലുപരി, വർധിച്ചു കൊണ്ടിരുന്ന ആഗ്രഹത്തിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന് ഒരു സ്ഥാപനം തന്നെ നൽകി. അതിലൂടെ

എത്രയോ ആലിമീങ്ങൾ, ഹാഫിളീങ്ങൾ.. ജാരിയായ നിലയിൽ ഖിയമത്ത് വരെയുള്ള ഒരു സമ്പാദ്യത്തിന്റെ വക അല്ലാഹു അദ്ദേഹത്തിന് ഒരുക്കി കൊടുത്തു എന്നുള്ളതാണ്.

മറ്റൊന്ന് ഡോക്ടർ സാഹിബിൽ കണ്ടത്; മനുഷ്യൻ സാധാരണ തന്റെ ദുനിയാവിന് വേണ്ടി തന്റെ ആഖിറത്തെ നശിപ്പിക്കാറുണ്ട്.

മറ്റു ചിലയാളുകൾ തനിക്ക് പ്രത്യേകിച്ച് ആഗ്രഹങ്ങളും നഫ്സാനിയ്യത്തുമൊന്നുമില്ലെങ്കിലും, മറ്റുള്ളവരുടെ ദുനിയാവിന് വേണ്ടി തന്റെ ആഖിറത്തെ നശിപ്പിക്കാറുണ്ട്. ഇക്കൂട്ടർ മറ്റുള്ളവരെ തൃപ്തിപ്പെടുത്തുന്നതിന് വേണ്ടിയും മറ്റുള്ളരുടെ പരാതികൾ ഇല്ലാതാക്കാൻ വേണ്ടിയുമാണ് തന്റെ ആഖിറത്തെ നശിപ്പിക്കാറുള്ളത്, പല ന്യായീകരണങ്ങളോടെയാണ് അക്കാര്യങ്ങൾ ചെയ്യുന്നതെങ്കിൽ പോലും.

എന്നാൽ, ഡോക്ടർ സാഹിബിനെ സംബന്ധിച്ചടത്തോളം അദ്ദേഹം തന്റെ ആഗ്രഹങ്ങൾക്ക് വേണ്ടി തന്റെ ആഖിറത്തെ നശിപ്പിച്ചില്ലെന്ന് മാത്രമല്ല, മറ്റുള്ളവരുടെ തൃപ്തിയും , മറ്റുള്ളവർ എന്ത് പറയുമെന്നുള്ള തോന്നലുകളും ഈ വിഷയത്തിൽ വകവെച്ചിട്ടുപോലുമില്ല.

ഇതിന്റെ വ്യക്തമായ തെളിവാണ്, ഡോക്ടർ തന്റെ ആശുപത്രിയുമായി ബന്ധപ്പെട്ട വലിയ തിരക്കുകൾക്കിടയിലും നിസ്കാരത്തിലും മറ്റ് ദീനീ കാര്യങ്ങളിലും പുലർത്തിയിരുന്ന ശ്രദ്ധ. സാധാരണ വലിയ തിരക്കും കാര്യങ്ങളും ഉള്ളപ്പോൾ ആളുകൾ എന്ത് വിചാരിക്കും, തന്റെ പേഷ്യൻസ് ഇത്രയധികം ഇരിക്കുമ്പോൾ താൻ എങ്ങനെയാണ് പോകുന്നത് എന്നൊന്നും അദ്ദേഹം ആലോചിച്ചില്ല. ആ സമയത്തുപോലും തന്റെ റബ്ബിനെ മറക്കാൻ സാധിക്കുകയില്ല, തന്റെ റബ്ബിന്റെ കല്പന ഇതിനേക്കാളെല്ലാം ഉയർന്നതാണ് എന്നുള്ള ശരിയായ ബോധവും, ആ ഒരു ചിന്തയും ഉള്ളതിന്റെ പേരിൽ മാത്രമാണ് എത്ര തിരക്കുണ്ടെങ്കിലും തന്റെ റബ്ബിനെ ഇബാദത് ചെയ്യുന്നതിന് വേണ്ടി, തന്റെ റബ്ബിന്റെ വിളിക്കുത്തരം നൽകുവാൻ വേണ്ടി സമയം കണ്ടെത്താൻ കഴിഞ്ഞത്.

അല്ലാഹു തആല അദ്ദേഹത്തിന് ഇതിന്റെയെല്ലാം അർഹമായ പ്രതിഫലം നൽകുകയും, എന്തെല്ലാം കാര്യങ്ങളിൽ ഉമ്മത്തിന് അദ്ദേഹം മാതൃകയായി മാറിയിരുന്നോ ഉമ്മത്തിന് അവ ഉൾകൊള്ളാനും അത് വളർത്തിയെടുക്കാനുമുള്ള സൗഭാഗ്യം നൽകുകയും ചെയ്യട്ടെ! ആമീൻ ❑




**അൽ ഉസ്താദ് ഇൽയാസ് കൗസരി**
**ബിൻ മൂസാ മൗലാനാ**

നികത്താനാകാത്ത വിടവുകൾ സമ്മാനിച്ചു കൊണ്ടാണ് ഓരോ മഹത്തുക്കളും യാത്രയായിക്കൊണ്ടിരിക്കുന്നത്. അക്കൂട്ടത്തിൽ വലിയ നഷ്ടമുണ്ടാക്കിയ ഒന്നായിരുന്നു മർഹൂം അഹ്മദ് ഡോക്ടറിന്റെ മരണം. അല്ലാഹു ധാരാളം നൻമകൾ കൊണ്ട് അലങ്കരിച്ച അനുഗ്രഹീത വ്യക്തിത്വമായിരുന്നു മർഹൂം. അദ്ദേഹത്തിന്റെ വിവിധ നൻമകളെ ഇവിടെ പലരും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വ്യക്തിപരമായി ധാരാളം നൻമകൾ മുറുകെപ്പിടിച്ചതോടൊപ്പം ഒരുപാട് സാമൂഹ്യ നൻമകളിൽ ഭാഗവാക്കായി എന്നതും അദ്ദേഹത്തിന് ലഭിച്ച വലിയൊരു സൗഭാഗ്യമായിരുന്നു. സ്റ്റാർ ഹോസ്പിറ്റൽ ഡയറക്ടർ, ദാറുൽ ഉലൂം വൈസ് ചെയർമാൻ തുടങ്ങിയ അവസരങ്ങൾ മുതലാക്കി അദ്ദേഹം ദീനിനും സമൂഹത്തിനും സമർപ്പിച്ച സംഭാവനകൾ വളരെ മഹത്തരവും തികച്ചും മാതൃകാപരവുമായിരുന്നു.

റസൂലുല്ലാഹി (സ) അരുളി: നീ ഒന്നുകിൽ അറിവുള്ളവനാവുക, അല്ലെങ്കിൽ അറിവ് പഠിക്കുന്നവനോ ശ്രവിക്കുന്നവനോ സ്നേഹിക്കുന്നവനോ ആവുക. അഞ്ചാമതൊരു ഗണത്തിൽ നീ പെടരുത്, അത് നാശമാണ്.

ഉപരിസൂചിത ഹദീസിലെ സൗഭാഗ്യവാൻമാരായ നാല് കൂട്ടത്തിലും മർഹൂം പെട്ടിരുന്നു. ഒരുഭാഗത്ത് ആവശ്യകാര്യങ്ങൾ പഠിച്ച് കർശനമായി പാലിക്കുകയും, മറുഭാഗത്ത് നിരന്തരം കൂടുതൽ അറിവ് തേടിപ്പഠിച്ച് കൊണ്ടിരിക്കുകയും, അറിവിനെയും അറിവുള്ളരെയും അതുമായി ബന്ധപ്പെട്ട പ്രസ്ഥാന- സ്ഥാപനങ്ങളെയും സ്നേഹിച്ചാദരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നത് ഏവർക്കും സുബോധ്യമാണ്.

വിനീതന്റെ പിതാവ് വഴിയാണ് അദ്ദേഹം കൂടുതൽ ദീനുമായി ബന്ധം സ്ഥാപിച്ചത്. അതിന്റെ സ്നേഹവും ബന്ധവും എന്നോടും കാണിച്ചിരുന്നു. അത്തരത്തിൽ പല അനുഭവങ്ങളും മനസ്സിൽ ഉയർന്നു വരുന്നു.

മർഹൂമിന്റെ പല വാക്കുകളും പ്രവൃത്തികളും നമ്മുടെ പോലും കണ്ണ് തുറപ്പിക്കുന്ന തരത്തിലായിരുന്നു. ഒരിക്കൽ ഞാൻ കൊളസ്ട്രോൾ കുറയുന്നതിനായി വെളുപ്പിനെഴുന്നേറ്റ് നടക്കുന്നതിനെപ്പറ്റി അദ്ദേഹത്തോട് ചോദിച്ചപ്പോൾ വൈദ്യശാസ്ത്രം പഠിച്ച, ഈ വിഷയത്തിൽ വ്യക്തമായ കാഴ്ചപ്പാടുള്ള അദ്ദേഹം എന്നോട് പറഞ്ഞത് ആ സമയത്ത് നമുക്ക് 'വേറെയെന്തെല്ലാം നൻമകൾ ചെയ്യാൻ കഴിയും!' എന്നായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട, ദുആകൾക്ക് കൂടുതൽ സ്വീകാര്യതയുള്ള ഈ സമയത്തെ എന്തിനാണ് ശരീരത്തിന്റെ ആരോഗ്യത്തിന് വേണ്ടി മാത്രം ചെലവാക്കുന്നത്, നടക്കുകയെന്നത് കുറച്ച് വൈകിയാണെങ്കിലും സാധിക്കുമല്ലോയെന്ന് ഞാൻ ചിന്തിച്ചു. കൂട്ടത്തിൽ ആ മനുഷ്യന്റെ ഇലാഹീ ബന്ധവും നന്മ നിറഞ്ഞ മാനസികാവസ്ഥയും വിനീതൻ മനസ്സിലാക്കി.

തന്റെ പാതയിൽ സഞ്ചരിക്കുന്ന ഒരു മകനെ വാർത്തെടുക്കാൻ കഴിഞ്ഞുവെന്നതും അദ്ദേഹത്തിന് ലഭിച്ച സൗഭാഗ്യമാണ്. അദ്ദേഹത്തിന്റെ മകൻ ഡോക്ടർ ബദറുമായി ചെറിയ ബന്ധമുണ്ട്. അദ്ദേഹം കൊല്ലം ജില്ലാ ഹോസ്പിറ്റലിൽ സേവനം ചെയ്ത സന്ദർഭത്തിൽ ഞാൻ കൊല്ലം മർക്കസിൽ ഉണ്ടായിരുന്നു. അദ്ദേഹം നമസ്കരിക്കാൻ വന്നുകൊണ്ടിരുന്നത് മർക്കസിലായിരുന്നു. പെരുമാറ്റം, വിനയം എല്ലാം വാപ്പയുടേത് പോലെ തന്നെ. പിതാവിന്റെ സ്നേഹിതന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്നതും അദ്ദേഹത്തിന്റെ വലിയ നൻമയായി മനസ്സിലാക്കുന്നു.

നമ്മുടെ സ്ഥാപനം ദാറുൽ ഉലൂമിന്റെ ചെറിയ കാര്യങ്ങൾക്കു പോലും മഷൂറകളിൽ മർഹൂം പങ്കെടുക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. പരിപാടികളിൽ സജീവ സാന്നിധ്യം ഉണ്ടായിരുന്നില്ലെങ്കിലും എല്ലാ കാര്യങ്ങളിലും ശക്തമായ പിന്തുണയും സഹായവുമായിരുന്നു.

സ്റ്റാർ ഹോസ്പിറ്റൽ ഡയറക്ടർ എന്ന നിലയിൽ മത ഭേദമന്യേ മുഴുവൻ മനുഷ്യരും അദ്ദേഹത്തിന്റെ ഉപകാരങ്ങൾ അനുഭവിച്ചു. പെരുമാറ്റം ഇസ്ലാമിന്റെ ഉയർന്ന സംസ്കാരവും മൂല്യങ്ങളും മുറുകെപ്പിടിച്ച് കൊണ്ടുള്ളതായിരുന്നു. ഇതര മതസ്ഥർക്കുപോലും ഇസ്ലാമിനോടും മുസ്ലിംകളോടും സ്നേഹവും അടുപ്പവുമുണ്ടാകാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കാരണമായിട്ടുണ്ട്. അദ്ദേഹം

ഹോസ്പിറ്റലിൽ പോകുന്നത് തന്നെ പല രോഗികൾക്കും സമാധാനമായിരുന്നു. അദ്ദേഹത്തിൻറെ പെരുമാറ്റം, വശ്യമായ ഇടപെടൽ ഇതെല്ലാം ഒരു പരിധിവരെ അസുഖം ഉള്ളവരുടെ അസുഖത്തിന് ശമനമായിരുന്നുവെന്നത് സത്യമാണ്.

അദ്ദേഹത്തിന്റെ സ്വീകാര്യത എത്രയാണെന്നത്, ജനാസ നമസ്കാരത്തിൽ കൂട്ടംകൂട്ടമായി പലപ്രാവശ്യം പങ്കെടുത്ത വൻ ജനാവലി കണ്ടവർക്ക് വ്യക്തമാണ്.

ഇങ്ങനെ നികത്താനാവാത്ത ഒരുപാട് വിടവുകൾ സമ്മാനിച്ചാണ് മർഹൂം യാത്രയായത്. ആ മഹാനുഭാവന്റെ ഖബർ അല്ലാഹു സ്വർഗ്ഗ പൂങ്കാവനം ആക്കട്ടെ! അദ്ദേഹം ചെയ്തിട്ടുള്ള മുഴുവൻ നന്മകളും സർവ്വശക്തനായ അല്ലാഹു അറിയുന്നവനാണ്, അതിനെല്ലാം അവൻ സമുന്നത പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ! അദ്ദേഹത്തിന്റെ നൻമകൾ മുറുകെ പിടിക്കാൻ പിൻഗാമികൾക്ക് നാഥൻ ഉതവി നൽകട്ടെ!

❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑


**ഇപ്പോൾ വിപണിയിൽ**

# കാരുണ്യത്തിന്റെ തിരുദൂതർ

**നബവീ ചരിത്രം ആസ്വദിച്ച് വായിക്കാൻ, പ്രിയപ്പെട്ടവർക്കും കുരുന്നുകൾക്കും ഇരുലോകത്തും ഉപകാരപ്പെടുന്ന സമ്മാനങ്ങൾ നൽകാൻ ഓരോ വീട്ടിലും ഉണ്ടായിരിക്കേണ്ട ഗ്രന്ഥം**

**കോപ്പികൾക്ക് ദാറുൽ ഉലൂമുമായി ബന്ധപ്പെടുക.**

# ഡോ. അഹ്മദ് കുഞ്ഞ്;
## മഹത്തായ ഒരു മാതൃകാ വ്യക്തിത്വം



**അൽ ഉസ്താദ് ഹാഫിസ് മുഹമ്മദ് ഉനൈസ് മൗലവി അൽ ഖാസിമി ബിൻ ശൈഖുനാ മുഹമ്മദ് ഈസാ മംബഈ (റഹ്)**

ആത്മാർത്ഥമായ ദീനീ സേവനം, കച്ചവടവത്ക്കരിക്കാത്ത ആതുര സേവനം, ദീനി സേവകരോട് നല്ല ബന്ധം, വിശിഷ്യാ ഉലമാക്കളോട് ആത്മബന്ധം, വിശുദ്ധ ഖുർആനിനോട് വലിയ സ്നേഹം തുടങ്ങി ധാരാളം നന്മകൾ ഒത്തിണങ്ങിയ വ്യക്തിയായിരുന്നു മർഹൂം അഹ്മദ് കുഞ്ഞ് ഡോക്ടർ. എന്റെ പിതാവിനോട് അങ്ങേയറ്റത്തെ ആത്മാർത്ഥ സ്നേഹമായിരുന്നു. പിതാവിന്റെ വിയോഗം വരെ അത് കാത്തു സൂക്ഷിക്കുകയും ചെയ്തു. വിയോഗ ദിവസം കുടുംബവുമൊത്ത് ഓടിയെത്തുക മാത്രമല്ല, വിയോഗശേഷം ഒരു മാസമായപ്പോൾ വീണ്ടും കുടുംബവുമൊത്ത് ഉമ്മായെ കാണാൻ വരുകയും ഏറെ നേരം വീട്ടിൽ ചിലവഴിക്കുകയും ചെയ്തു.

ഞാൻ കായംകുളത്ത് നിന്നും ഈരാറ്റുപേട്ടയിൽ എത്തിയ ആദ്യകാലങ്ങളിൽ ചികിത്സാർത്ഥം സ്റ്റാർ ഹോസ്പിറ്റലിൽ അദ്ദേഹത്തിന്റെയടുക്കൽ എത്തിയാൽ അസുഖം ചോദിച്ച് മരുന്നെഴുതിയ ശേഷം ഫൗസിയ്യായിൽ നടക്കുന്ന മുതിർന്ന വ്യക്തികൾക്കുള്ള ഖുർആൻ ക്ലാസിനെക്കുറിച്ച് വിശദമായി ചോദിച്ചറിയുകയും അതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമായി എന്നെ ഓർമ്മപ്പെടുത്തുകയും, എനിക്ക് ഖുർആൻ പാരായണം നല്ല വശമില്ലായെന്നും ഞങ്ങൾ കുറച്ച് പേർ ചേർന്ന് ഒരു ഉസ്താദിനെ നിശ്ചയിച് ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുകയാണെന്നും പറയുമായിരുന്നു. വെളിയിൽ ധാരാളം രോഗികൾ കാത്തുനിൽക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ ഈ ദീർഘമായ സംസാരം എന്നെ അസ്വസ്ഥനാക്കിയിരുന്നു. ഒരു പ്രാവശ്യം ഞാൻ അക്കാര്യം സൂചിപ്പിച്ചപ്പോൾ അത് സാരമില്ലായെന്നും വേറെയും ഡോക്ടർമാർ

ഇവിടെയുണ്ടന്നും പറഞ്ഞു. അതിന് ശേഷം അദ്ദേഹം രണ്ടോ മൂന്നോ പ്രാവശ്യം ഞാൻ ഇമാമായ ഹുദാ മസ്ജിദിൽ വന്നപ്പോൾ ദീർഘനേരം ഖുർആൻ ശരീഫ് പാരായണം ചെയ്യുന്നതായി കണ്ടു. അദ്ദേഹത്തിന്റെ ഈ നല്ല രീതി കണ്ട് എന്നോട് ആശ്ചര്യം പ്രകടിപ്പിച്ച ചിലരോട് അദ്ദേഹം ഒരു ഡോക്ടറാണന്ന് ഞാൻ പറഞ്ഞപ്പോൾ അവർ അമ്പരന്നുപോയി. ഇങ്ങനെ ധാരാളം നന്മകളുള്ള ഒരു വ്യക്തിയായിരുന്നു ഡോക്ടർ സാഹിബ്.

എന്റെ ഓർമ്മ ശരിയാണങ്കിൽ 1990 കാലഘട്ടം. കായംകുളം ഹസനിയ്യ മദ്റസയിൽ ഹിഫ്ളുൽ ഖുർആൻ പൂർത്തിയാക്കി ശരീഅ: കോഴ്സിന് പഠിക്കുന്ന കാലം. റമളാനിന് മുമ്പായി അവധിയിൽ പത്ത് ദിവസം ജമാഅത്തിൽ പോകുന്ന പതിവുണ്ടായിരുന്നു. ആ വർഷം ഞങ്ങളുടെ അമീർ അബ്ദുശ്ശക്കൂർ മൗലവിയായിരുന്നു. അദ്ദേഹത്തിന്റെ ജമാഅത്തിൽ പോകാൻ ഞാൻ ആഗ്രഹിക്കുകയും അതിന്നായി പ്രിൻസിപ്പളായിരുന്ന പിതാവിന്റെയടുക്കൽ പറഞ്ഞ് പേര് ചേർക്കുകയും ചെയ്തിരുന്നു. കാരണം അദ്ദേഹം വളരെ നല്ല നിലയിൽ ജമാഅത്തിനെ നയിക്കുകയും കൂട്ടത്തിലുള്ള സഹപാഠികളായ അംഗങ്ങളോട് മാന്യമായ പെരുമാറ്റം കാഴ്ചവെയ്ക്കുകയും ദീനിന്റെ പ്രവർത്തനത്തെക്കുറിച്ച് നല്ല ചിന്ത ഉണ്ടാക്കിത്തരുകയും ചെയ്യുമായിരുന്നു. അങ്ങനെ ഞങ്ങളുടെ ജമാഅത്ത് ഒരു ദിവസം പിന്നിട്ടു. പിറ്റേന്ന് സുബ്ഹി നമസ്ക്കാരം കഴിഞ്ഞ് തബ്ലീഗ് പ്രവർത്തകർ ഒരുമിച്ച് കൂടി തലേ ദിവസത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചോദിച്ചപ്പോഴാണ്, അവർ ഞങ്ങളെ പറഞ്ഞയച്ചത് റെയിൽവേ സ്റ്റേഷൻ എത്തുന്നതിന് മുമ്പുള്ള പള്ളിയിലേയ്ക്കാണന്നും ഞങ്ങൾ റെയിൽവേ സ്റ്റേഷൻ കഴിഞ്ഞുള്ള പള്ളിയിലാണ് എത്തിയതെന്നും മനസ്സിലായത്. കൂട്ടത്തിൽ ഈ പള്ളിയും സ്ഥലവും മർഹൂം ഡോ: അഹ്മദ് കുഞ്ഞ് സാഹിബിന്റെ പിതാവിന്റേതായിരുന്നെന്നും ഇപ്പോൾ അത് ഡോക്ടറിന്റെ അധീനതയിലാണന്നും അറിഞ്ഞു. അത്ര സജീവമല്ലായിരുന്ന ആ മസ്ജിദിൽ നാട്ടുകാരുടെ സഹകരണത്തോടെ ചെറിയ നിലയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. അത്ഭുതമെന്ന് പറയട്ടെ, ഞങ്ങൾ വഴിതെറ്റിയെത്തിയ ആ മസ്ജിദാണ് ഇന്ന് ദാറുൽ ഉലൂം എന്ന പേരിൽ മഹത്തായ സ്ഥാപനമായി തലയുയർത്തി നിൽക്കുന്നത്..!

ഓച്ചിറ ദാറുൽ ഉലൂമിന്റെ സംസ്ഥാപനത്തിന് മുൻകൈയെടുത്തത് അബ്ദുശ്ശക്കൂർ ഉസ്താദ് ആണെങ്കിലും അതിന് എല്ലാ രീതിയിലുമുള്ള പിന്തുണ നൽകിയത് ഡോ: അഹ്മദ് കുഞ്ഞ് സാഹിബായിരുന്നു എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഡോക്ടർ അവർകൾ ഇത്തരം എല്ലാ കാര്യങ്ങളും മുഷാവറ ചെയ്തിരുന്നത് എന്റെ പിതാവ് ശൈഖുനാ മുഹമ്മദ് ഈസ ഉസ്താദിനോടായിരുന്നു. ഈ മൂന്ന്

പേരുടെയും നന്മയ്ക്ക് വേണ്ടിയുള്ള കൂട്ടായ്മയുടെ ഫലമാണ് ഓച്ചിറ റെയിൽവേ സ്റ്റേഷന് സമീപം ഉയർന്ന് നിൽക്കുന്ന മഹത്തായ ദീനീ സംരംഭം ദാറുൽ ഉലൂം ഇസ് ലാമിയ്യ.

ഈ സ്ഥാപനം കാണുമ്പോൾ പ്രധാനമായും രണ്ട് കാര്യങ്ങളാണ് നാം മനസ്സിലാക്കേണ്ടത്; ഒന്നാമതായി, നാം ചെയ്യുന്ന കാര്യങ്ങളിൽ ആത്മാർത്ഥത (ഇഖ്ലാസ് ) ഉണ്ടെങ്കിൽ അതിനെ അല്ലാഹു വളർത്തി നാം വിചാരിക്കുന്നതിനെക്കാളും ഉന്നതിയിലാക്കും. രണ്ടാമതായി, ദീനിന് വേണ്ടി നാം ചെയ്യുന്ന ഏത് കാര്യവും നമ്മുടെ നോട്ടത്തിൽ എത്ര ചെറുതാണങ്കിലും നിസ്സാരമായി കാണരുത്.

അല്ലാഹു ഡോക്ടറുടെ പരലോകജീവിതം സന്തോഷകരമാക്കട്ടെ! ദാറുൽ ഉലൂമിനെ ഉന്നതിയിൽ നിന്നും ഉന്നതിയിലേയ്ക്ക് ഉയർത്തുമാറാകട്ടെ! ഡോക്ടറുടെ കുടുംബത്തെ അല്ലാഹു ഇരുലോകത്തും അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ.

❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑

**ആഇഷ (റ) വിവരിക്കുന്നു. അവർ എന്തെങ്കിലും കൊടുക്കുമ്പോൾ അവരുടെ ഹൃദയം ഭയക്കുന്നതായണ്. എന്ന ആയത്തിനെ കുറിച്ച് റസൂലുല്ലാഹി (സ) യോട് ഞാൻ ചോദിച്ചു: മദ്യപിക്കുകയും മോഷ്ടിക്കുകയും ചെയ്യുന്നവരാണോ ഇത് കൊണ്ടുള്ള ഉദ്ദേശം.? റസൂലുല്ലാഹി (സ) അരുളി: സിദ്ധീഖിന്റെ മകളെ, അല്ല. നോമ്പനുഷ്ടിക്കുകയും നമസ്കരിക്കുകയും ദാന ധർമ്മം നൽകുകയും ചെയ്യുന്നവരാണ് ഈ ആയത്തിലെ വിവക്ഷ. എന്നാൽ അവരുടെ സത്കർമ്മങ്ങൾ സ്വീകരിക്കപ്പെടാതിരുക്കുമോ എന്ന് അവർ ഭയപ്പെടുന്നു. അവരാണ് നന്മകളിൽ വേഗത കാണിക്കുന്നവർ, നന്മകളിലേക്ക് മുന്നേറുന്നവരും**



# ജ്ഞാനദാഹിയായ ഭിഷഗ്വരൻ

ഉസ്താദ് അബ്ദുല്ല ബാഖവി
ഇമാം, ഠൗൺ ജുമാ മസ്ജിദ് – ഓച്ചിറ

അല്ലാഹു ദുനിയാവിൽ കുറഞ്ഞകാല ജീവിതം നമുക്ക് നൽകി. അത് മുതലാക്കിയവർ രക്ഷപെട്ടു. അതിനെ നഷ്ടപ്പെടുത്തിയവർ പരാജയപ്പെട്ടു. ഖുർആൻ പറയുന്നു.മരണത്തെയും ജീവിതത്തെയും അവൻ സൃഷ്ടിച്ചത് നിങ്ങളിൽ ആരാണ് സൽപ്രവർത്തികൾ ചെയ്യുന്നവരെന്ന് പരീക്ഷിച്ചറിയുന്നതിനാണ്. ഈ പരിശോധന വെറുതെ അല്ല. സൽപ്രവർത്തികൾ ചെയ്യുന്നവർക്ക് വലിയ കൂലി നൽകുവാനും ഖേദിച്ച് മടങ്ങുന്നവർക്ക് മാപ്പ് നൽകുന്നതിനും വലിയ പ്രതിഫലങ്ങൾ കൊടുക്കുന്നതിനുമാണ്.

ആ പരിശോധകനാകട്ടെ ധാരാളം വലിയ വലിയ ഗുണ വിശേഷണങ്ങൾ ഉണ്ട്. അവൻ കൃപ ചെയ്യുന്നവരിൽ അങ്ങേയറ്റം കൃപ ചെയ്യുന്നവനാണ്, സകല പാപങ്ങളും പൊറുത്തു തരുന്നവനാണ്, പശ്ചാത്തപിക്കുന്നവരെ ഏറ്റെടുക്കുന്നവനാണ്, എന്നല്ല മനിതൻ ജീവിതത്തിൽ ചെയ്ത് പോയ മുഴുവൻ തിന്മകളെയും നന്മകളാക്കി മറിച്ച് തരാൻ കഴിവുള്ളവനുമാണ്.

അങ്ങനെയുള്ള അല്ലാഹുവിന്റെ മഹത്തായ കൃപ അവന്റെ സർവ്വ ചരാചരങ്ങളിലും നാം കാണുന്നുമുണ്ട്. ഏതുവരെയെന്നാൽ പുണ്യ പ്രവാചകൻ മുഹമ്മദ്നബി (സ)യെ അറുകൊല ചെയ്യാൻ വന്ന ഉമർ(റ) നെ അതേ നബി തങ്ങളുടെ ഉമ്മത്തിലെ രണ്ടാം സ്ഥാനക്കാരനാക്കി വിസ്മയിപ്പിച്ചു. ഹംസ (റ) യെ അതിക്രൂരമായി കൊല ചെയ്ത വഹ്ശിയെയും ഹിന്ദിനെയും ഉന്നതരായ സ്വഹാബാക്കളുടെ കൂട്ടത്തിൽ ചേർത്ത് കൃപയുടെ കരുണക്കടൽ കാഴ്ചവെച്ചു. ഇസ്ലാമിന്റെ കഠിന ശത്രുക്കളായിരുന്ന അബൂജഹലിന്റെയും അബൂലഹബിന്റെയും മക്കളെ അഴുക്കുചാലിൽ നിന്നും സ്വർഗീയ ആരാമങ്ങളിലേക്ക് ഉയർത്തി അഖില ലോകർക്കും അവസാനം വരെ മാതൃകയായ സഹാബാക്കളിൽ ഉൾപ്പെടുത്തി. ഇത്രയധികം ക്രൂരതകൾ ചെയ്തവർക്കു പൊറുത്തു കൊടുത്ത അല്ലാഹുവിന്റെ കാരുണ്യമെത്ര നിസ്സീമം.!

അത് ആർക്കും അല്ലാഹു നൽകും. അവിടെ വർഗ വർണ്ണ ഭാഷ ദേശ വ്യത്യാസങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല.

അങ്ങനെ അല്ലാഹുവിന്റെ കരുണക്കടലിൽ മുങ്ങുവാനും അത് വളരെയേറെ ആർത്തിയോടെ പാനം ചെയ്യാനും ഭാഗ്യം സിദ്ധിച്ച ഒരു വ്യക്തിയെ കുറിച്ചാണ് നാം ഇവിടെ സ്മരിക്കുന്നത്.
അഥവാ ഓച്ചിറ ദാറുൽ ഉലൂം മദ്റസയുടെ അമരക്കാരനും, സ്റ്റാർ ഹോസ്പിറ്റൽ ഉടമയുമായിരുന്ന മർഹും അൽ ഹാജ് ഡോ: അഹ്മദ് കുഞ്ഞ് സാഹിബ്.

സാധാരണ ആളുകളെ പോലെ സൗകര്യം കിട്ടിയാൽ ഒന്ന് നിസ്കരിച്ചു എപ്പോഴെങ്കിലുമൊക്കെ ഒരു നോമ്പും പിടിച്ചു എന്തെങ്കിലും ആർക്കെങ്കിലുമൊക്കെ കൊടുത്ത് ഇങ്ങനെ ഒരു ജീവിതം നയിച്ചു കൊണ്ടിരിക്കുന്നതിനിടയിലാണ് ഓച്ചിറ മരുതവന മർഹൂം ഇബ്രാഹിം കുട്ടി ഹാജി ഡോക്ടർ സാഹിബുമായി അടുക്കുന്നത്.ആ അടുപ്പം ഈരാറ്റുപേട്ട മർഹൂം ഈസ ഉസ്താദിലേക്ക് നീങ്ങി. ഡോക്ടറുടെ ജീവിതത്തിലെ മാറ്റങ്ങൾക്ക് അത് തുടക്കം കുറിച്ചു. അൽഹംദുലില്ലാഹ്
. അങ്ങനെ 1989ൽ അല്ലാഹുവുമായി അടുത്തേ തീരൂ എന്ന അത്യാഗ്രഹത്താൽ അല്ലാഹുവിന്റെ ഭവനമായ കഅ്ബതുശ്ശരീഫയിലേക്ക് തന്നെ യാത്രയായി. അദ്ദേഹത്തെ ആ യാത്രക്ക് പ്രേരിപ്പിച്ച ഘടകം ജീവിതത്തിൽ സംഭവിച്ചു പോയ ചില്ലറ അപരാധങ്ങൾ തന്റെ നാഥന്റെ വീട്ടിൽ പോയി ഏറ്റുപറഞ്ഞ് പാപ മോചനം കരസ്ഥമാക്കുക, ഹബീബായ മുത്തിന്റെ (സ) റൗദ സിയാറത് ചെയ്യുക, പുതിയൊരു ജീവിതത്തിന് തുടക്കം കുറിക്കുക എന്നത് മാത്രമായിരുന്നു. അങ്ങനെ അദ്ദേഹം യാത്ര തിരിക്കുന്നു. ആ യാത്രയിൽ ബഗ്ദാദിലേക്കും തുടർന്ന് പല പ്രവാചകന്മാരുടെയും അന്ത്യ വിശ്രമം കൊണ്ട് അനുഗ്രഹീതമായ മറ്റ് പല സ്ഥലങ്ങളിലേക്കും പേകാനുള്ള ഭാഗ്യം ലഭിക്കുന്നു. അങ്ങനെ അദ്ദേഹം ഹജ്ജ് കഴിഞ്ഞു നാട്ടിലേക്ക് തിരിച്ചെത്തി.

മറ്റു പലരിലും കാണാത്ത ഹജ്ജിന്റെ സ്വീകാര്യതയുടെ പല അടയാളങ്ങളും അദ്ദേഹത്തിൽ ദർശിക്കുവാനിടയായി. അതുവരെ തൊപ്പി ധരിക്കാതിരുന്ന അദ്ദേഹം തൊപ്പി സ്ഥിരമാക്കി, ഷർട്ട് തന്നെ ഫുൾ കൈ ആക്കി, ഇബാദത്തിൽ കൃത്യത പുലർത്തി, കഴിവിന്റെ പരമാവധി ജമാഅത് നമസ്കാരങ്ങൾക്ക് മുടങ്ങാതെ പങ്ക് കൊണ്ടു. അങ്ങനെയിരിക്കെയാണ് തനിക്ക് പരിശുദ്ധ ഖുർആൻ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ലല്ലോ എന്ന വ്യാകുലത അദ്ദേഹത്തെ പിടികൂടിയത്. അങ്ങനെ അദ്ദേഹം സ്വന്തം ചിലവിൽ ഒരു ഉസ്താദിനെ ഓച്ചിറയിൽ കൊണ്ട് വന്ന് താമസിപ്പിച്ച് പഠനം ആരംഭിച്ചു. അദ്ദേഹത്തിൽ നിന്നും കുറഞ്ഞ നാളുകൾ കൊണ്ട് ഖുർആനിൽ നിന്നുള്ള അക്ഷരങ്ങളും തജ്‌വീദിൽ നിന്നുള്ള കുറഞ്ഞ നിയമങ്ങളും അദ്ദേഹം സായത്തമാക്കി. ശേഷം ആ ഉസ്താദ് അവിടെ നിന്നും പോയി.

വീണ്ടും പഠിക്കണമെന്ന അതിയായ ആഗ്രഹത്താൽ അദ്ദേഹം നടക്കുമ്പോഴാണ് 1998 പരിശുദ്ധ റമദാൻ മാസത്തിൽ ഈയുള്ളവനുമായി ബന്ധപ്പെടുന്നതും നമുക്ക് എന്തെങ്കിലും പഠിപ്പിച്ചു തരണമെന്ന് ആവശ്യപ്പെട്ട് എന്റെ വീട്ടിൽ വരുന്നതും. അപ്പോൾ ഞാൻ ബാഖിയാത്തിൽ നിന്ന് ആദ്യ വർഷത്തെ ലീവിന് നാട്ടിൽ എത്തിയതായിരുന്നു. ഡോക്ടർ സാഹിബിന്റെ നിർബന്ധത്തിൽ റമദാനിൽ ഓച്ചിറ ടൗൺ മസ്ജിദിൽ ക്ലാസ്സ് തുടങ്ങി. ആ ക്ലാസ്സിൽ കൂടുതലും മസ്അലാ ചർച്ചകൾ ആയിരുന്നു. അദ്ദേഹത്തിന് മസ്അല ക്ലാസുകൾ വളരെ അധികം താൽപര്യമായിരുന്നു. വീണ്ടും അടുത്ത വർഷം റമദാനും അതുപോലെ ക്ലാസുകൾ നടന്നു.

അങ്ങനെയിരിക്കെ 1999 ഫെബ്രുവരി ആദ്യത്തിൽ ഓച്ചിറ വടക്കേ മുസ്ലിം ജമാഅത്തിൽ ഞാൻ മുദർരിസ് ആയി സേവനം അനുഷ്ഠിക്കാൻ തുടങ്ങി. അദ്ദേഹവും മറ്റ് ചില സഹോദരങ്ങളും വീണ്ടും എന്റടുക്കൽ വരികയും അറബി ആദ്യാക്ഷരം മുതൽ നമുക്ക് ക്ലാസുകൾ ആരംഭിക്കണം. പ്രായമാവർക്കൊക്കെ അതൊരു സഹായകരമാകും എന്ന് നിർബന്ധിച്ചു. അങ്ങനെ അവരുടെ നിർബന്ധ പ്രകാരം വയോജന വിദ്യാഭ്യാസം ഓച്ചിറ ടൗണിൽ ആരംഭിച്ചു. ആ ക്ലാസിൽ ഖുർആൻ തജ്വീദ് സഹിതം പഠിപ്പിക്കുകയുണ്ടായി.

ഇതിനിടയിൽ 2001 ജൂലൈ മാസത്തിൽ ഞാൻ ഓച്ചിറ ടൗൺ മസ്ജിദ് ഇമാമായി സേവനം ആരംഭിച്ചു.

അദ്ദേഹത്തിന്റെ അറിവിനോടുള്ള അടങ്ങാത്ത ആഗ്രഹം അവിടെ അവസാനിച്ചില്ല. അദ്ദേഹം വീണ്ടും എന്നോട് ആവശ്യപ്പെട്ടു തനിക്ക് ഖുർആന്റെ ആശയം പഠിക്കണം. അങ്ങനെ അദ്ദേഹവും കൂട്ടുകാരും നീണ്ട 12 വർഷക്കാലം കൊണ്ട് ഖുർആനിലെ 30 ജൂസ്ഇന്റെയും ആശയം പഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കടുത്ത ജോലിത്തിരക്കിനിടയിലും സുബ്ഹിക്ക് ശേഷമുള്ള കുറച്ചു സമയം അതിനായി കൃത്യതയോടെ മാറ്റിവെച്ചു. ഓരോ ഖത്തം തീരുമ്പോൾ നമുക്ക് ഒന്ന് കൂടി ആവർത്തിക്കാം നമുക്ക് കുറച്ച് കൂടി പഠിക്കാം എന്ന് ആവശ്യപ്പെടുന്നു. ഏതാണ്ട് അവസാന സമയം വരെയും ഈ അവസ്ഥയിൽ പോകുന്നു.

അതിനിടയിൽ അദ്ദേഹം മാറ്റൊരാഗ്രഹവുമായി വരുന്നു. ഇഷാഇന് ശേഷം വളരെ കുറഞ്ഞ സമയമായാലും എന്തെങ്കിലും പഠിപ്പിച്ചു തരണം. പള്ളിയിൽ എല്ലാ മനുഷ്യർക്കും ഉപകരിക്കുന്ന ഒരു ക്ലാസ്സ് തുടങ്ങണം. വളരെ അധികം പരിമിതികൾ ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ആഗ്രഹത്തിന് മുമ്പിൽ അതെല്ലാം വഴി മാറുകയായിരുന്നു. അങ്ങനെ ഇശാഇനു ശേഷം വുദു മുതൽ ഉള്ള മസ്അലാ ക്ലാസ്സ് തുടങ്ങി. അദ്ദേഹത്തിന്റെ പോക്കറ്റിൽ എപ്പോഴും

ഒരു പേനയും ഒരു കൊച്ച് ഡയറിയും ഉണ്ടായിരിക്കും. ഒരു വിദ്യാർത്ഥി യെ പോലെ എല്ലാം അദ്ദേഹം കുറിച്ചെടുത്തു. പ്രത്യേകിച്ച് അദ്ദേഹ ത്തിന്റെ ദൈനംദിന ജീവിതത്തോട് ബന്ധപെട്ട് കിടക്കുന്ന തയമ്മും, പ്ലാസ്റ്റർ ഇടൽ, സകാത്ത് തുടങ്ങിയ വിഷയങ്ങളുടെ മസ്അലകൾ യാതൊരു വിധ മടിയും കൂടാതെ സംശയങ്ങൾ ചോദിച്ചും മറ്റും കൂടുത ൽ ശ്രദ്ധയോടെ പഠിച്ചു. മാത്രമല്ല നോമ്പ് നഷ്ടപ്പെടുത്തിയാൽ ഉള്ള ഫിദ്‌യയും മറ്റും മനസ്സിലാക്കി താൻ ആദ്യ കാലത്ത് നഷ്ടപ്പെടുത്തിയ നോമ്പ് മുഴുവൻ വീണ്ടെടുക്കാനുള്ള ശ്രമം ആരംഭിച്ചു. എല്ലാ തിങ്കളും വ്യാഴവും നഷ്ടപ്പെട്ട്പോയ ഫർള് നോമ്പുകൾ പിടിച്ചു വീടുന്നു .ഓരോ മാസവും അരിയെടുത്ത് (മിക്കവാറും അതെന്നെ തന്നെ ഏല്പി ക്കാറായിരുന്നു പതിവ്) അതും വളരെ നിർധനരായ ആലിമീങ്ങൾക്ക് തന്നെ നൽകുമായിരുന്നു. അങ്ങനെ ക്വിന്റൽകണക്കിന് അരി കൊടു ത്ത് തന്റെ ഫിദ്‌യ മുഴുവൻ അദ്ദേഹം പൂർത്തീകരിച്ചു. അതുകൂടാതെ തന്നെ തന്റെ ജീവിതത്തിൽ വിട്ട് പോയ നമസ്കാരങ്ങൾ ഒരു ദിവസം ഏഴ് ദിവസത്തെ നമസ്കാരം വീതം ഖളാഅ് വീട്ടി. അങ്ങനെ അദ്ദേഹം തന്റെ മുഴുവൻ നോമ്പ് നമസ്കാരങ്ങളുടെ ബാധ്യതകൾ തീർത്തു.

അങ്ങനെ നാളുകൾ കടന്ന് പോകുന്നതിനിടയിൽ ഒരു ദിവസം അദ്ദേഹം വന്ന് പറയുന്നു; മനസ്സിന് കുറച്ച് തഖ്‌വയും ഇഖ്‌ലാസും അമലുകളിൽ കുറച്ചു കൂടി വർദ്ധനവും ലഭിക്കുവാനായി എന്താണ് പഠിക്കേണ്ടത്. അങ്ങനെ ഒരു കൂട്ടായ ആലോചനയിൽ മഹാനായ സൈനുദ്ധീൻ മഖ്ദൂമിന്റെ അദ്കിയ എന്ന കിതാബ് വളരെ അധികം ഉപയോഗപ്പെടുമെന്ന് മനസ്സിലായി. അത് ആരംഭിച്ചു.

ആ ക്ലാസ് തീർന്നപ്പോൾ അദ്ദേഹം പറഞ്ഞു. മനസ്സ് വളരെ റാഹത്തായി. നമുക്ക് അത് ഒന്ന് കൂടി ഓതണം. അങ്ങനെ അത് വീ ണ്ടും ഓതി. രണ്ടാം പ്രാവശ്യവും ഓതി കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു എനിക്ക് നബി (സ)യെ കുറിച്ച് കൂടുതൽ പഠിക്കണം അതിന് പറ്റിയ ഏതെങ്കിലും കിതാബ് എടുക്കണം അങ്ങനെ ഇഷാഇന് ശേഷം ശമാഇലു ത്തിർമിദി ഓതുവാൻ ആരംഭിച്ചു. അതിന്റെ ക്ലാസ്സ് തുടരുന്ന തിനിടയിൽ ഒരു ദിവസം അദ്ദേഹം ക്ലാസ്സിൽ നബി (സ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന വസ്ത്രം ഖമീസ് ആയിരുന്നു എന്ന ഹദീസ് കേൾക്കുവാനിടയായി. പിന്നെ ഒട്ടും അമാന്തിച്ചില്ല. തന്റെ വസ്ത്രം ഖമീസാക്കി. അവിടം മുതൽ ജീവിതത്തിലുടനീളം അദ്ദേഹത്തിന്റെ വസ്ത്രം ഖമീസായി മാറുകയായിരുന്നു. അവസാനം ജനാസയായി വീട്ടിൽ വരുമ്പോഴും ആ ഖമീസിലായിരുന്നു.

ആ വിജ്ഞാന ദാഹവും അത് തന്റെ ജീവിതത്തിന്റെ ഭാഗമാ ക്കാനുള്ള കൊതിയും അദ്ദേഹത്തെ വീണ്ടും വീണ്ടും മുന്നോട്ട് കൊണ്ട് പോവുകയായിരുന്നു. അങ്ങനെ ശമാഇലുത്തിർമിദി കഴിഞ്ഞതിനു

ശേഷം അദ്ദേഹം പറഞ്ഞു .

നമുക്ക് ഇനി ജീവിതത്തിന്റെ മുഴുവൻ കാര്യങ്ങളും ചിട്ടയോടെ കൊണ്ട് പോകാൻ കുറച്ച് ആദാബ് (മര്യാദകൾ) ഹദീസ് മുഖേന പഠിക്കണം. കാരണം ഹദീസ് മനസ്സിനെ വളരെ അധികം സ്വാധീനിക്കുന്നുണ്ട്. അങ്ങനെയാണ് ഇമാം ബുഖാരി (റഹ്) യുടെ അദബുൽ മുഫ്റദും റിയാളുസ്സ്വാലിഹീനും പഠിക്കുവാൻ ആരംഭിക്കുന്നത്. അങ്ങനെ അദബുൽ മുഫ്റദ് കഴിഞ്ഞ് രിയാളുസ്സ്വാലിഹീൻ ആയി. അത് കഴിഞ്ഞ് വീണ്ടും ഒന്ന് കൂടി അദബുൽ മുഫ്റദ് ഓതണമെന്ന അദ്ദേഹത്തിന്റെ ആവശ്യ പ്രകാരം വീണ്ടും അത് ആരംഭിച്ചു. അതിനു ശേഷം അദ്ദേഹത്തിന്റെ ആവശ്യം തസവ്വുഫ് (ആത്മ സംസ്കരണം) കുറച്ച് പഠിക്കണം എന്നായിരുന്നു. അങ്ങനെയാണ് ഇമാം ഗസ്സാലി (റഹ്) യുടെ മിൻഹാജുൽ ആബിദീൻ എന്ന കിതാബ് അതിന്റെ സിറാജുത്വാലിബീൻ എന്ന വിശദീകരണം സഹിതം ഓതാൻ തുടങ്ങിയത്. അൽഹംദുലില്ലാഹ് കുറെ നാളെടുത്തു അത് ഓതി തീരുവാൻ. അങ്ങനെ വിജ്ഞാനത്തിന്റെ വിഷയത്തിൽ ഡോക്ടർ സാഹിബിന്റെ ആർത്തി നമുക്ക് എത്ര പറഞ്ഞാലും തീരില്ല. വ്യാകരണം മനസ്സിലാക്കണം എന്ന ആഗ്രഹത്തിൽ കുറഞ്ഞ കാലം മീസാനും ഓതി. എത്രത്തോളമെന്നാൽ ചില സമയങ്ങളിൽ നമുക്ക് തന്നെ ഇദ്ദേഹം ഒരു തല വേദനയാകുന്നത് പോലെ തോന്നിയിരുന്നു . കാരണം കുറച്ച് ദിവസം ക്ലാസ് നിർത്തിയാൽ നമുക്ക് തുടങ്ങണ്ടേ എന്ന് ആവർത്തിച്ച് ചോദിച്ച് വളരെ അധികം സമ്മർദ്ദം ചെലുത്തുമായിരുന്നു. ചില കാര്യങ്ങൾ ക്ലാസ്സ് എടുത്ത നമ്മൾ മറന്നു പോയാലും ഡോക്ടറിന്റെ മനസ്സിൽ അതുണ്ടാകും. ഇന്ന ദിവസം ക്ലാസ്സിൽ ഇന്ന വിഷയം പറഞ്ഞില്ലേ, അത് ഇതല്ലേ എന്ന് ഇടയ്ക്ക് ചോദിക്കുമായിരുന്നു.

ഇങ്ങനെ ഇൽമീ രംഗത്ത് വളരെയധികം ഓർമശക്തി ഉള്ള മനുഷ്യനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ഖുർആനിനോടുള്ള പ്രേമം വല്ലാത്തതായിരുന്നു. 12 വർഷം കൊണ്ട് ഒരു പ്രാവശ്യം ഖുർആനിന്റെ ആശയം മുഴുവൻ കേട്ട അദ്ദേഹത്തിന്റെ ആവശ്യ പ്രകാരം വീണ്ടും ടൗൺ മസ്ജിദിൽ സുബ്ഹിക്കു ശേഷം ഖുർആൻ ക്ലാസ്സ് ആരംഭിച്ചു. ഫാത്തിഹ തുടങ്ങി ചെറിയ സൂറത്ത് മുതൽ അങ്ങോട്ട് പോകാം എന്ന തീരുമാന പ്രകാരം സൂറത്തുൽ അലഖ് എത്തുമ്പോഴേക്കും ലോക്ക് ഡൗൺ ആയി. അങ്ങനെ ആ ക്ലാസ്സ് അവിടെ നിലച്ചു.

ഒരു കാര്യം ഫർളോ സുന്നത്തോ എന്ന ചോദ്യത്തെക്കാൾ അദ്ദേഹം ആരാഞ്ഞിരുന്നത് അത് നബി (സ) തങ്ങൾ ചെയ്തിരുന്നോ, നബി (സ) തങ്ങൾ പറഞ്ഞിരുന്നോ എന്നായിരുന്നു. അദ്ദേഹത്തിന്റെ സുന്നതിനോടുള്ള മഹബ്ബത് അപാരമായിരുന്നു. എന്നല്ല ജീവിതത്തിന്റെ അവസാന സമയങ്ങൾ പൂർണ്ണമായും മസ്ജിദും ഖുർആനുമായി

ഇഴുകി ചേർന്നതായിരുന്നു. ഖുർആൻ ഓതുന്നത് അദ്ദേഹത്തിന് ഒരിക്കലും മതിയാകാത്ത ഒരു ആനന്ദമായിരുന്നു.

വിജ്ഞാനത്തിനോടും അത് കരസ്ഥമാക്കിയവരോടും അതിര റ്റ ബഹുമാനവും സ്നേഹവുമായിരുന്നു. ആ സ്നേഹം അതിന്റെ മൂർധ ന്യതയിൽ എത്തിയപ്പോഴാണ് അദ്ദേഹത്തിന് കുടുംബ സ്വത്തായി ലഭിച്ച ഒരേക്കറിനടുത്ത ഭൂമി മുഴുവനും അതിൽ നിന്നും ഒരു ചാൺ പോലും കൈവശപ്പെടുത്താതെ ദീനി സ്ഥാപനമായ ഓച്ചിറ ദാറുൽ ഉലൂം അൽ ഇസ്ലാമിയ്യക്ക് കൈമാറുന്നത്.

തീർച്ചയായും ഏതൊരു മനുഷ്യനെയും ഇരുത്തി ചിന്തിപ്പി ക്കുന്ന അല്ലെങ്കിൽ ചിന്തിപ്പിക്കേണ്ട ഒരു പ്രവർത്തിയായാണ് അന്ന് അദ്ദേഹം ചെയ്തത്. ഇന്ന് ആ സ്ഥാപനത്തിൽ നിന്നും അദ്ദേഹം എന്നും നെഞ്ചോട് ചേർത്ത് വച്ചിരുന്ന ആ ഖുർആൻ മനനം ചെയ്ത എത്രയോ ഹാഫിളുകളും ആലിമുകളും കർമ്മ രംഗത്തിറങ്ങി.! എത്രയോ ദീനിയ്യായ ചർച്ചകൾ, എത്രയോ പൊതു സമൂഹത്തിനു ഉപകാരമേകുന്ന പുണ്യ പ്രവർത്തികൾ എല്ലാം അവിടെ നടന്ന് കൊണ്ടിരിക്കുന്നു..! ഇതിന്റെയെല്ലാം അണമുറിയാത്ത പ്രതിഫലം ആസ്വദിച്ച് കൊണ്ടുള്ള മർഹൂമിന്റെ ഖബർ ജീവിതം തീർച്ചയായും സ്വസ്ഥവും സമാധാനപരവുമായിരിക്കുമെന്നതിൽ സംശയമില്ല.

ഇന്ന് ഖബറിൽ സ്വസ്ഥ ജീവിതം നയിക്കുന്ന ഡോക്ടർ സാഹിബ് നമുക്ക് നൽകുന്ന വലിയൊരു പാഠം; വിജ്ഞാനം മനുഷ്യ ന്റെ കളഞ്ഞു പോയ ഒരു സ്വത്താണ്. അതെവിടെ കണ്ടാലും വീണ്ടെ ടുക്കുക. അതിനു പ്രായമോ സാഹചര്യങ്ങളോ ഒരു പ്രശ്നമല്ല. സമ്പ ത്ത് ദുൻയാവ് സമ്പാദിക്കാൻ മാത്രമുള്ള ഒരു വഴിയല്ല, മറിച്ച് സ്വർഗ്ഗം കൂടി സമ്പാദിക്കാനുള്ളതാണ്.

വിജ്ഞാനത്തിനായി ഇത്രയധികം ആർത്തി കാണിക്കുന്ന, സമയം കൊടുക്കുന്ന ഒരു മഹാ മനുഷ്യനെ കാണാൻ പ്രയാസമാണ്. ഒരേ സമയം അദ്ദേഹം ഒരു ഡോക്ടറും മുതഅല്ലിമും ആയിരുന്നു .എന്നല്ല ഒരു ഉസ്താദും കൂടിയായിരുന്നു. മസ്ജിദിലെ തജ്‌വീദിന്റെ ക്ലാസ്സിൽ ഒന്നാം റൗണ്ട് ഞാൻ എടുത്തിട്ട് പോയാൽ പിന്നെ അവിടെ ഇരിക്കുന്നവരുടെയൊക്കെ പാഠം നോക്കി തിരുത്തുന്ന ജോലി അദ്ദേഹത്തിനായിരുന്നു. വിജ്ഞാന മേഖലയിൽ ഒരു സാധാരണ മനുഷ്യന് കഴിയുന്നതിലധികം സംഭാവന നൽകിയ ആ മഹാനുഭാ വനെ അല്ലാഹു അനുഗ്രഹിക്കട്ടെ! ഖബൂൽ ആക്കട്ടെ! ആ കൂട്ടത്തിൽ നമ്മെയും അനുഗ്രഹിക്കട്ടെ അദ്ദേഹത്തിനും നമുക്കും ഒരുമിച്ച് നാഥന്റെ സ്വർഗത്തിൽ ഹാജർ ആകാനുള്ള തൗഫീഖ് നൽകട്ടെ! ആമീൻ..



# ഡോക്ടർ ദഅ്വത്തിന്റെ പാതയിൽ

ഉസ്താദ് സുഹൈൽ ഖാസിമി
(പ്രിൻസിപ്പൽ, ദാറുൽ ഉലൂം)

ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച് സാധാരണ ജീവിത രീതിയിൽ വളർന്ന് വന്ന ഒരു വ്യക്തിയായിരുന്നു ഡോ. അഹ്മദ് കുഞ്ഞ് ഹാജി. പിതാവിന്റെ പ്രേരണയാൽ ചെറുപ്പത്തിൽ തന്നെ നമസ്കരിക്കുമായിരുന്നു. നാട്ടിലെ ആലിമീങ്ങളുമായുള്ള ബന്ധത്തിന്റെ പേരിൽ യുവത്വത്തിൽ തന്നെ ഹജ്ജ് ചെയ്യാൻ അവസരം കിട്ടി. ആ യാത്രയിൽ മക്കയിൽ വെച്ച് മഹാനായ മൂസാ മൗലനാ (റ) യുമായി കണ്ടുമുട്ടി. മഹാനവറുകൾ തന്റെ സ്വതസിദ്ധമായ ശൈലിയിൽ ജമാഅത്തിൽ പുറപ്പെടാനായി ഡോക്ടറെ തഷ്കീൽ ചെയ്തു. ഡോക്ടർ ആത്മാർത്ഥമായി നിയ്യത്ത് വെക്കുകയും ചെയ്തു. തുടർന്ന് ചെറിയ രീതിയിൽ പരിശ്രമവുമായി ബന്ധപ്പെട്ടിരുന്നെങ്കിലും ആദ്യമായി ജമാഅത്തിൽ പുറപ്പെട്ടത് പന്ത്രണ്ട് വർഷത്തിന് ശേഷമായിരുന്നു. ബഹുമാനപ്പെട്ട അബ്ദുശ്ശക്കൂർ ഉസ്താദിന്റെയും പരേതനായ മരുതവന ഹാജിയുടേയും പരിശ്രമം ദീനിന്റെ വഴിയിലുള്ള ഡോക്ടറുടെ ജീവിതത്തിൽ ശക്തമായ പ്രേരകങ്ങളായിരുന്നു. അവർ മുഖേനെ ഹസനിയ്യ മദ്റസയുമായി ബന്ധപ്പെടുകയും അവിടെ നിന്നും ദഅ്വത്തിന്റെയും ഇൽമിന്റെയും ദിക്റിന്റെയും ഖിദ്മത്തിന്റെയും പടവുകൾ കയറുകയുമുണ്ടായി. ദീനിന്റെ പരിശ്രമവുമായി ബന്ധപ്പെട്ടതോടെ ഡോക്ടറുടെ ജീവിതം പരിപൂർണ്ണമായി മാറി. ആദരവായ റസൂലുല്ലാഹി (സ) യുടെ ജീവിതചര്യയുമായി തന്റെ ജീവിതത്തെ ഇഴുക്കിചേർത്തു.

ക്ലീൻ ഷേവ് ചെയ്തു നടന്നിരുന്ന ഡോക്ടർ നബി സ്വല്ലല്ലാഹു അലൈഹി വസല്ലം താടി വെച്ചിരുന്നു എന്ന കാരണത്താൽ താടി വെക്കാൻ തയ്യാറായി. നബി സ്വല്ലല്ലാഹു അലൈഹി വസല്ലമക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്ത്രം ഖമീസ് ആണെന്ന് അറിഞ്ഞതോടുകൂടി വെള്ള ഷർട്ടും കറുത്ത പാന്റും ധരിച്ച് ടിപ്ടോപ് ആയി ആശുപത്രിയിൽ പോയിരുന്ന ഡോക്ടർ നീളൻ ഖമീസിനെ തന്റെ ജീവിതത്തിന്റെ

ഭാഗമാക്കി മാറ്റി. വെളുത്ത ഖമീസും ധരിച്ച് വെളുത്ത താടിയുമായി ആശുപത്രിയിലും മറ്റ് സ്ഥലങ്ങളിലും അഭിമാനത്തോടുകൂടി ആ മനുഷ്യൻ നടക്കുന്നത് കണ്ടാൽ ആരും മനസ്സുകൊണ്ട് എഴുന്നേറ്റുനിന്ന് ബഹുമാനിച്ചു പോകുമായിരുന്നു!

മുൻകോപിയായിരുന്ന ഡോക്ടർ ഏറ്റവും വലിയ ശക്തിമാൻ യുദ്ധത്തിൽ എതിരാളിയെ കീഴ്പ്പെടുത്തുന്നവനല്ല, കോപം വരുമ്പോൾ അതിനെ നിയന്ത്രിക്കുന്നവനാണ് എന്ന ഹദീസ് കേട്ടതോടുകൂടി കോപം കടിച്ചമർത്താൻ സ്വന്തത്തിനെ പരിശീലിപ്പിച്ചെടുത്തു. ആശു പത്രിയിൽനിന്ന് ജോലികഴിഞ്ഞ് വീട്ടിൽ വരുമ്പോൾ ഭാര്യ ഉറങ്ങുകയാ ണെങ്കിൽ ദേഷ്യപ്പെട്ട് ഒന്നും കഴിക്കാതെ കിടന്നിരുന്ന ഡോക്ടർ ദീനിന്റെ പരിശ്രമവുമായി ബന്ധപ്പെട്ടതോടുകൂടി ഭാര്യ ഉറങ്ങുകയാണെ ങ്കിൽ പാവം ഉറങ്ങിക്കോട്ടെ എന്ന് മാറി ചിന്തിക്കാൻ തുടങ്ങി.

ദഅ്വത്തിന്റെ വഴിയിൽ നിന്നും പരിശീലിച്ച, സുപ്ര വിരിച്ച് ഭക്ഷണം കഴിക്കുക എന്ന സുന്നത്തായ ശൈലി മരിക്കുന്നതിന് തലേ ന്ന് വരെ പാലിക്കാൻ ഭാഗ്യം ലഭിച്ച ഒരു മഹത് വ്യക്തിത്വമായിരുന്നു ഡോക്ടർ സാഹിബ്. ജമാഅത്തുകളിൽ പുറപ്പെട്ട തോടുകൂടി ഖുർആൻ നല്ല രീതിയിൽ ഓതുന്നതിന്റെ ആവശ്യകത മനസ്സിലാക്കി ബഹുമാ നപ്പെട്ട അബ്ദുല്ല ഉസ്താദിനോട് ചോദിച്ചു ചോദിച്ചു ഖുർആൻ നല്ല രീതിയിൽ തജ്-വീദോടുകൂടി ഓതാൻ പഠിച്ചു . തുടർന്ന് ഖുർആനിന്റെ അദ്ധ്യാപനങ്ങൾ പഠിക്കാനായി സമയങ്ങൾ മാറ്റിവെച്ചു. ആശുപത്രി യിൽ രോഗികൾ ഇല്ലാത്ത സമയത്ത് ഒ.പി യിലിരുന്ന് ഖുർആനിന്റെ വിശദീകരണം നോക്കി പഠിക്കുമായിരുന്നു. വീട്ടിലാണെങ്കിലും തഅ്ലീമിനും മറ്റുമായി നിശ്ചിത സമയം മാറ്റി വെച്ചിരുന്നു. നന്മ കല്പിക്കൽ, തിന്മ തടയൽ, അല്ലാഹുവിന്റെ ദിക്ർ, ഇവകൾ ഒഴിച്ചുള്ള കാര്യങ്ങളെല്ലാം നാശമാണെന്ന് തഅ്ലീമിൽ നിന്ന് ലഭിച്ച അറിവ് ജീവിതത്തിൽ അപ്പടി പ്രാവർത്തികമാക്കാൻ ഡോക്ടർ പരിശ്രമിച്ചു. ആരെയെങ്കിലും പറ്റി കുറ്റവും കുറവും പറയുകയോ അങ്ങനെയുള്ള വരുടെ സദസ്സിൽ ഇരിക്കുകയോ ചെയ്യൽ മോശമായി കണ്ടിരുന്നു. തന്റെ മുസ്ലിമായ സഹോദരനെ പറ്റി പരദൂഷണം പറയൽ അവന്റെ പച്ച ഇറച്ചി തിന്നൽ ആണെന്ന് ഖുർആനിക അധ്യാപനമാണ് ഡോക്ട റെ അക്കാര്യങ്ങളിൽ നിന്നും അകറ്റി നിർത്തിയത്.

വിശ്വാസിയുടെ പദവി തഹജ്ജുദ് നമസ്കാരത്തിലും അവന്റെ അന്തസ്സ് അന്യാശ്രയമില്ലാതെ ജീവിക്കലാണെന്നുമുള്ള തിരുവചനത്തിന്റെ നേർചിത്രം ആയിരുന്നു ഡോക്ടർ സാഹിബ്. എത്ര അവശത ഉണ്ടെങ്കിലും ആരെയും ബുദ്ധിമുട്ടിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. നാട്ടിലും ജമാഅത്തിലും ഇതിന് മാറ്റം ഇല്ലായിരുന്നു പ്രയാസങ്ങളും ടെൻഷനുകളും ഉള്ളപ്പോൾ മറ്റുള്ളവർ സൃഷ്ടികളോട് പറഞ്ഞ്

ആശ്വാസം കൊള്ളുമ്പോൾ ഡോക്ടർ സാഹിബ് പാതിരാവിന്റെ ഇരുളിൽ എഴുന്നേറ്റ് അല്ലാഹുവിനോട് പറഞ്ഞ് ആശ്വാസം കൊണ്ടിരുന്നു. പൂർണ്ണമായി റബ്ബിലേക്ക് ഭരമേൽപ്പിക്കാൻ കൂടെയുള്ള കൂട്ടുകാരോട് പറയുമായിരുന്നു.

ആദരവായ റസൂലുല്ലാഹി സല്ലല്ലാഹു അലൈഹി വസല്ലമയെ പറ്റി പറയുമ്പോൾ നയനങ്ങൾ സജലമാകുമായിരുന്നു. നബി സല്ലല്ലാഹു അലൈഹിവസല്ലമയുടെയും സ്വഹാബാക്കളുടെയും എളിയ ജീവിതത്തെപ്പറ്റി തഅ്ലീം കിതാബിൽ പ്രതിപാദിച്ചതിനെ സ്വജീവിതത്തിൽ ജീവിച്ചു കാണിച്ചു .മൂന്നോ നാലോ ഖമീസുകൾ മാത്രമേ ഒരേസമയത്ത് ഡോക്ടറിന് ഉണ്ടായിരുന്നുള്ളൂ. ബനിയൻ കീറി ദ്വാരങ്ങൾ വീണാലും അത് മാറുമായിരുന്നില്ല മുണ്ടുകൾ നരച്ചാലും പുതിയതിനോട് പ്രിയം വെച്ചിരുന്നില്ല ഇരുന്നൂറോ മുന്നൂറോ വിലവരുന്ന കുറഞ്ഞ ഷൂസ് ആയിരുന്നു ധരിച്ചിരുന്നത് അതുതന്നെ തേഞ്ഞു ദ്വാരം വീഴുന്നത് വരെ ഉപേക്ഷിച്ചിരുന്നില്ല ഇരുന്നൂറ് വെള്ളിക്കാശ് വിലവരുന്ന ഉയർന്ന വസ്ത്രം ധരിച്ച് പിന്നീട് റബ്ബിന് വേണ്ടി എല്ലാം ഉപേക്ഷിച്ച് മരണസമയം ശരീരം മുഴുവൻ മറക്കാൻ കഫൻ പുടവ ഇല്ലാതിരുന്ന മിസ്അബ് റളിയള്ളാഹുവിന്റെ സംഭവം തഅ്ലീം കിതാബിൽ വായിക്കപ്പെടുമ്പോഴെല്ലാം കണ്ണുകൾ ഈറനണിയുന്നത് പതിവായിരുന്നു.

ബാങ്ക് വിളി വീട്ടിൽ കേൾക്കാൻ സാധിക്കുന്നവന് പള്ളിയിലല്ലാതെ നമസ്കാരമില്ല എന്ന ഹദീസിനെ മർഹൂം എങ്ങനെ പ്രാവർത്തികമാക്കിയെന്ന് ഡോക്ടറിനെ അറിയുന്നവർക്ക് ആരും പറഞ്ഞു കൊടുക്കേണ്ടതില്ല. ബാങ്ക് വിളി കേട്ടാൽ പിന്നെ കുഞ്ഞുങ്ങൾ മാതാവിലേക്കു ഓടി അണയുന്നതുപോലെ പലപ്പോഴും പരിസരം മറന്ന് ഇലാഹീ ഭവനത്തിലേക്ക് ധൃതിയിൽ പുറപ്പെട്ടിരുന്നു. ഒരു പ്രഭാഷണത്തിന്റെ ആവശ്യകത ഇല്ലാത്തവിധം അതുതന്നെ നമസ്കാരത്തിലേക്കുള്ള ഒരു ദഅ്വത്ത് ആയിരുന്നു. തഅ്ലീം കിതാബിൽ നിന്ന് തിരു അധ്യാപനങ്ങൾ ഓരോന്നും മനസ്സിലാകുമ്പോഴും ഇത്രത്തോളം അതിനെ ശ്രദ്ധാപൂർവ്വം കേട്ടു ജീവിതത്തിൽ കൊണ്ടുവരാൻ പരിശ്രമിച്ച മറ്റൊരു വ്യക്തിയെ കാണാൻ ഇന്ന് പ്രയാസം ആയിരിക്കുന്നു.

**നാട്ടിൽ ആയിരിക്കുമ്പോഴുള്ള അവസ്ഥ**

എത്ര തിരക്കാണെങ്കിലും രാവിലെ സുബ്ഹി കഴിഞ്ഞ് ഇഷ്റാഖ് വരെ പള്ളിയിൽ തഅ്ലീം, മഷൂറ, ഖുർആൻ പാരായണം എന്നീ നന്മകളിൽ സമയം ചിലവഴിക്കും. ശേഷം ഏതെങ്കിലും അല്ലാഹുവിന്റെ ദാസന്റെ കൈപിടിച്ച് മുലാഖാത്തിന് പോകുകയും വീട് വീടാന്തരം കയറിയിറങ്ങി പടച്ചവനെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്തിരുന്നു. അത് പോലെ ഗഷ്ത്കൾക്കും ജോഡുകൾക്കും

ആവേശത്തോടെ പങ്കെടുത്തിരുന്നു. പള്ളിയിലേയും വീട്ടിലേയും തഅ്ലീമുകളിൽ സജീവ സാന്നിധ്യമായിരുന്നു. ഈ പതിവിന് ഡോക്ടർ മാറ്റം വരുത്തിയിരുന്നില്ല.

ആശുപത്രിയിൽ തനിക്ക് മുമ്പിൽ വരുന്ന രോഗിയോട് പോലും ദഅ്വത്ത് നടത്താൻ ഡോക്ടർ മടികാണിച്ചിരുന്നില്ല. അത് ഇനി ഒരു അമുസ്ലിം ആയിരുന്നാൽ പോലും ദൈവത്തിന്റെ സൃഷ്ടി വൈഭവം അവരുടെ മുന്നിൽ കഴിയുന്നത്ര നിലയിൽ അവതരിപ്പിച്ചിരുന്നു. ഈ ഒരു ആത്മസംസ്കരണം പകരുന്ന ശൈലി ഏതൊരാളെയും ഡോക്ടറിലേക്ക് ആകർഷിച്ചിരുന്നു.

**ജമാഅത്തിലുള്ള അവസ്ഥ**

മശൂറപ്രകാരം അമലുകൾ പൂർണ്ണമായി ചെയ്തിരുന്നതിനോടൊപ്പം മറ്റുള്ളവർക്ക് സാധിക്കാത്ത നിലയിൽ ദഅ്വത്തിലും ഇബാദത്തിലുമായി സമയം ചിലവഴിക്കുമായിരുന്നു. പകൽ മുഴുവനും മുലാഖാത്ത്, ഗഷ്ത്,തഅ്ലീമിലായി കഴിഞ്ഞ് കൂടും. ഇടക്ക് ഒരു അൽപ്പ സമയം കിട്ടിയാൽ അനാവശ്യ സംസാരങ്ങളിൽ ഏർപ്പെടാതെ ഉറങ്ങിക്കളയുമായിരുന്നു.ഇത് അദ്ദേഹത്തിന്റെ ഹൃദയ സമാധാനത്തിനുള്ള അടയാളമായി മനസ്സിലാക്കാൻ കഴിഞ്ഞിരിന്നു.

ജമാഅത്തിലാണെങ്കിൽ പോലും പതിവായി പിടിക്കാറുള്ള തിങ്കളും വ്യാഴവുമുള്ള സുന്നത് നോമ്പ് ഉപേക്ഷിച്ചിരുന്നില്ല. പലപ്പോഴും സഹ്റും ഇഫ്താറും വളരെ നിർബന്ധിച്ചിട്ടാണ് അൽപമെങ്കിലും കഴിച്ചിരുന്നത് നോമ്പു ദിവസങ്ങളിൽ ജമാഅത്തിൽ ഉള്ളപ്പോൾ അസറിന് ശേഷം നാട്ടുകാരായ സാത്തികളോടൊപ്പം ജനങ്ങളെ സന്ദർശിക്കാൻ പോയിട്ട് പലപ്പോഴും ഇശാക്ക് ശേഷം വന്നാണ് എന്തെങ്കിലും ഭക്ഷണം കഴിച്ചിരുന്നത്.

ജമാഅത്തിൽ ആരെങ്കിലും ഒരു ശാരീരിക ബുദ്ധിമുട്ടും പറഞ്ഞുകൊണ്ട് ഡോക്ടറെ സമീപിച്ചാൽ അതിനു വേണ്ടിയുള്ള മരുന്നുകൾ യാതൊരു മടിയും കൂടാതെ സൗജന്യമായി കുറിച്ച് കൊടുത്തിരുന്നു.

ജമാഅത്തിൽ രാത്രി ഇഷാ നമസ്കാരത്തിനുശേഷം ഉറങ്ങുന്നതിന് മുമ്പ് ഒരു മണിക്കൂർ ഖുർആൻ ഓതൽ പതിവായിരുന്നു. രാത്രി രണ്ടുമണിയോടെ കൂടി ഇലാഹിന്റെ മുന്നിൽ എഴുന്നേറ്റ് നിന്ന് സ്വന്തത്തിനും ഉമ്മത്തിനും വേണ്ടി യാചിക്കാൻ ആരംഭിക്കും. സുബഹിക്ക് തൊട്ടു മുൻപ് ഒരല്പം മയങ്ങും, അതും സുന്നത്തിനു വേണ്ടി. രാത്രി കിടക്കുമ്പോൾ സ്വശരീരത്തിൽ കിടക്കുന്ന ഖമീസ് ഊരി അത് ചുരുട്ടി തലയിണയാക്കി ഒരു ഫക്കീറിനെ പോലെ സുന്നത്തായി കിടക്കും.

ദീനിന്റെ വഴിയിൽ കൂട്ടത്തിൽ പുറപ്പെട്ട അംഗങ്ങളുടെ അവ

സ്ഥകൾ അറിഞ്ഞ് ഡോക്ടർ അവരെ സഹായിക്കുമായിരുന്നു. മാത്രമല്ല ഓരോ നാട്ടിൽ ചെല്ലുമ്പോഴും അവിടുത്തെ ഉലമാക്കൾക്കും പാവപ്പെട്ട വർക്കും അവരുടെ ആവശ്യം മനസ്സിലാക്കി സഹായിച്ചിരുന്നു. അതി നേക്കാൾ അൽഭുതം ആ സഹായിക്കുന്ന രീതിയാണ്; പലപ്പോഴും ആ തുക നൽകാൻ എന്നെയായിരുന്നു ഏൽപ്പിച്ചിരുന്നതെന്ന് ദീനിന്റെ വഴിയിൽ അധികസമയവും ഡോക്ടറോടൊപ്പം ചിലവഴിച്ച യൂസുഫ് ഹാജി അനുഭവം പങ്കുവെക്കുകയുണ്ടായി.! ഈ സംഭവം ഡോക്ടറുടെ ഇഖ്ലാസിനെ അറിയിച്ച് തരുന്നു.

മറ്റുള്ളവരുടെ ബുദ്ധിമുട്ട് വേളകളിൽ സാമ്പത്തികമായി മാത്രമല്ല, അല്ലാഹു തനിക്ക് നൽകിയ സംസാരശേഷി കൊണ്ടും ഈമാനിന്റെ വാക്കുകൾ പറഞ്ഞു മനസ്സിന് സമാധാനം നൽകിയി രുന്നു. ബന്ധുവും ദീനിന്റെ വഴിയിലെ കൂട്ടുകാരനുമായ മുളക്കര ഹമീദ് ഹാജി ഡോക്ടറുമായുള്ള തന്റെ അനുഭവം പങ്കുവെക്കുന്നു; ചില്ലാജമാ അത്തിൽ വെച്ച് ഞാൻ എന്റെ ചില ശാരീരിക അസ്വസ്ഥതകൾ ഡോക്ട റിനോട് പറഞ്ഞപ്പോൾ എങ്കിൽ നാലുമാസം പൂർത്തിയാക്കിക്കൊള്ളിൻ എല്ലാം മാറി കിട്ടും എന്നായിരുന്നു ആ സാത്വികന്റെ മറുപടി.

മാത്രമല്ല, ഉലമാക്കളെ ദീനിന്റെ വഴിയിൽ പുറപ്പെടുവിക്കാൻ ഡോക്ടർ പ്രത്യേകം തത്പര്യം കാണിച്ചിരുന്നു. അതിന് വേണ്ടി ആ മഹത്തുക്കളെ തഷ്കീൽ ചെയ്യുന്നതിനോടൊപ്പം അവർക്ക് ചിലവിനാ വശ്യമായ സമ്പത്ത് ചിലവഴിക്കാനും തയ്യാറായിരുന്നു.

ഡോക്ടറോടൊപ്പം ജമാഅത്തിൽ പുറപ്പെടുന്നത് ഒരു പ്രത്യേക ഉന്മേശവും അമലുകളിൽ താത്പര്യവും ജനിപ്പിക്കുമായിരുന്നു. അത് പോലെ ധാരാളം രസകരമായ മുഹൂർത്തങ്ങളുമുണ്ടായിരുന്നു. വിനീത ന്റെ ഒരു അനുഭവം പറയാം: നമ്മുടെ ചില്ലാ ജമാഅത്ത് കൊറ്റുകുളങ്ങര യിൽ പ്രവർത്തിക്കുകയായിരുന്നു. അസറിന് ശേഷം ഉമൂമി ഗശ്ത് ഇറങ്ങിയപ്പോൾ ഇസ്തിഖ്ബാലിന്റെ ചുമതല വിനീതനും ദർമിയാനി ബാത്തിന്റെ ചുമതല ഡോക്ടറുക്കുമായിരുന്നു. ഈ സമയത്ത് ഡോക്ടർക്ക് ചുറ്റും കുട്ടികളാണ് ഇരുന്നിരുന്നത്. എനിക്കൊരു തമാശ തോന്നി. ഞാൻ അവരുടെ അടുക്കൽ ഇരുന്നിട്ട് ഓരോരുത്തരോടായി ചോദിച്ചു: മോനേ, നിന്നെ എവിടയാണ് സുന്നത്ത് നടത്തിയത്? അവർ ഓരോരുത്തരും മറുപടി പറഞ്ഞു: ഓച്ചിറ സ്റ്റാർ ഹോസ്പിറ്റലിലാണ്. ഞാൻ ചോദിച്ചു: ഈ ഉപ്പുപ്പായെ നിങ്ങൾക്ക് അറിയാമോ? കുട്ടികൾ പറഞ്ഞു: അറിയില്ല. വിനീതൻ പറഞ്ഞു: നിങ്ങളെയെല്ലാം സുന്നത്ത് നടത്തിയത് ഈ ഇരിക്കുന്ന ഉപ്പുപ്പയാണ്. ഉടനെ കുട്ടികളോടൊപ്പം വായ പൊത്തിപ്പിടിച്ച് ഡോക്ടറും കുടുകുടെ ചിരിക്കാൻ തുടങ്ങി.

എല്ലാ വർഷവും മുടങ്ങാതെ ചില്ല പോയിരുന്ന ഡോക്ടർ സാഹിബ് ജീവിതത്തിന്റെ അവസാന വേളയിൽ ശാരീരിക

ബുദ്ധിമുട്ടിനെ വകവെക്കാതെ കുറച്ച് നേരത്തെ ജമാഅത്ത് പുറപ്പെട്ടു. ആ ജമാഅത്തിൽ അദ്ദേഹം സൽകർമ്മങ്ങളിൽ കൂടുതൽ ആവേശം കാണിക്കുന്നതായി കാണാൻ സാധിച്ചു. മാത്രമല്ല ആ ജമാഅത്തിൽ വച്ച് ഡോക്ടർ സാഹിബ് ഒരു ആഗ്രഹം ആവർത്തിച്ചു പറയുമായിരുന്നു എനിക്ക് ഈ വഴിയിൽ മരിക്കണം, എനിക്ക് ഈ വഴിയിൽ മരിക്കണം. അതെ, ജമാഅത്ത് കഴിഞ്ഞ് ദുനിയാവിന്റെ തിരക്കിലേക്ക് തിരിയുന്നതിന് മുമ്പ് തിരക്കൊഴിഞ്ഞ ഇലാഹീ സമക്ഷത്തിലേക്ക് ആ മഹാപ്രതിഭ കാൽവെച്ചിരുന്നു.


കൂട്ടത്തിൽ ആരുമില്ലെങ്കിൽ പോലും മാസത്തിലെ 3 ദിവസവും വർഷത്തിലെ 40 ദിവസവും അദ്ദേഹം മുടക്കിയിരുന്നില്ല. അതിന്റെ കാരണം ഡോക്ടർ തന്നെ എപ്പോഴും പറയുമായിരുന്നു : ആരൊക്കെ നന്നായാലും ഞാൻ നന്നായില്ലെങ്കിൽ എന്തെങ്കിലും പ്രയോജനമുണ്ടോ. അതിനുവേണ്ടിയാണ് ഞാൻ ഈ വഴി വിടാതെ മുറുകെപിടിച്ചിരിക്കുന്നത് . അതിനാൽ തന്നെയാണ് അദ്ദേഹം ലക്ഷ്യംവെച്ച ആത്മസംസ്കരണം സായുക്തമാക്കാൻ അദ്ദേഹത്തിന് സാധിച്ചത്.

ദഅ്‌വത്തിന്റെ വഴിയിൽ അദ്ദേഹം കാണിച്ച കണിശത കാരണം സുന്നത്തായ ജീവിതശൈലിയിൽ അദ്ദേഹത്തിന് ഉറച്ചു നിൽക്കാനും തന്റെ സംവിധാനങ്ങൾ ദീനിന്റെ അടിസ്ഥാനത്തിലാക്കി തീർക്കാനും അദ്ദേഹത്തിന് സാധിച്ചു.

പിതാവിന്റെ ചുവട്ടടികളെ അതേപടി പിന്തുടരാൻ പരിശ്രമിക്കുന്ന മകൻ ഡോക്ടർ ബദർ സാഹിബ് പറയുന്നു:

ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടി പോകലല്ല ജമാഅത്ത്, മറിച്ച് ഉത്തരവാദിത്വത്തോട് കൂടി തിരിച്ചുവന്നു ജീവിതത്തിന്റെ എല്ലാ മേഖലകളും ദീനനുസരിച്ച് കൈകാര്യം ചെയ്യാൻ പഠിക്കലാണ് ജമാഅത്തിന്റെ ഉദ്ദേശമെന്ന് സ്വന്തം ജീവിതത്തിലൂടെ വാപ്പ കാണിച്ചുതന്നു. മക്കളെയും മരുമക്കളെയും കൊച്ചുമക്കളെയും ദീനിയ്യും ദുനിയവിയുമായ വിദ്യാഭ്യാസം നേടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തി തരികയും ഹലാലായ ജീവിതമാർഗ്ഗം ഇബാദത്ത് ആണെന്ന് ഞങ്ങൾക്ക് മനസ്സിലാക്കി തരികയും ചെയ്തു.

അല്ലാഹു നൻമയുടെ മാർഗ്ഗത്തിൽ ഖബൂലാക്കിയ ആ ദാസനെ മാതൃകയാക്കി സ്വർഗ്ഗത്തിൽ നമുക്കെല്ലാം ഒരുമിച്ച് കൂടാൻ അല്ലാഹു തൗഫീഖ് നൽകട്ടെ! ❑




അസഹിഷ്ണുതയാണ് വർത്തമാന ലോകത്തിന്റെ മുഖമുദ്ര. ആർക്കും ആരെയും ഉൾക്കൊള്ളാൻ കഴിയാത്തത് മൂലം അപരന്റെ നൻമകൾ പോലും തിൻമകളായി ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈയൊരു അവസ്ഥാവിശേഷത്തിലാണ് ജാതിമതഭേദമന്യെ ജനമന സ്സുകളിൽ സ്വീകാര്യത നേടിയ മർഹൂം ഡോ. അഹ്മദ് കുഞ്ഞ് ശ്രദ്ധേയ നാകുന്നത്. മുസ്‌ലിംകൾക്കിടയിൽ ഒരുകാലത്ത് ബലദുൽ ഉലമാ (പണ്ഡിതരുടെ നാട്) എന്നും ഹൈന്ദവർക്കിടയിൽ ദക്ഷിണകാശിയെ ന്നും ഖ്യാതി കേട്ട, ക്രൈസ്തവർ ആവോളമുള്ള ഓച്ചിറയിൽ, വേഷവി ധാനത്തിൽ പോലും മതനിഷ്ഠ പുലർത്തിയിരുന്ന ഡോക്ടർ നേടി യെടുത്ത സ്വാധീനം എത്രയെന്നതിന് വിയോഗാനന്തരം നേരിട്ടും സമൂഹമാധ്യമങ്ങളിലും ഉയർന്നുവന്ന ഹൃദയംഗമായ അനുഭവക്കുറിപ്പു കളും അനുശോചനങ്ങളും തെളിവാണ്. ഒരുഭാഗത്ത് വർഗീയത അരങ്ങ് തകർക്കുകയും മറുഭാഗത്ത് മാനവികത ദുർവ്യാഖ്യാനങ്ങൾക്ക് വിധേയമാവുകയും ചെയ്യുമ്പോൾ മാനവികതയുടെ യഥാർത്ഥ മുഖത്തിന്റെ വക്താവും പ്രയോക്താവുമായതാണ് ഡോക്ടറെ ഇത്രയും സ്വീകാര്യനാക്കിയത്.

മതങ്ങൾ മാനവികതയ്ക്ക് തടസ്സമാണ്, മുസ്‌ലിംകൾ ഓണ സദ്യ ഉണ്ണുകയും ഹൈന്ദവർ ക്രിസ്മസ് കേക്ക് മുറിക്കുകയും ക്രൈസ് തവർ ഉദ്ഹിയ അറുക്കുകയും ചെയ്യലാണ് മാനവികതയുടെ മാനദ ണ്ഡം, അതിലൂടെ പൂത്തുലയുന്ന മതസൗഹാർദ്ദമാണ് ലോകസമാധാ നത്തിന്റെ അടിസ്ഥാനം, ഇതിലൂടെ മാത്രമേ മനുഷ്യർക്കിടയിൽ സ്നേ ഹവും സമാധാനവും പൂത്തുലയുകയുള്ളൂ തുടങ്ങിയ കപടവാദങ്ങൾ ക്ക് പ്രായോഗിക മറുപടിയായിരുന്നു ഡോക്ടറുടെ ജീവിതം. അതെ, ഭൂമിയിലാവശ്യം മതസൗഹാർദ്ദവും മതമൈത്രിയുമല്ല, മാനവ സൗഹാ ർദ്ദവും മാനവമൈത്രിയുമാണ്. വ്യത്യസ്ത ആശയാദർശങ്ങൾ ഉൽ ഘോഷിക്കുന്ന വ്യത്യസ്തങ്ങളായ മതങ്ങൾ പരസ്പരം കൈകോർ

ക്കുക അസാധ്യമാണ്. അത്തരം മതപരമായ വിഷയങ്ങളിൽ പരസ്പരം സഹിഷ്ണുത മുറുകെ പിടിക്കുകയും, എല്ലാ മതങ്ങളും പ്രസ്ഥാന ങ്ങളും ഏകോപിച്ച് പ്രേരിപ്പിക്കുന്ന പരസ്പര സ്നേഹം മുഖമുദ്രയാ ക്കി മാനവിക വിഷയങ്ങളിൽ ജാതിമതഭേദമന്യെ കൈകോർത്ത് മുന്നേറുകയുമാണ് വേണ്ടത്. മതമില്ലാത്ത മാനവികത കാപട്യവും മാനവികതയില്ലാത്ത മതം അപൂർണ്ണവുമാണ്. ഇതായിരുന്നു ഡോക്ടറു ടെ നിലപാട്. ജീവിതത്തിൽ തികഞ്ഞ മതനിഷ്ഠ പാലിച്ചിരുന്ന ഡോക്ടർ ഒരിക്കലും തന്റെ ചികിത്സയിലോ, ബില്ലുകൾ ഇളവു ചെയ്യുന്നതിലോ, മറ്റിതര സഹായ സഹകരണങ്ങളിലോ മനുഷ്യ നർക്കിടയിൽ യാതൊരു വിവേചനവും കാട്ടിയിരുന്നില്ലെന്നതിന് പൊതുജനം സാക്ഷിയാണ്. അതിന്റെ നേർസാക്ഷ്യമായിരുന്നു മർഹൂ മിന്റെ വിയോഗത്തിൽ മനംനൊന്ത് കണ്ണുകളിൽ നിന്നും ചാലിട്ടൊഴു കിയ കണ്ണുനീർ. ജനാസ കൊണ്ടുപോകാനെടുത്തപ്പോൾ ആശുപത്രി യിലെ സ്റ്റാഫുകൾ പൊട്ടിക്കരയുന്ന കാഴ്ച അവിടെക്കൂടിയിരുന്ന വരൊക്കെ കണ്ടതാണ്.

വ്യക്തി ജീവിതത്തിൽ മാനവിക മൂല്യങ്ങൾ മുറുകെപിടിച്ചിരു ന്നതിനൊപ്പം ഇതുമായി ബന്ധപ്പെട്ട പൊതുപ്രവർത്തനങ്ങളിൽ മർഹൂം വലിയ താൽപര്യം പുലർത്തുകയും സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. എല്ലാ ഉലമാക്കളോടും അവരുടെ പ്രവർത്തനങ്ങളോടും പ്രത്യേകിച്ച് തബ്ലീഗ് പ്രവർത്ത നവുമായി ബന്ധപ്പെട്ട ഉലമാക്കളോട് വലിയ ആദരവും സ്നേഹവുമാ യിരുന്ന മർഹൂമിന് നദ്‌വത്തുൽ ഉലമായിലെ ഉലമാക്കളോട് വിശിഷ്യാ, ദാറുൽ ഉലൂം സ്ഥാപകൻ മൗലാനാ അബ്ദുല്ലാഹ് ഹസനിയോട് വലിയ താൽപര്യമായിരുന്നു. ഇതിന്റെ അടിസ്ഥാന കാരണം മനുഷ്യർ ക്കിടയിൽ മനുഷ്യത്വവും പരസ്പര സ്നേഹവും സഹിഷ്ണുതയും വളർത്തുന്നതിനും തെറ്റിദ്ധാരണകൾ അകറ്റുന്നതിനുമായി പയാമേ ഇൻസാനിയ്യത്ത് (മാനവികതയുടെ സന്ദേശം) എന്ന പേരിൽ ഇവർ നടത്തിയിരുന്ന പ്രവർത്തനങ്ങളായിരുന്നു.

മദ്റസയിൽ ഡോക്ടർക്ക് ഇഷ്ടമില്ലാത്ത പ്രവർത്തനങ്ങളൊന്നും നടത്താറില്ല, നടത്താൻ പാടില്ലെന്നാണ് കാഴ്ചപ്പാട്. ഡോക്ടറോട് വ്യക്തമായി ചോദിച്ചിട്ട് തന്നെയായിരുന്നു ഓരോ പ്രവർത്തനങ്ങളും നടത്താറുള്ളത്. ജംഇയ്യത്തിന്റെയും പയാമേ ഇൻസാനിയ്യത്തിന്റെയുമെ ല്ലാം അങ്ങനെ തന്നെ. എന്നാൽ പയാമെ ഇൻസാനിയ്യത്തിന്റെ വിഷയ ത്തിൽ പ്രത്യേക താൽപര്യമായിരുന്നു. പക്ഷെ, ഡോക്ടർക്കതിൽ കാര്യ മായി ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. പലപ്പോഴും ബഹുമാനപ്പെട്ട അബ്ദുശ്ശുക്കൂർ ഉസ്താദ് അവർകൾ ഇതിനെപ്പറ്റി ചോദിക്കുമ്പോൾ

ഡോക്ടർ മർഹൂം പറയും: 'ഉസ്താദേ, എന്നെക്കൊണ്ട് പറ്റുന്ന കാര്യങ്ങൾ ഞാൻ ചെയ്യുന്നുണ്ട്.' ആശുപത്രിയിൽ ഇതുമായി ബന്ധപ്പെട്ട ബോർഡുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി പറയുമ്പോൾ: 'അതൊക്കെ ഉസ്താദ് ചേയ്യേണ്ട കാര്യങ്ങളാണ്. എനിക്ക് പരിപൂർണ്ണ സമ്മതമാണ്.' എന്ന് പറയുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട ലഘുലേഖകൾ പ്രിന്റ് ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുകയും ലഘുലേഖകൾ പല കൂട്ടുകാർക്കും ഗൗരവപൂർവ്വം എത്തിച്ചു കൊടുക്കുകയും ചെയ്തിരുന്നു. പയാമേ ഇൻസാനിയ്യത്തിന്റെ കീഴിൽ ഓച്ചിറ കേന്ദ്രീകരിച്ച് നടത്തിയ ചായ വിതരണത്തിലും ഡോക്ടർ പങ്കെടുത്തു. മദ്റസയുമായി ബസപ്പെട്ട് നടക്കുന്ന മുഴുവൻ ജീവകാരുണ്യ പ്രവർത്തനങ്ങളിലും അനുമതിയും വലിയ സഹായവും ലഭിച്ചിരുന്നു. ഇടക്കാലത്ത്, ആഴ്ചയിലൊരിക്കൽ ദാറുൽഉലൂമിൽ സൗജന്യമായി നടത്തിയിരുന്ന ചികിത്സാ സൗകര്യം നാട്ടുകാർ ഒന്നടങ്കം പ്രയോജനപ്പെടുത്തിയിരുന്നു. അത്യാവശ്യ മരുന്നുകളും സൗജന്യമായാണ് നൽകിയത്.

പൊതുപ്രവർത്തനങ്ങളിൽ മത വിവേചനം കാട്ടരുതെന്ന് ഡോക്ടർക്ക് നിർബന്ധമുണ്ടായിരുന്നു. ദാറുൽ ഉലൂം മദ്റസ സ്ഥാപിക്കുന്നതിന് വർഷങ്ങൾക്ക് മുൻപ് മുതൽക്ക് തന്നെ, അവിടെ സ്ഥിതി ചെയ്തിരുന്ന ചെറിയ പള്ളി കേന്ദ്രീകരിച്ച് നോമ്പ് കഞ്ഞി വിതരണം നടന്നിരുന്നു. ഇത് നാട്ടുകാർക്ക് മുഴുവൻ എത്തണമെന്നും യാതൊരു വിവേചനവും പാടില്ലെന്നും ഇടക്കിടെ ഉണർത്തിയിരുന്നു.

ദാറുൽ ഉലൂം മദ്റസയിൽ നടക്കുന്ന വൈജ്ഞാനിക-പ്രബോധന പ്രവർത്തനങ്ങളോട് അത്രവലിയ അടുപ്പം കാണിക്കാത്ത മുസ്‌ലിം അമുസ്‌ലിം നാട്ടുകാരെ സ്ഥാപനവുമായി ഇണക്കിയ ഏറ്റവും പ്രധാന ഘടകവും ഡോക്ടറുടെ മാനവികതയായിരുന്നുവെന്നതും ശ്രദ്ധേയമാണ്. ഭാവികാലത്തും അത് പ്രയോജനപ്പെടും, പ്രയോജനപ്പെടട്ടെ!

ചുരുക്കത്തിൽ, ഡോക്ടർ ഒരു തികഞ്ഞ മനുഷ്യസ്നേഹിയായിരുന്നു. ജാതി മത ഭേദമന്യെ എല്ലാവരോടും ജീവിതത്തിൽ നിറഞ്ഞ സ്നേഹവും തികഞ്ഞ ഗുണകാംക്ഷയും പുലർത്തി. എല്ലാവർക്കും സഹായ സഹകരണങ്ങൾ എത്തിച്ചു. പ്രവർത്തനങ്ങളിലൂടെ മനസ്സുകൾ കീഴടക്കി. ആർക്കും നല്ലതല്ലാത്തതൊന്നും പറയാനില്ലാത്ത നിലയിൽ കണ്ണുകളെ ഈറനണിയിച്ച് സ്വസ്ഥമായി പരലോകത്തേക്ക് യാത്രയായി. അല്ലാഹു മർഹൂമിനൊപ്പം നമ്മെയും സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ! ❑




ഉസ്താദ് നൂഹ് മൗലവി ഓച്ചിറ (ദാറുൽ ഉലൂം)

ജീവിതത്തിൽ ജനസേവനം ചെയ്യുന്ന പലരെയും നമുക്ക് കാണാം. എന്നാൽ ജീവിതം തന്നെ ജനസേവനമാക്കുന്ന അപൂർവം ചിലരുണ്ട്. അത്തരക്കാരെ തിരിച്ചറിയുന്നത് അവർ കടന്നുപോയ വഴികളിലെ സാധുക്കളുടെ മുഖങ്ങൾ സന്തോഷത്താൽ തിളങ്ങുന്നത് കാണുമ്പോഴാണ്. ഇങ്ങനെ ജീവിതം സേവനമാക്കിയ അപൂർവ്വരിൽ ഒരാളാണ് ഓച്ചിറക്കാർക്ക് സുസമ്മതനായ മർഹൂം അഹ്മദ് ഡോക്ടർ.

ചെറുപ്പത്തിൽ, ഉദാരതയുടെ ഉപമയായി മർഹൂം കായംകുളം ഹാജി ഹസൻ യഅ്ഖൂബ് സേട്ടിനെ ആളുകൾ വിശേഷിപ്പിക്കുന്നത് ഒരുപാട് കേട്ടിട്ടുണ്ട്. എന്നാൽ, എന്റെ ജീവിതത്തിൽ ഉദാരതയുടെ ഉത്തമ രൂപമായി ഞാൻ അനുഭവിച്ചറിഞ്ഞ ഒരു മഹാ വ്യക്തിത്വമായിരുന്നു ഡോക്ടർ സാഹിബ്.

എപ്പോഴും കുറച്ചു പണം കയ്യിൽ കരുതിവെക്കുകയും, എവിടെ ആവശ്യക്കാരെ കണ്ടാലും ആരുമറിയാതെ അത് എത്തിക്കുകയും ചെയ്തിരുന്നത് മർഹൂമിന്റെ ഒരു ഉന്നത ഗുണമായിരുന്നു.

സാധാരണ നിലയിൽ സാധുക്കളായ ആളുകൾക്ക് പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ പോകാൻ തന്നെ ഭയമാണ്. എന്നാൽ, സ്റ്റാർ ഹോസ്പിറ്റലിൽ എത്തുന്ന രോഗികളുടെ മുഖത്ത് ആ ഭയം കാണാൻ കഴിയുമായിരുന്നില്ല. പൊതുവെ തന്നെ സാമ്പത്തിക ചൂഷണം ഇല്ലാത്തതോടൊപ്പം, തന്റെ ഹോസ്പിറ്റലിൽ വരുന്നവരിൽ നിർധനരെ കണ്ടെത്തുവാനും അവർക്ക് സാമ്പത്തിക സഹായം ചെയ്യുവാനും തന്റെ തിരക്കേറിയ ജീവിതത്തിലും ഡോക്ടർ സമയം കണ്ടെത്തിയിരുന്നതാണ് അതിന്റെ കാരണം.

ദീനീ പണ്ഡിതരോടും പഠിതാക്കളോടും വളരെയധികം സ്നേഹവും ബഹുമാനവും പുലർത്തിയിരുന്ന അദ്ദേഹം, ദാറുൽ ഉലൂമിന്റെ തുടക്കം മുതൽ തന്നെ ചെയ്തു കൊണ്ടിരുന്ന മറ്റു സഹായ

ങ്ങൾക്ക് പുറമെ അവിടുത്തെ ഉസ്താദുമാർക്ക് എല്ലാ തിങ്കളാഴ്ചയും വിഭവസമൃദ്ധമായ ഭക്ഷണം നൽകിയിരുന്നു. മരണപ്പെടുന്നതിന് തൊട്ടുമുൻപ് മക്കളെ വിളിച്ച് ഇത് തുടരണം എന്ന് ആവശ്യപ്പെടുകയും ചെയ്തു.

മുശാവറകളിൽ, മദ്റസയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കോ മറ്റോ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലായാൽ ഉടൻ കയ്യിലുള്ള പൈസ എടുത്ത് നൽകുകയും നിങ്ങൾ പണി തുടങ്ങുക, പടച്ചവൻ പൂർത്തിയാക്കും എന്ന് പറയലായിരുന്നു ഡോക്ടറുടെ ശൈലി.

സൂക്ഷ്മതയുടെ പേരിൽ, മദ്റസയിലെത്തുന്ന അതിഥികൾ കുട്ടികളുടെ പേരിൽ വരുന്ന ഭക്ഷണം ആഹരിക്കേണ്ട എന്ന് പറഞ്ഞ് അതിഥികൾക്കും സഹായികൾക്കും വേണ്ടി എല്ലാ മാസവും ഭക്ഷണത്തിനുള്ള ഒരു തുക ഏല്പിച്ചിരുന്നു.

ചുരുക്കത്തിൽ, ദാറുൽ ഉലൂമിന്റെ കാര്യദർശിയും ഹോസ്പിറ്റലിന്റെ അമരക്കാരനുമായ മർഹൂം മത–ഭൗതിക മേഖലകളെ സമന്വയിപ്പിച്ച ഒരു മഹാ വ്യക്തിത്വമായിരുന്നു.

ഒരു ഭാഗത്ത് വിശ്വസ്തതയും ആത്മാർത്ഥതയും കൊണ്ട് ആതുരസേവനരംഗം കീഴടക്കിയപ്പോൾ, മറുഭാഗത്ത് കയ്യറിയാതെ കരുണയുടെ അദ്ധ്യായങ്ങൾ രചിച്ച് ആതുര സേവന രംഗം സുന്ദരമാക്കുകയായിരുന്നു അദ്ദേഹം.

ഓച്ചിറ ദാറുൽ ഉലൂം ഉൾപ്പെടെ പല സ്ഥാപനങ്ങളിലെയും നൂറുകണക്കിന് വിദ്യാർത്ഥികളുടെ സൗജന്യ ചികിത്സക്ക് സ്റ്റാർ ഹോസ്പിറ്റലിന്റെ കവാടങ്ങൾ മലർക്കെ തുറന്നു കിടക്കുകയായിരുന്നു.

അറിവിനെയും അറിവിന്റെ അഹ്ലുകാരെയും വിഭാഗീയതയുടെ വരമ്പുകൾ കൊണ്ട് വേർതിരിക്കാതെ വിജ്ഞാനത്തിന്റെ വിശാല വീക്ഷണത്താൽ ആദരപൂർവ്വമായിരുന്നു അദ്ദേഹം പെരുമാറിയത്.
വാക്കുകൾ തോറ്റുപോകുന്ന... വർണ്ണനകൾ വിസ്മയം തൂകുന്ന... നിർവ്വചനങ്ങൾക്ക് പിടി നൽകാത്ത...അനുഭവിക്കും തോറും അത്ഭുതപ്പെടുത്തുന്ന... നിസ്തുല സേവന വിസ്മയമായിരുന്നു മർഹൂം.

മർഹൂമിന്റെ അത്യുദാരത അറിഞ്ഞവരെയൊന്നാകെ വിസ്മയിപ്പിക്കുമ്പോഴും, അദ്ദേഹം ഒരു അതിസമ്പന്നനായിരുന്നില്ലെന്നതാണ് സത്യം. വിശാലമായ സമ്പത്തല്ല, ഉള്ളത് ചിലവഴിക്കാനുള്ള വിശാല മനസ്സാണ് വേണ്ടതെന്ന അത്യുന്നത സന്ദേശമാണ് മർഹൂം ഡോക്ടർ നമുക്ക് നൽകുന്നത്. അതു തന്നെയാണ് പടച്ചവന്റെ കൽപ്പനയും.

നാഥാ, നീ നൽകിയ സമ്പത്ത് നിന്റെ ഇഷ്ട മാർഗത്തിൽ തന്നെ അദ്ദേഹം ചിലവഴിച്ചുവെന്നതിന് ഞങ്ങൾ സാക്ഷികളാണ്.!

നാഥാ നീ സ്വീകരിക്കണമേ.......

# നാട്ടുകാരുടെ പ്രിയപ്പെട്ട ഡോക്ടർ

ഉസ്താദ് സകരിയ്യാ മനാരി ഓച്ചിറ
(സെക്രട്ടറി എം.എം.സി.സി മദ്റസ)

വിശുദ്ധ ഖുർആൻ മുഖേനെ ധാരാളം ആളുകളെ വഴികേടിലും ധാരാളം പേരെ സൻമാർഗ്ഗത്തിലുമാക്കുന്നു എന്ന പ്രഖ്യാപനത്തിൽ സൗഭാഗ്യവാന്മാരായ സംഘത്തിൽ സ്ഥാനം പിടിച്ച അപൂർവ്വ വ്യക്തിത്വങ്ങളിൽ ഉത്തമ ഉദാഹരണമാണ് മർഹൂം അഹ്മദ് കുഞ്ഞ് ഡോക്ടർ

ജന്മം കൊണ്ട് ആലപ്പുഴക്കാരനാണെങ്കിലും പിതാവിന്റെ വ്യാപാരവും മർഹൂമിന്റെ യുവത്വവും ഓച്ചിറ എന്ന പ്രദേശത്തായതിനാൽ ഈ നാടുമായി അഭേദ്യബന്ധം നിലനിന്നിരുന്നു. പിതാവിനെപ്പോലെ തന്നെ നാട്ടുകാർക്ക് പ്രിയപ്പെട്ട ആളായിരുന്നു ഡോക്ടർ.

ഓച്ചിറ പഴയ ദേശിയ പാതയുടെ സമീപം പ്രവർത്തനം ആരംഭിച്ച സ്റ്റാർ ഹോസ്പിറ്റലിന്റെ സേവനങ്ങൾ ജാതിമത ഭേദമന്യേ ആബാലവൃദ്ധ ജനങ്ങളും പ്രയോജനപ്പെടുത്തിയിരുന്നു. ഓരോ വിഭാഗങ്ങളിൽ പ്രത്യേക നൈപുണ്യം നേടിയ അഗ്രഗണ്യരായ ഡോക്ടർമാർ സജീവമായ ഈ 21-ാം നൂറ്റാണ്ടിൽ വെറും എം. ബി. ബി. എസ് കാരനായ മർഹൂം എല്ലാ രോഗങ്ങൾക്കും വിദഗ്ദ ചികിത്സ നിർദ്ദേശിക്കാൻ യോഗ്യനായിരുന്നു. ഡോക്ടറുടെ വിയോഗത്തോടനുബന്ധിച്ച് ഓച്ചിറക്കാരാനായ ഒരു അമുസ്‌ലിം സഹോദരന്റെ അനുഭവക്കുറിപ്പ് സോഷ്യൽ മീഡിയയിൽ ശ്രദ്ധേയമായിരുന്നു. ഓച്ചിറ സ്റ്റാർ ഹോസ്പിറ്റലിലെ "കൈപ്പുണ്യമുള്ള" ഡോക്ടർ അഹമ്മദ് കുഞ്ഞ് വിടവാങ്ങി.എന്റെ കുട്ടിക്കാലം മുതൽ എനിക്ക് ഏത് അസുഖം ബാധിച്ചാലും അച്ഛൻ എന്നെയും കൊണ്ട് അഹമ്മദ് കുഞ്ഞ് ഡോക്ടറിനെ കാണിക്കും. അദ്ദേഹം പരിശോധിച്ചാൽ അസുഖം പമ്പ കടക്കുമായിരുന്നു. സോഡാ നിർമ്മിക്കുമ്പോൾ നിരന്തരം കുപ്പി പൊട്ടിത്തെറിച്ച് അച്ഛന് പരിക്കേൽക്കുമായിരുന്നു.ഉടൻ തന്നെ സ്റ്റാർ ഹോസ്പിറ്റലിൽ കൊണ്ടുപോകും. ചിലപ്പോൾ അവിടെ അഡ്മിറ്റ് ചെയ്യും.ഡിസ്ചാർജ് ചെയ്ത് ബിൽ വരുമ്പോൾ മിക്കവാറും അടക്കാൻ പൈസ അച്ഛന്റെ കൈയ്യിൽ തികയാറില്ലായിരുന്നു. അച്ഛൻ ഉടൻ തന്നെ ഡോക്ടറോട് പറയും, ഡോക്ടറേ എന്റെ കൈയ്യിൽ ഇത്രയും പൈസയില്ല എന്ന്.ഡോക്ടർ ഉടൻ തന്നെ സ്റ്റാഫിന് നിർദ്ദേശം നൽകും, ബാലരാമന്റെ കൈയ്യിൽ നിന്നും ഉള്ള പൈസ വാങ്ങിയാൽ

മതിയെന്ന്.ഓച്ചിറയിലെ മറ്റൊരു ഡോക്ടറും ഇങ്ങനെ ചികിത്സിക്കാറില്ല. അവസാനം അച്ഛന് പക്ഷാഘാതം ബാധിച്ച് സ്റ്റാറിൽ ഞാൻ കൊണ്ടു പോയി.ഡോക്ടർ എന്നെ ഒന്നു നോക്കി.ഒന്നും മിണ്ടിയില്ല.അവസാനം ഞാൻ ചോദിച്ചു, ഡോക്ടറേ വേറെ എവിടെയെങ്കിലും കൊണ്ടുപോകട്ടെ എന്ന്. അതിനും മൗനം ആയിരുന്നു ഡോക്ടറുടെ മറുപടി.അച്ഛനെ ഞങ്ങൾ കൊല്ലം ശങ്കേഴ്സിൽ കൊണ്ടുപോയി. അന്ന് രാത്രി തന്നെ അച്ഛൻ എന്നെ വിട്ടുപിരിഞ്ഞു.

അഹമ്മദ് കുഞ്ഞ് ഡോക്ടറിന് അറിയാമായിരുന്നു അച്ഛന് ഒരു തിരിച്ചു വരവ് അസാധ്യമാണെന്ന്.അത് എന്നോട് പറയുവാൻ അദ്ദേഹ ത്തിന് കഴിയില്ലായിരുന്നു എന്ന സത്യം എനിക്ക് പിന്നീട് മനസിലായി. ഡോക്ടറിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു....

ഏതാനും ദിവസങ്ങൾക്ക് മുമ്പ് വിനീതന്റെ ഭവനത്തിൽ ജോലിക്ക് വന്ന അമുസ്‌ലിമായ ഒരു ടൈൽസ് തൊഴിലാളി തന്റെ ജീവിതത്തിൽ ഉണ്ടായ സമാന സംഭവം എന്നോട് അനുസ്മരിച്ചു. അദ്ദേഹവും തന്റെ മാതാപിതാക്കൾ, ഭാര്യസന്താനങ്ങൾ തുടങ്ങിയ ധാരാളം ബന്ധുക്കൾ ഏത് അസുഖത്തിനും സമീപിക്കുന്നത് ഡോക്ടറെയായിരുന്നു. അതിലുപരി ദീനീ പ്രബോധനത്തിന്റെ പേരിൽ നാടിന്റെ നാനാഭാഗങ്ങളിലുമുള്ള ഓരോ ഭവ നങ്ങളും സന്ദർശിച്ച് ആത്മീയ രോഗ ചികിത്സാ രംഗത്തും മർഹൂം സജീവ മായിരുന്നു. ഓച്ചിറയുടെ പരിസര പ്രദേശങ്ങളിൽ സമാരംഭം കുറിക്കുന്ന മസ്ജിദ് മദ്റസ നിർമ്മാണങ്ങൾക്കും മാസം തോറുമുള്ള ചിലവുകൾക്കും തന്റെ സമ്പത്തിന്റെ നല്ലൊരുവിഹിതം സംഭാവന നൽകിയിരുന്നു.

നാടിന്റെ പുരോഗതിക്കായി നടത്തപ്പെടുന്ന കലാ സാംസ്കാരിക പരി പാടികൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും തന്റെ സമ്പത്ത് പ്രയോ ജനപ്പെടുത്തിയിരുന്നു. വിശിഷ്യാ ഓച്ചിറ അഴീക്കൽ ഭാഗത്തുണ്ടായ സുനാ മിയിൽ അകപ്പെട്ട ധാരാളം പാവപ്പെട്ടവരെ ചികിത്സിക്കാനും ആശ്വസിപ്പി ക്കാനും മർഹൂമും തന്റെ പ്രസ്ഥാനവും പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഓച്ചിറ കേന്ദ്രീകരിച്ച് നടത്തപ്പെട്ട പല കുടുംബ യോഗങ്ങളിലും അതിഥി യായി പങ്കെടുത്തിരുന്നു. വിശിഷ്യാ വിനീതന്റെ കുടുംബമായ പൂവക്കു ളത്ത് കുടുംബത്തിലെ വാർഷിക യോഗങ്ങളിൽ സജീവ സാന്നിധ്യമായിരു ന്നു. ഡോക്ടറുടെ മക്കളുടെ ഗുരുവായ വിനീതന്റെ പിതാവിനെ സ്ഥിര മായി സന്ദർശിക്കുകയും ആ ബന്ധം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കുക യും ചെയ്തിരുന്നു. പിതാവിന്റെ മരണശേഷവും ആ ബന്ധം നിലനിർത്താൻ ഡോക്ടർ തന്റെ മക്കളോട് പ്രത്യേകം ഉണർത്തിയിരുന്നു. അഭിവന്ദ്യ പിതാവ് പാണിക്കര അഹ്മദ് കുഞ്ഞ് മുസ്‌ലിയാരെയും മർഹൂം അഹ്മദ് ഡോക്ട റെയും നമ്മെയെല്ലാവരെയും അല്ലാഹു സ്വർഗ്ഗത്തിലും ഒന്നിപ്പിക്കട്ടെ.

❑



# അറിവിനെ ആദരിച്ച അഹ്ദ് ഡോക്ടർ

**മുഫ്തി സൽമാൻ ഹുസ്നി -തൊടുപുഴ**

മനുഷ്യനെ മറ്റിതര സൃഷ്ടികളിൽ നിന്നും വ്യത്യസ്തനാക്കുന്നത് അവന്റെ അറിവാണ്. പൂർവ്വ പിതാവായ ആദം (അ) നെ ആദരിക്കാൻ അല്ലാഹു തീരുമാനിച്ചപ്പോൾ അതിനായി കനിഞ്ഞരുളിയതും അറിവാണ്. പരിധികളില്ലാതെ ആർക്കും നേടാനാവുന്നതും, അമൂല്യവും അതുല്യവുമായ ഈ സമ്പത്ത് മനുഷ്യന്റെ മൂല്യത്തെ വർദ്ധിപ്പിക്കുകയും സ്രഷ്ടാവിന്റെ അടുക്കലും സൃഷ്ടികളുടെ അടുക്കലും അവന്റെ സ്ഥാനം ഉയർത്തുകയും ചെയ്യുന്നു.

ഇക്കാരണങ്ങളാൽ അറിവുള്ളവരെ ആദരിക്കണം എന്നത് ഇസ്‌ലാമിന്റെ വളരെ പ്രധാനപ്പെട്ട അദ്ധ്യാപനമാണ്. പ്രത്യേകിച്ചും മനുഷ്യന്റെ ഇരുലോക വിജയത്തിന് നിദാനമായ വഹ്-യിന്റെ അറിവ് കരസ്ഥമാക്കാനും അതുമായി ബന്ധപ്പെടാനും ഭാഗ്യം സിദ്ധിച്ച ആലിമുകളെ ബഹുമാനിക്കുകയും അവർക്ക് സേവനം ചെയ്യുകയും ചെയ്യുന്നത് അല്ലാഹുവിന്റെ അടുക്കൽ വലിയ പുണ്യമാണ്. ഈ വിഷയത്തിലുള്ള ഹദീസുകൾ ധാരാളമുണ്ട്. ഇമാം അഹ്മദ് (റ) ഉദ്ധരിക്കുന്ന ഹദീസിൽ, എന്റെ ഉമ്മത്തിലെ ആലിമീങ്ങളോടുള്ള കടമകളെ കുറിച്ച് ബോധവാനല്ലാത്തവൻ നമ്മിൽ പെട്ടവനല്ല എന്ന് വരെ റസൂലുല്ലാഹി (സ:അ) പറഞ്ഞിട്ടുണ്ട്.

നാം ഏറ്റവും കൂടുതൽ വീഴ്ച വരുത്തുന്ന ഒരു വിഷയമാണിത്. പലപ്പോഴും ആലിമീങ്ങളോടുള്ള കടമകൾ നാം പൂർത്തീകരിക്കാറില്ല എന്ന് മാത്രമല്ല, നമുക്കിഷ്ടപ്പെടാത്തത് വല്ലതും അവരിൽ കണ്ടാൽ ആക്ഷേപിക്കുകയും ചെയ്യും. അതൊരു സാധാരണ കാര്യമായി മാറിയിരിക്കുകയാണ് സമൂഹത്തിൽ, പ്രത്യേകിച്ചും വിദ്യാസമ്പന്നരുടെ

ഇടയിൽ. ഇനി എന്തെങ്കിലും നന്മകൾ അവരോട് ചെയ്താൽ തന്നെ, നമുക്ക് ഇഷ്ടവും ആശയപരമായി യോജിപ്പുമുള്ള പണ്ഡിതന്മാരോട് മാത്രമായിരിക്കും നാം ആദരവും കടപ്പാടും പ്രകടിപ്പിക്കുക.

ഈ വിഷയത്തിൽ തികച്ചും വ്യത്യസ്തനായിരുന്നു മഹാനായ അഹ്മദ് കുഞ്ഞ് ഡോക്ടർ. ആശയ – ആദർശ വ്യത്യാസങ്ങളില്ലാതെ, പ്രസ്ഥാനങ്ങളുടെ അതിർവരമ്പുകളില്ലാതെ എല്ലാ പണ്ഡിതന്മാരെയും ആദരിച്ചിരുന്നു. അല്ലാഹുവിന്റെ ദീനിന്റെ അറിവ് കരസ്ഥമാക്കിയവർ എന്ന ഒറ്റക്കാര്യം മാത്രമേ ആ വിഷയത്തിൽ അദ്ദേഹം പരിഗണിച്ചിരുന്നുള്ളൂ.

അറിവിനോട് അതിയായ ആഗ്രഹം ഉണ്ടായിരുന്ന അദ്ദേഹത്തിന് തന്റെ ആശയവും ആദർശവുമെല്ലാം വളരെ വ്യക്തമായിരുന്നുവെങ്കിലും അതിന്റെ പേരിൽ മറ്റ് പണ്ഡിതരെ ആക്ഷേപിക്കാനോ കുറ്റപ്പെടുത്താനോ ഒരിക്കലും അദ്ദേഹം മുതിർന്നില്ല. അത് തന്റെ ജോലിയല്ല, അവരുമായി സംവദിക്കേണ്ടത് പണ്ഡിതന്മാർ തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ ആ വലിയ മനുഷ്യൻ, അൽപം ജ്ഞാനം കിട്ടി എന്ന് തോന്നിയാൽ വലിയ വലിയ പണ്ഡിത മഹത്തുക്കളെ പോലും വിമർശിക്കാൻ തെല്ലും സങ്കോചിക്കാത്ത സമകാലീന സമൂഹത്തിന് ഒരു മഹത്തായ മാതൃകയാണ്.

ആലിമീങ്ങൾക്ക് സേവനം ചെയ്യുന്നതിലും ഒട്ടും പിന്നിലായിരുന്നില്ല ഡോക്ടർ സാഹിബ്. കിട്ടുന്ന അവസരങ്ങളെല്ലാം അലിമീങ്ങൾക്ക് സേവനം ചെയ്യാനും അവരിൽ നിന്നും അറിവും ആശീർവാദവും നേടാനും ഉപയോഗപ്പെടുത്തുന്നതിൽ അദേഹം മുൻപന്തിയിലായിരുന്നു. തനിക്ക് ചെന്ന് കാണാൻ സാധിക്കാത്ത മഹാന്മാരുടെ അടുക്കലേക്ക് ആരെങ്കിലും പോകുന്നു എന്നറിഞ്ഞാൽ ഉടൻ തന്നെ അവർക്കുള്ള ഹദ്–യ അവരുടെ കൈവശം കൊടുത്ത് വിടുകയും ദുആ ചെയ്യാൻ അപേക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു.

ഇൽമിനോടും ആലിമീങ്ങളോടും പുലർത്തിയിരുന്ന നിഷ്കളങ്കമായ ഈ ആദരവിന്റെ പേരിലാകാം ഒരു പക്ഷേ അദ്ദേഹത്തിന്, കേരളത്തിലെ പ്രധാനപ്പെട്ട ഒരുപാട് പണ്ഡിത മഹത്തുക്കളെ ചികിത്സിക്കാനുള്ള സൗഭാഗ്യം ലഭിച്ച അപൂർവ്വം ഡോക്ടർമാരിൽ ഒരാളാകാൻ സാധിച്ചത്. അവർക്ക് വേണ്ട എല്ലാ വിധ ചികിത്സകളും സൗജന്യമായി നൽകുകയും അവർ ആവശ്യപ്പെടുന്നതിന് മുമ്പേ ആരുമറിയാതെ അവർക്കുള്ള സഹായമെത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു അദ്ദേഹം.

പ്രസ്ഥാന വ്യത്യാസങ്ങളില്ലാതെ ആലിമീങ്ങളെ ആദരിച്ചിരുന്ന പോലെ മുതഅല്ലിമീങ്ങളെയും ആദരിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ എത്തിക്കുകയും ചെയ്തിരുന്നു. വർഷങ്ങളോളം

മുതഅല്ലിമീങ്ങളെ തികച്ചും സൗജന്യമായി ചികിത്സിച്ചു അദ്ദേഹം. പലപ്പോഴും മരുന്നുകളും സൗജന്യമായി തന്നെ എത്തിച്ചു. തന്റെ സ്വന്തം മക്കളെ പോലെ അദ്ദേഹം പരിഗണിച്ചിരുന്ന ഓച്ചിറ ദാറുൽ ഉലൂമിലെ വിദ്യാർത്ഥികൾക്ക് മദ്റസയുടെ പ്രാരംഭം മുതൽ ഇന്നോളം സൗജന്യമായിരുന്നു സ്റ്റാർ ഹോസ്പിറ്റലിലെ അദ്ദേഹത്തിന്റെ ചികിത്സ യും മരുന്നുകളും.

ആരോരുമറിയാതെ തികച്ചും രഹസ്യമായി, ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഒരു പാട് പണ്ഡിതരെ സഹായിച്ച അദ്ദേഹത്തിന് ഇത്തരം കാര്യങ്ങൾ പൊതുവിൽ പറയുന്നതോ അത് പറഞ്ഞ് അഭിനന്ദിക്കു ന്നതോ പോലും ഇഷ്ടമല്ലായിരുന്നു. അതിനാൽ മാത്രമാണ്, നേരിട്ട് പല സംഭവങ്ങളും അറിയാമെങ്കിലും ഈ ലേഖനത്തിൽ ഉദാഹര ണത്തിനായി പോലും ഒരു സംഭവവും വിവരിക്കാത്തത്. ഡോക്ടർ സാഹിബുമായി വളരെ അടുപ്പമുള്ള ഒരു ഉസ്താദിനോട് ഈ ലേഖനം എഴുതുന്നതിനായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ഇടതു കൈ അറിയാതെ വലത് കൈ കൊണ്ട് സംഭാവന ചെയ്യുന്ന വ്യക്തിയാണ് ഡോക്ടർ സാഹിബ് എന്നാണ്.

അറിവിനോടും ആലിമീങ്ങളോടും പുലർത്തിയിരുന്ന ഈ ഗുണകാംക്ഷയുടെ പേരിലാണ് അദേഹത്തിന്റെ മരണവാർത്ത കേരള ത്തിന്റെ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിന് പണ്ഡിതരെ ഒരു പോലെ ദു:ഖിപ്പിച്ചത്. അവരൊക്കെയും തീർച്ചയായിട്ടും അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്തിട്ടുണ്ടാകും... ഇതിലും വലിയ എന്ത് സൗഭാഗ്യമാ ണ് ഒരു മനുഷ്യന് മരണത്തിന് ശേഷം കിട്ടാനുള്ളത്?

അല്ലാഹുവേ! നിന്റെ റസൂലിന്റെ കൽപന മാനിച്ച്, നിന്റെ ദീനി ന്റെ അറിവിനെയും അറിവുള്ളവരെയും ആദരിച്ച അദ്ദേഹത്തെ നീയും ആദരിക്കേണമേ! നിന്റെ ഹബീബ് (സ:അ) നൊപ്പം പാർപ്പിക്കേണമേ ആ മാതൃക വേണ്ട വിധം പിൻപറ്റാൻ ഞങ്ങൾക്കും തൗഫീഖ് നൽകേ ണമേ! ആമീൻ...

❑


മഹാൻമാരുടെ സുപ്രധാന സന്ദേശങ്ങൾ വായിക്കാൻ
എല്ലാ വെള്ളിയാഴ്ചയും നിങ്ങൾക്കായി പ്രസിദ്ധീകരിക്കുന്നു.

**അൽ ഹസനാത്ത്** ആഴ്ച്ചപ്പതിപ്പ്
വായിക്കാൻ സന്ദർശിക്കുക
alhasanathmonthly.blogspot.com
പ്രസിദ്ധീകരണം
അൽ ഹുസ്നി ഉലമാ അസോസിയേഷൻ




**മുഹമ്മദ് ആഷിഖ് ഹുസ്നി ചുനക്കര**

ഹേ.. ആദമിന്റെ മകനെ,

നീ കരയുകയും ജനം ചിരിച്ചു സന്തോഷിക്കുകയും ചെയ്യുന്ന അവസ്ഥയിലായിരുന്നു നിന്റെ ജനനം. ജനം കരയുകയും നീ ചിരിച്ചു സന്തോഷിക്കുകയും ചെയ്യുന്ന നിലയിൽ മരണം പുൽകാൻ നീ പരിശ്രമിക്കുക. എന്ന അർത്ഥവത്തായ അറബി പദ്യത്തിന്റെ സാക്ഷാൽക്കാരമായിരുന്നു ബഹുമാന്യ ഡോക്ടറുടെ വിയോഗം.

പുഞ്ചിരിച്ച മുഖവുമായി മർഹൂം മരണത്തെ പുൽകുമ്പോൾ ആ വിയോഗ നഷ്ടത്തിൽ ഒരു നാട് മുഴുവൻ തേങ്ങുകയായിരുന്നു.. മഹാമാരിയുടെ സുരക്ഷാ വലയങ്ങൾക്കുള്ളിൽ നിന്നു പോലും ആ മഹാ വ്യക്തിത്വത്തെ ഒരു നോക്ക് കാണാൻ തടിച്ചു കൂടിയ ജനസാഗരം അദ്ദേഹത്തിന്റെ ഗുണങ്ങളുടെ ആഴം അറിയിക്കുന്നതായിരുന്നു..! ആതുര സേവനത്തിന്റെ അക്ഷയ പാത്രമെന്ന് വിശേഷിപ്പിക്കാവുന്ന ഒരു വ്യക്തിയായിരുന്നു ബഹുമാന്യ മർഹൂം അവർകൾ.!

രഹസ്യമായും പരസ്യമായും സമസ്ത മേഖലകളിലെയും സാധുക്കൾക്ക് ആ മനുഷ്യന്റെ സഹായ ഹസ്തങ്ങൾ സന്തോഷമായി ത്തീർന്നു.

ഒതുങ്ങിയ പ്രകൃതവും തല കുനിച്ചുള്ള നടത്തവും പതിഞ്ഞ ശബ്ദവും മുഖമുദ്രയാക്കിയ ഈ മനുഷ്യൻ ഇത്ര ഉയർച്ചയിലെത്തിയതിന്റെ അടിസ്ഥാന കാരണമായി മനസ്സിലാകുന്നത് ജീവിതത്തിലെ രണ്ട് ഉന്നത ഗുണങ്ങളായിരുന്നു.

ഒന്ന്, പടച്ചവനുമായുള്ള ബന്ധത്തിന് ജീവിതത്തിൽ ഒരു കോട്ടവും വരാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല.

തണുപ്പുള്ള ഒരു രാത്രിയിൽ ഫലാഹ് മസ്ജിദിൽ ഞങ്ങളൊക്കെ സുഖ നിദ്രയിലായിരിക്കുമ്പോഴും വാർദ്ധക്യത്തിന്റെ അവശത

കളെ വകഞ്ഞു മാറ്റി പാതിരാത്രിയിൽ പടച്ചവനിലേക്ക് കരങ്ങളുയർത്തി കരയുന്ന ഡോക്ടർ സാഹിബിന്റെ ഇലാഹീ ബന്ധം അൽപ നേരമെങ്കിലും കൂടെ കഴിഞ്ഞിട്ടുള്ളവർക്കൊക്കെ പറയാനുള്ള ഒന്നു തന്നെയാണ്.

എത്ര തിരക്കിലാണെങ്കിലും ബാങ്കിന്റെ ശബ്ദം കേട്ടാൽ ധൃതിയിൽ മസ്ജിദിലേക്ക് പോകുന്ന ഡോക്ടർ ഓരോ ഓച്ചിറക്കാരന്റെയും മനസ്സിലെ മായാത്ത ചിത്രമാണ്.

ഹോസ്പിറ്റൽ തിരക്കുകൾക്കിടയിൽ ലഭിക്കുന്ന ചെറു ഇടവേളകളിൽ പോലും ഖുർആനിനെ പഠിക്കാനും പ്രണയിക്കാനും സമയം മാറ്റിവെച്ചിരുന്നു എന്നത് അദ്ദേഹത്തെ പോലുള്ള അപൂർവം ചില ആളുകളിൽ മാത്രം ഉണ്ടായിരുന്ന ഒരു വലിയ ഗുണമാണ്.

തന്റെ മുന്നിൽ വരുന്ന ഏത് രോഗിയുടെയും ചികിത്സയുടെ ആരംഭം പടച്ചവന്റെ നാമത്തിലാകണമെന്ന് നിർബന്ധമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ചികിത്സയിൽ എന്തോ ഒരു കൈപ്പുണ്യം ഉണ്ടെന്ന് അനുഭവ വെളിച്ചത്തിൽ പറയുന്ന നിരവധി ആളുകളെ ഈ സാധുവിന് കാണാൻ കഴിഞ്ഞിട്ടുണ്ട്.

രണ്ട്, പടപ്പുകളോടുള്ള ബന്ധത്തെ പവിത്രമായി കണ്ട വ്യക്തിയായിരുന്നു മർഹൂം അവർകൾ.

ജാതി , മത, വ്യത്യാസങ്ങൾക്ക് അതീതമായി ഒരു നാടിന്റെ മുഴുവൻ വിശ്വാസവും പ്രതീക്ഷയുമായി നിലകൊള്ളാൻ ആ സാധു മനുഷ്യനെ പടച്ചവൻ തിരഞ്ഞെടുക്കുകയുണ്ടായി.

ഞങ്ങൾക്ക് നിരവധി ഹോസ്പിറ്റലുകൾ അറിയാം, പക്ഷെ ഇദ്ദേഹത്തെ പോലെ വിശ്വസ്തനായ ഒരു ഡോക്ടറെ അറിയില്ല എന്ന് പറഞ്ഞ ഒരു ഹൈന്ദവ സഹോദരന്റെ വാക്കുകൾ ഇതിന് ഉദാഹരണമാണ്.

മുന്നിൽ വരുന്ന രോഗിക്ക് വാരിവലിച്ചു മരുന്നുകൾ നിർദ്ദേശിക്കാതെ വാത്സല്യത്തോടെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും ആവശ്യമെങ്കിൽ മാത്രം മരുന്നുകൾ നിർദ്ദേശിക്കുകയും ചെയ്യലായിരുന്നു മർഹൂമിന്റെ മഹത്തായ ഗുണം.

സൗഹൃദത്തിന്റെയും സഹകരണത്തിന്റെയുമൊക്കെ ബാന്ധവം ഡോക്ടറുടെ കൺസൾട്ടിംഗ് റൂമിന് മുന്നിൽ ശിലയായി മാറുന്നത് സർവ്വ സാധാരണമാണ്.

എത്ര പരിചയമുള്ള വ്യക്തിക്കും ഊഴമനുസരിച്ച് മാത്രമേ ഡോക്ടറെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ.

ആതുര ശുശ്രൂഷ വൻകിട ബിസിനസായി പരിണമിക്കുന്ന ആധുനിക കാലഘട്ടത്തിലും അത് ആരാധനയുടെ ഭാഗമായി കണ്ട വ്യക്തിയാണ് ഡോക്ടർ അഹമ്മദ് കുഞ്ഞു സാഹിബ്.

ഇതൊക്കെ തന്നെയാണ് അദ്ദേഹത്തെ ജനപ്രിയനാക്കിയതും..!

ആതുര രംഗത്തെ മർഹൂമിന്റെ സേവനങ്ങൾ കണ്ടറിഞ്ഞ് ഒരു നന്മ നിറഞ്ഞ കാലഘട്ടത്തിന്റെ അന്ത്യം എന്ന് പോലും അദ്ദേഹത്തിന്റെ മരണത്തെ വിശേഷിപ്പിച്ചവർ നിരവധിയാണ്.!

എത്ര ബുദ്ധിമുട്ട് നേരിട്ടാലും പടച്ചവനോടല്ലാതെ മറ്റൊരു പടപ്പിനോടും പരിഭവം പറയില്ലെന്ന മഹത്തായ ഗുണത്തിന്റെ ഉടമയായിരുന്നു മർഹൂം..!

ഓരോ വാക്കിലും കരുത്തായി..

ഓരോ നോക്കിലും കരുതലായി ..

ഓരോ സാന്നിധ്യത്തിലും കാവലായി..

മൗനത്താളുകളിൽ പോലും മനുഷ്യത്വത്തിന്റെ തിരിനാളമായി ജ്വലിച്ചിരുന്ന ആ മനുഷ്യ സ്നേഹിയുടെ ജീവിതം ആതുര സേവകർക്ക് ഒരു ഉദാത്ത മാതൃക തന്നെയാണ്..!

ഓച്ചിറ ദാറുൽ ഉലൂം ഉൾപ്പടെ നിരവധി ദീനീ വൈജ്ഞാനിക കേന്ദ്രങ്ങളുടെ ആത്മാവായി.. ജീവവായുവായി..

വിജ്ഞാന ദാഹികളായ നൂറു കണക്കിന് മക്കൾക്കായി ജീവിതം സമർപ്പിച്ച ആ മനുഷ്യനെ തേടി ആ മക്കളുടെ അനുഗ്രഹീത പ്രാർത്ഥന വർഷിച്ച് കൊണ്ടിരിക്കുമെന്നത് നിശ്ചയമാണ്.!

അങ്ങ് ചെയ്ത നന്മകൾ നിലക്കാതെ അങ്ങയുടെ തലമുറയിലൂടെ ഇനിയും പൂവണിയട്ടെ എന്ന പ്രാർത്ഥനയോടെ...

പടച്ചവൻ അദ്ദേഹത്തോട് കരുണ കാട്ടുകയും

അദ്ദേഹത്തെയും നമ്മെയും ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ..!

ആമീൻ. ❑


# തഫ്സീറുൽ ഹസനി

* പരിശുദ്ധ ഖുർആൻ ലളിത ആശയം
* ഓരോ പേജിലും പ്രധാനപ്പെട്ട വ്യാഖ്യാനക്കുറിപ്പുകൾ
* പരിശുദ്ധ ഖുർആൻ വചനങ്ങളുടെ അവതരണ പശ്ചാത്തലങ്ങളും തിരുവചനങ്ങളുടെ പരസ്പര ബന്ധങ്ങളും അതമഹത്തായ സന്ദേശങ്ങളും വിവരിക്കുന്ന അമൂല്യ രചന

<u>കോപ്പികൾക്ക് ദാറുൽ ഉലൂമുമായി ബന്ധപ്പെടുക.</u>

ഒരു വ്യക്തിയുടെ യഥാർത്ഥ
മാഹാത്മ്യം പ്രകടമാകുന്നത് തന്റെ
വീട്ടുകാരോടും കീഴിലുള്ളവരോ
ടുമുള്ള പെരുമാറ്റത്തിലൂടെയാണ്.
ഈ വിഷയത്തിലും മർഹൂം
ഡോക്ടർ വിജയിച്ചതായി
മനസ്സിലാകുന്നു. ചില സ്റ്റാഫുകളും
സ്നേഹിതരും
മർഹൂമുമൊത്തുള്ള അവരുടെ
അനുഭവങ്ങൾ
പങ്കുവെക്കുകയാണിവിടെ....



# നന്മ നിറഞ്ഞ സുഹൃത്ത്

**അൽ ഹാജ് അബ്ദുസ്സമദ് സാഹിബ്**

ഡോക്ടർ അഹ്മദ് സാഹിബ് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത വ്യക്തിത്വമാണ്. മരണം വരെ സുശക്തമായിരുന്ന ഞങ്ങളുടെ ബന്ധം ബാല്യകാലം മുതൽ തുടങ്ങിയതായിരുന്നു. ഓച്ചിറയ്ക്ക് പടിഞ്ഞാറ് പ്രയാർ ജംഗ്ഷന് സമീപം അടുത്തടുത്ത വീടുകളിലാണ് ഞങ്ങൾ ജനിച്ചു വളർന്നത്. എന്റെ ഉമ്മൂമ്മായും ഡോക്ടറുടെ ഉമ്മയും തമ്മിലുള്ള കുടുംബബന്ധം ഞങ്ങളുടെ ബന്ധത്തെ കൂടുതൽ മെച്ചപ്പെടുത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്ഥലം മാറിയെങ്കിലും ഇന്നും ഞങ്ങൾ ഒരു മതിലിനപ്പുറവും ഇപ്പുറവുമാണ് താമസം. പഠനവും പ്രയാർ കെ. വി. സകൂളിൽ ഒന്നിച്ചായിരുന്നു. ഡോക്ടർ പഠനത്തിൽ വലിയ ശ്രദ്ധ ചെലുത്തിയിരുന്നതായി ഓർക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയിൽ സ്കൂളിലെ ടോപ് സ്കോറർക്കായി ഡോ. കരുണാകരൻ പിള്ള സാർ സ്പോൺസർ ചെയ്ത ക്യാഷ് അവാർഡ് ഡോക്ടർക്കായിരുന്നു ലഭിച്ചത്.

എനിക്ക് അദ്ദേഹം ഒരു സുഹൃത്തും മാർഗ്ഗദർശിയുമായിരുന്നു. ഇന്ന് കാണുന്ന അവസ്ഥയിലേക്ക് ഞാൻ മാറിയതിന് പിന്നിൽ ഡോക്ടറുടെ പ്രാർത്ഥനക്കും പരിശ്രമത്തിനും വലിയ പങ്കുണ്ട്. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിന് മാത്രം പള്ളിയിൽ പോയിരുന്ന എന്നെ എല്ലാ വഖ്തിനും പള്ളിയിൽ വരാൻ പ്രേരിപ്പിച്ചിരുന്നു. നമസ്കാരം കഴിഞ്ഞ് പോകാനിറങ്ങുമ്പോൾ എവിടെ പോകുന്നു, വേറെ ജോലിയൊന്നുമില്ലല്ലോ, കുറച്ചു സമയം തഅലീമിലിരിക്കാം എന്ന് പറഞ്ഞ് തഅലീമിൽ പങ്കെടുപ്പിക്കും. തഅലീം കഴിഞ്ഞ് പോകാനിറങ്ങുമ്പോൾ പോയിട്ട് വേറെ ജോലിയൊന്നുമില്ലല്ലോ, അൽപ സമയം ഉസ്താദിന്റെ ക്ലാസിലിരിക്കാം എന്ന് പറഞ്ഞ് കുട്ടിക്കൊണ്ട് പോകുമായിരുന്നു. പിന്നീട് ഒരു ദിവസത്തേക്ക് ജമാഅത്തിന് കൊണ്ടുപോയി.

പിന്നെ അത് നാല്പത് ദിവസമായി. അങ്ങനെ ഞാൻ സ്ഥിരമായി ജമാഅത്തിന് പോയിത്തുടങ്ങി.

എനിക്ക് വിശുദ്ധ ഖുർആനിലെ അക്ഷരങ്ങൾ പഠിപ്പിച്ചു തന്നത് അദ്ദേഹമാണ്. അദ്ദേഹത്തിലൂടെ ദാറുൽ ഉലൂമുമായും ഒരുപാട് ആലിമീങ്ങളും മുതഅല്ലിമീങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞത് എന്റെ ജീവിതത്തിലെ വലിയൊരു സൗഭാഗ്യമായി ഞാൻ കാണുന്നു.

ഞങ്ങൾ തമ്മിൽ വലിയ ആത്മബന്ധമായിരുന്നു. എല്ലാ കാര്യങ്ങളും പരസ്പരം പങ്കുവെക്കുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. കുടുംബകാര്യങ്ങളും മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങളും വരെ എന്നോട് ആലോചിച്ചിരുന്നു. അവരുടെ അഡ്മിഷന് വേണ്ടി മംഗലാപുരത്തും ചെന്നൈയിലുമൊക്കെ പോയപ്പോഴും എന്നെ കൂടെക്കൂട്ടി. മക്കൾക്ക് വിവാഹാലോചനകൾ വരുമ്പോൾ അതിനെക്കുറിച്ചുള്ള അന്വേഷണത്തിലും മഷൂറകളിലും എന്നെ പങ്കെടുപ്പിച്ചിരുന്നു. എന്ത് ആവശ്യം വന്നാലും മറ്റാരോടും ചോദിക്കാതെ എന്നോടായിരുന്നു ചോദിച്ചിരുന്നത്.

എല്ലാ സുഹൃത്തുക്കളെയും എപ്പോഴും നന്മകൾക്ക് പ്രേരിപ്പിച്ചിരുന്നുവെന്നത് ഡോക്ടറുടെ വലിയ ഒരു ഗുണമായിരുന്നു. ദീനിയ്യായ കാര്യങ്ങൾ പറഞ്ഞ് ജമാഅത്തിൽ പുറപ്പെടാൻ സുഹൃത്തുക്കളെ പ്രേരിപ്പിക്കുന്നതിൽ ഒരു മടിയും കാണിച്ചില്ല. തിന്മകളെ ശക്തമായി എതിർക്കുകയും ചെയ്തിരുന്നു. ജമാഅത്തിലും സമ്മേളനങ്ങൾക്കും തന്റെ സുഹൃത്തുക്കളെയെല്ലാം കൂടെക്കൂട്ടിയിരുന്ന ഡോക്ടർ ആരിൽ നിന്നും ഒരു രൂപ പോലും വാങ്ങാതെ എല്ലാവരുടെയും ചിലവ് സ്വയം വഹിക്കുമായിരുന്നു. ജമാഅത്തിൽ പോകാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള സുഹൃത്തുക്കളെ സഹായിക്കുകയും ചെയ്തിരുന്നു.

ചുരുക്കത്തിൽ, സൗഹൃദം എങ്ങനെയായിരിക്കണമെന്നതിന് ഒരു ഉത്തമ ഉദാഹരണം തന്നെയായിരുന്നു മർഹൂം. അല്ലാഹു നൽകിയ ശരീരവും സമ്പത്തും ബന്ധങ്ങളും അല്ലാഹുവിന് പൊരുത്തമായ മാർഗ്ഗത്തിൽ ചിലവഴിക്കാൻ സൗഭാഗ്യം ലഭിച്ച ആ മഹാനുഭാവന് അല്ലാഹു ഉത്തമ പ്രതിഫലം നൽകട്ടെ! അദ്ദേഹം വെള്ളവും വളവും നൽകിയ സ്ഥാപനം ദാറുൽ ഉലൂമിനെ അല്ലാഹു സ്വീകരിക്കുകയും ഏറ്റെടുത്ത് പരിപാലിക്കുകയും ചെയ്യട്ടെ! അതിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കലാണ് അദ്ദേഹത്തെ സ്നേഹിക്കുന്നവരുടെ കടമ. അതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ! ❑



# സ്പെഷ്യലിസ്റ്റുകളെ വെല്ലിയ MBBS

**ശ്രീ. മുരളീധരൻ സാർ, പായിക്കുഴി**

ഏകദേശം അരനൂറ്റാണ്ട് ആകുന്നു, ഓച്ചിറ പോലീസ് ആസ്ഥാനമായിരുന്ന കെട്ടിടത്തിലെ താരോദയത്തിന്; സ്റ്റാർ ഹോസ്പിറ്റൽ.

അന്നുമുതലുള്ള ബന്ധം 2020 ജൂൺ മാസത്തിൽ അറ്റുപോയിരിക്കുന്നു. വൈദ്യശാസ്ത്രത്തിലെ ഏതാണ്ടെല്ലാ ശാഖകളിലെയും സ്പെഷ്യലിസ്റ്റുകളെപ്പോലും വെല്ലുന്ന രോഗനിർണയവും ചികിത്സയും ആയിരുന്നു എന്റെയും എന്റെ കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും അനുഭവം. അതു തന്നെയായിരിക്കും അദ്ദേഹത്തിന്റെ കൈപ്പുണ്യം അനുഭവിച്ചറിഞ്ഞ എല്ലാവരുടെയും അനുഭവം.

ഡോക്ടർ നാഡീസ്പന്ദനം പരിശോധിക്കുമ്പോഴേക്കും പകുതി രോഗമുക്തിയാകും എന്നതായിരുന്നു എൻറെയും ആളുകളുടെയും ഏകാഭിപ്രായം. ഒരുപാട് അനുഭവങ്ങളുണ്ട് പറയാൻ. ഏതാനും ചിലത് കുറിക്കട്ടെ; ഈ നാട്ടിൽ സ്പെഷ്യലിസ്റ്റുകൾ രംഗപ്രവേശം ചെയ്യുന്ന 1970 കൾ. കാലത്തിന്റെ പ്രത്യേകതകൾ കൊണ്ട് ചെറിയ പനിക്ക് പോലും സ്പെഷ്യലിസ്റ്റ് ചികിത്സയ്ക്ക് വേണ്ടി പേര് രജിസ്റ്റർ ചെയ്തു ഊഴം കാത്തിരിക്കുന്നത് ഒരു സ്റ്റാറ്റസ് കൂടിയ അവസ്ഥയാണെന്ന മിഥ്യാ ബോധത്തിൽ ഊഴം കിട്ടുന്ന മുറയ്ക്ക് ചികിത്സ തേടി, തുടർന്ന് പാർശ്വഫലമായ അടുത്ത രോഗത്തിനും സ്റ്റാറ്റസ് ചികിത്സ നടത്തി ഒടുവിൽ വൈക്ലബ്യത്തോടുകൂടി അഹമ്മദ് കുഞ്ഞ് ഡോക്ടറെ അഭയം തേടി രോഗമുക്തരായ എത്രയോ സ്റ്റാറ്റസ് പ്രേമികളെ എനിക്കറിയാം.

സ്പെഷ്യലിസ്റ്റുകൾ അവിടെയുമിവിടെയും ഒന്നോ രണ്ടോ പേർ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. സ്വന്തം കുഞ്ഞുങ്ങളുടെ പനിയോ വയറിളക്കമോ ചികിത്സിക്കുവാൻ സ്പെഷലിസ്റ്റ് ഡോക്ടറുടെ മുന്നിൽ ലബോറട്ടറികളിൽ നിന്നുള്ള പരിശോധന റിസൾട്ട് വാങ്ങി മാസങ്ങളോളം ചികിത്സതേടി എൻറെ സുഹൃത്തുക്കൾ ഉയർന്ന സ്റ്റാറ്റസ് നില നിർത്താൻ ശ്രമിക്കുമ്പോൾ ഞാനും എന്നെപ്പോലുള്ളവരും അഹമ്മദ് ഡോക്ടറുടെ ഒറ്റ മരുന്നുകൊണ്ട് കുഞ്ഞുങ്ങളുടെ ആരോഗ്യം

സംരക്ഷിച്ചിരുന്നു.സ്കൂളിൽ നിന്നും വയറുവേദനയുമായി വന്ന എന്റെ കൊച്ചുമകനെ ഡോക്ടറുടെ അടുത്ത് എത്തിച്ചു. കുഞ്ഞിനെ പരിശോധിച്ച ഡോക്ടർ ഉടൻതന്നെ ചെയ്തത് ആരെയോ ഫോൺ ചെയ്യുകയായിരുന്നു. തുടർന്ന് നഴ്സിനെ വിളിച്ചു എന്തൊക്കെയോ നിർദ്ദേശങ്ങൾ നൽകി. അതിനുശേഷമാണ് എന്നോട് പറയുന്നത് കുഞ്ഞിന് അടിയന്തിര ശസ്ത്രക്രിയ വേണം, തീയേറ്ററിലേക്ക് കുഞ്ഞുമായി ചെല്ലാൻ. അന്നത്തെ ഡ്യൂട്ടി കഴിഞ്ഞു തിരികെ പോയ സർജനെയായിരുന്നു ആദ്യം വിളിച്ചത്! താമസിയാതെ സർജൻ എത്തി ഓപ്പറേഷൻ നടത്തി. തിയേറ്ററിൽ നിന്നും നിന്നും ഇറങ്ങിവന്ന സർജൻ പറഞ്ഞത് 'ഈശ്വരകാരുണ്യം കൊണ്ട്മാത്രമാണ് മുരളി സാറും ഞാനും രക്ഷപ്പെട്ടത്' എന്നായിരുന്നു. അപ്പന്റീസൈറ്റിന്റെ മോശമായ അവസ്ഥയിലായിരുന്നു കുഞ്ഞ്. സ്വന്തം മനസ്സിലെ സ്കാനറുകളിൽ രോഗാവസ്ഥ മനസ്സിലാക്കി ശരിയായ മാർഗം തീരുമാനിച്ച ആ പീഡിയാട്രീഷ്യൻ കം സർജനായ അഹമ്മദു ഡോക്ടറിൽ കൂടിയാണ് ഈശ്വര കാരുണ്യം ലഭിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു.സർക്കാർ ഉദ്യോഗസ്ഥനായ എന്റെ ഒരു മരുമകൻ ശക്തമായിട്ടുള്ള പനി കാരണം തിരികെ വീട്ടിലെത്തി. അഹമ്മദ് കുഞ്ഞ് ഡോക്ടർ പറഞ്ഞു: 'രക്തപരിശോധന നടത്തണം. ലാബിൽ രക്തം കൊടുത്തിട്ട് അഡ്മിറ്റാവണം. റിസൾട്ട് വരുന്നത് രണ്ടുമൂന്ന് ദിവസം കഴിയും. മെഡിസിൻ സ്റ്റാർട്ടു ചെയ്യുകയാണ്'. രോഗം എന്താണെന്ന് പറഞ്ഞില്ല, ഞാനൊട്ടു ചോദിച്ചുമില്ല. ചോദിക്കേണ്ട കാര്യമില്ലെന്ന് എനിക്കറിയാം. മരുന്ന് പ്രയോഗം അനുകൂല പ്രതികരണമുണ്ടാക്കി. രണ്ടാം ദിവസം രോഗലക്ഷണം നിശ്ശേഷം ഇല്ലാതായി വീട്ടിൽ പോകാമെന്നായി രോഗി. ഡോക്ടറോട് ഞാൻ അനുവാദം തേടി. പ്രതികരണം പതിവുപോലെ; രക്തപരിശോധനാ റിപ്പോർട്ട് വരട്ടെ, പിന്നീട് തീരുമാനിക്കാമെന്ന്. റിസൾട്ട് അടുത്ത ദിവസം കിട്ടി, എലിപ്പനി. വൈറോളജി സ്പെഷ്യലിസ്റ്റായത് കൊണ്ടായിരിക്കാം, ലാബ് റിസൾട്ടിന് മുൻപു തന്നെ രോഗനിർണയം നടത്തി പ്രാരംഭത്തിൽ തന്നെ കൃത്യമായി മരുന്നു പ്രയോഗിച്ചത് കൊണ്ട് ഗുരുതരമായ പാർശ്വഫലങ്ങളുണ്ടാക്കാതെയുള്ള രോഗശമനം!

അനുഭവങ്ങൾ ഒരുപാടുണ്ട് പറയാൻ. എനിക്ക് മാത്രമായിരിക്കുകയില്ല, അദ്ദേഹത്തിന്റെ കൈപ്പുണ്യം അറിഞ്ഞ അനേകർക്കും. വിസ്താര ഭയം കൊണ്ട് ചുരുക്കുന്നു. ആതുരർക്ക് ആശ്വാസം പകരുവാർ നിയോഗിക്കപ്പെട്ട ആ ഭിഷഗ്വരൻ അദ്ദേഹത്തിന്റെ നിയോഗം പൂർത്തിയാക്കി തിരികെ പോയി. എങ്കിലും ആ ഋഷിതുല്യന്റെ അദൃശ്യ സാമീപ്യം തുടർന്നും ഉണ്ടാകുമെന്ന് പ്രത്യാശിക്കാം! ❑

# നന്മ നിറഞ്ഞ മനുഷ്യൻ



**അൽ ഹാജ് ത്വാഹാ സാഹിബ്**

പത്താംക്ലാസ് പരീക്ഷ കഴിഞ്ഞ് വീട്ടിൽ നിൽക്കുന്ന സമയത്താണ് ജോലിതേടി ഡോക്ടറുടെ അടുത്തേക്ക് ചെല്ലുന്നത്. ഹോസ്പിറ്റലിന് വേണ്ടിയുള്ള മരുന്നു വാങ്ങാനിറങ്ങിയ ഡോക്ടർ അന്ന് എന്നെക്കൂടെക്കൂട്ടി. പിന്നീടങ്ങോട്ട് അവസാനം വരെ കൂടെ തന്നെയായിരുന്നു. ഇടയ്ക്ക് ഒരു 10 വർഷത്തെ പ്രവാസം ഒഴിച്ചാൽ ബാക്കി 40 വർഷം ഡോക്ടറുമായി അടുത്ത് സഹവസിക്കാൻ അവസരമുണ്ടായി.

ഡോക്ടറുടെ പിതാവ് ആലപ്പുഴയിൽനിന്ന് കച്ചവടവുമായി ബന്ധപ്പെട്ട് ഓച്ചിറയിൽ വന്നു താമസമാക്കിയതാണ്. ആദ്യം കുടക്കച്ചവടമായിരുന്നു. പിന്നീട് ആലപ്പി ടെക്സ്റ്റൈൽസ് എന്ന പേരിൽ ഒരു തുണിക്കട ആരംഭിച്ചു. ക്ലാപ്പനയിൽ നിന്നാണ് വിവാഹം ചെയ്തത്. ഇബാദത്തിൽ കഠിന നിഷ്ഠയുള്ള വ്യക്തിയായിരുന്നു.

ഡോക്ടർ പഠനശേഷം ചുരുങ്ങിയ മാസക്കാലം ഒരു സർക്കാർ ക്ലിനിക്കിൽ സേവനം ചെയ്തു. പിന്നീട് സ്റ്റാർ ഹോസ്പിറ്റലിന്റെ പ്രവർത്തനവുമായി മുന്നോട്ടു നീങ്ങി. വിവാഹത്തിന് ശേഷം മതിയെന്ന പിതാവിന്റെ നിർദ്ദേശമനുസരിച്ച് വിവാഹശേഷമായിരുന്നു ആശുപത്രി തുടങ്ങുന്നത്.1970 സെപ്റ്റംബർ മാസം ആയിരുന്നു വിവാഹം, അതേവർഷം ഒക്ടോബർ മാസം ഒമ്പതാം തീയതി ആശുപത്രി ഉദ്ഘാടനം ചെയ്തു. ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു അത്.ഉച്ചയ്ക്ക് രണ്ടുമണിയോടെ കൂടി പ്രവർത്തനം ആരംഭിച്ചപ്പോൾ ആദ്യദിനം 9 രോഗികളാണ് ചികിത്സയ്ക്ക് എത്തിയത്.

ഡോക്ടറിനോടൊപ്പം ഞാനും ഒരു സിസ്റ്ററും ആണ് ഉണ്ടായിരുന്നത്. തുടക്കത്തിൽ മറ്റു ചിലരുമായി ചേർന്നായിരുന്നു പ്രവർത്തിച്ചിരുന്നെങ്കിലും പിന്നീട് സ്വന്തമായി തന്നെ സേവനം മുന്നോട്ട് കൊണ്ടുപോവുകയായിരുന്നു.

ആശുപത്രിയിൽ സേവനം ചെയ്യുന്ന ആരെയും അദ്ദേഹം ജോലിക്കാർ എന്ന നിലയിൽ കണ്ടിരുന്നില്ല. ശമ്പളത്തിൽ വളരെ കൃത്യനിഷ്ഠ പുലർത്തുകയും മാസാവസാനം തന്നെ അതു കൊടുക്കുകയും ചെയ്തിരുന്നു.ഏത് ബുദ്ധിമുട്ടിന്റെ അവസരത്തിലും അതിൽ മുടക്കം വരുത്തുകയോ കടമിടുകയോ ചെയ്തതായി ഞാൻ ഓർക്കുന്നില്ല. ബാങ്കിൽ ലോണോ മറ്റിതര കടമിടപാടുകളോ ഒന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിജയത്തിൻറെ പ്രധാനകാരണവും അതാണെന്ന് ഞാൻ മനസ്സിലാക്കുന്നു

ചികിത്സിക്കുന്ന വിഷയത്തിൽ വളരെ ആത്മാർത്ഥത ഉള്ളവരും കഠിനാധ്വാനിയുമായിരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്ന് പറഞ്ഞുവിട്ട ഒരു കുഞ്ഞിനെ ആശുപത്രിയിൽ കൊണ്ടു വന്നു വെള്ളം പോലും കുടിക്കാതെ കൂടെ നിന്ന് ചികിത്സിക്കുകയും ഒടുവിൽ കുട്ടി സുഖം പ്രാപിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. അതുപോലെ മറ്റൊരിക്കൽ ഒരു ഗർഭിണിയായ സ്ത്രീ അപകടത്തിൽപ്പെട്ട് റോഡിൽ കിടന്നപ്പോൾ ഡോക്ടർ എന്നെയും ഒരു നഴ്സിനെയും കൂട്ടി അവിടേക്ക് ചൊല്ലുകയും റോഡിൽ വച്ച് തന്നെ കുട്ടിയെ പുറത്തെടുത്തത് സുരക്ഷിതമായി ആശുപത്രിയിലെത്തിക്കുകയും ചെയ്തു. ഇന്നും അതൊക്കെ മറക്കാനാകാത്ത സംഭവങ്ങളാണ്.

വളരെ ലോലഹൃദയനായിരുന്നു ദേഷ്യം വരുമെങ്കിലും വളരെ പെട്ടെന്ന് തന്നെ തണുക്കുന്ന പ്രകൃതമായിരുന്നു. നാട്ടുകാർക്ക് പ്രത്യേക സ്നേഹവും ബഹുമാനവും ആയിരുന്നു അദ്ദേഹത്തോട്. സാറാമ്മ എന്ന ഒരു പ്രായമായ സ്ത്രീയെ ഒരിക്കൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് പറഞ്ഞയച്ചു. അവിടെയെത്തിയപ്പോൾ അവർ തിരികെ സ്റ്റാർ ഹോസ്പിറ്റലിൽ തന്നെ വരണമെന്ന് നിർബന്ധം പിടിച്ചു. അങ്ങനെ ഹോസ്പിറ്റലിൽ എത്തി ഡോക്ടറെ കണ്ട് മാത്രയിൽ അവർ ഒന്ന് ചിരിച്ചു, ഉടനെതന്നെ അവർ മരണമടയുകയും ചെയ്തു.

ഡോക്ടറുടെ മരുമകൻ അപകടത്തിൽപെട്ട് കൊല്ലം ശങ്കേഴ്സ് ഹോസ്പിറ്റലിൽ വെച്ച് മരണമടഞ്ഞപ്പോൾ മകളെ വിവരമറിയിച്ച രീതി വളരെ തന്ത്രപരമായിരുന്നു. പല നിലയിലും മകളെ ആശ്വസിപ്പിക്കുകയും അവസാനം അവർ തന്നെ മരിച്ചോ എന്ന് ഇങ്ങോട്ട് ചോദിക്കുകയുണ്ടായി. എല്ലാവരുടെ മുമ്പിലും ധൈര്യം പകരുകയും പള്ളിയിലും

മറ്റും പോയി ഒറ്റയ്ക്ക് ഇരുന്ന് കരയുകയുമാണ് ചെയ്തത്.

വളരെ വലിയ സഹായമനസ്കൻ ആയിരുന്നു. ഡോക്ടറും ഭാര്യയും ഹജ്ജിൽ ആയിരുന്നപ്പോഴാണ് കേരളത്തിൽ സുനാമി അടിക്കുന്നത്. ഈ സമയത്ത് ആശുപത്രിയിൽ വന്ന തീരദേശക്കാരുടെ മുഴുവൻ ചികിത്സാ ചെലവുകളും സ്വദഖയുടെ കൂട്ടത്തിൽ പെടുത്തിക്കൊള്ളാനും ആരുടെ കയ്യിൽ നിന്നും പണം ഈടാക്കണ്ടെന്നും വിളിച്ചുപറയുകയുണ്ടായി. ആദ്യദിവസം തന്നെ ഏകദേശം ഒരു ലക്ഷത്തിലധികം രൂപ ചെലവ് വന്നതായാണ് എന്റെ ഓർമ്മ.

ഞാൻ ഗൾഫിൽ നിൽക്കുന്ന സമയത്താണ് ഡോക്ടർ ദീനിന്റെ പരിശ്രമവുമായി ബന്ധപ്പെടുന്നത്. യാത്രയിൽ ആണെങ്കിലും നിസ്കാര സമയമായാൽ പള്ളിയിൽ ഇറങ്ങി നിസ്കരിക്കുകയും തുടർന്ന് യാത്രചെയ്യുകയും ചെയ്യുമായിരുന്നു. സുന്നത്ത് നമസ്കാരങ്ങളും മറ്റു ദിക്റുകളും വാഹനത്തിൽ വെച്ച് തന്നെയാണ് നിർവഹിച്ചിരുന്നത് വളരെ ആനന്ദകരമായിരുന്നു യാത്രാനുഭവങ്ങൾ.

എവിടെപ്പോയാലും പരിചയക്കാർക്ക് തീരേ പഞ്ഞമില്ലായിരുന്നു. ചികിത്സിക്കാൻ വന്നിട്ടുള്ളവർ, ദീനിന്റെ മാർഗത്തിലെ കൂട്ടാളികൾ തുടങ്ങി ഒരുപറ്റം പരിചയക്കാർ എല്ലായിടത്തും ഉണ്ടായിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻറെ മരണം നികത്താനാവാത്ത വിടവാണ്. എല്ലാ നിലയിലും ഒരു സഹായിയും മാർഗദർശകനുമായിരുന്നു അദ്ദേഹം. മകളുടെ വിവാഹ ആവശ്യങ്ങൾക്കും എന്റെ ആശുപത്രി ചെലവുകൾക്കുമൊക്കെ കൈയ്യൊഴിഞ്ഞ സഹായം ചെയ്തിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിൻറെ ഖബർ ജീവിതം സന്തോഷത്തിൽ ആക്കുമാറാകട്ടെ... ആമീൻ

❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑❑

# പുണ്യസ്വലാത്തിന്റെ മഹത്വങ്ങൾ

ഗ്രന്ഥകർത്താവ്

**ശൈഖുൽ ഹദീസ് അൽ ഹാഫിസ് മൗലാനാ**

**സകരിയ്യ സാഹിബ് (റഹ്)**

പരിഭാഷകൻ

**മൗലാനാ മുഹമ്മദ് മൂസാ കാഞ്ഞാർ (റഹ്)**

**കോപ്പികൾക്ക് ദാറുൽ ഉലൂമുമായി ബന്ധപ്പെടുക.**




**നജ്മ ത്വാഹാ, സ്റ്റാർ ഹോസ്പിറ്റൽ**

ഞാൻ 1972–73 വർഷത്തിലാണ് സ്റ്റാർ ഹോസ്പിറ്റലിൽ ജോലിക്ക് വന്നത്. അന്ന് ഞാൻ കാണുന്ന ഡോക്ടർ അഹ്മദ് കുഞ്ഞ്, ഒരു വെള്ള ഫുൾ കൈ ഷർട്ട് ഇൻ ചെയ്ത് ഷർട്ടിന്റെ കൈ മടക്കി മുട്ടിനു മുകളിൽ വരെ വെച്ച് , തലമുടി പറ്റെ വെട്ടിയതുമായ ഒരാളായിരുന്നു.

ഡോക്ടർ എന്നെ ഇന്റർവ്യൂ ചെയ്താണ് എടുത്തത്. കൂടുതൽ അറിവൊന്നും ഇല്ലായിരുന്നെങ്കിലും ഡോക്ടർ ജോലിക്കെടുത്തു. നാലു മുറിയുള്ള ഒരു വാടക വീട്ടിൽ ആയിരുന്നു അന്ന് സ്റ്റാർ ഹോസ്പിറ്റൽ പ്രവർത്തിച്ചിരുന്നത്.

പിന്നെ ഡോക്ടർ ഓരോ ദിവസവും ഞങ്ങൾക്ക് അറിവില്ലാത്തതെല്ലാം പറഞ്ഞ് തരികയും, ഓരോ രോഗികൾക്കും വേണ്ടുന്ന ഇഞ്ചക്ഷൻ ഡോക്ടർ വന്നുനിന്ന് കൊടുപ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അദ്ദേഹം പറഞ്ഞു തന്ന അറിവുകൾ വെച്ചാണ് ഞങ്ങൾ (പഴയ സ്റ്റാഫുകൾ ) എല്ലാ രോഗികളെയും പരിചരിക്കാൻ പഠിച്ചത്. ഡോക്ടർ ഒരുപാട് അറിവുകൾ ഞങ്ങൾക്ക് പകർന്നുതന്നു.

ഡോക്ടറിനെ ദൈവത്തെ പോലെ സ്നേഹിക്കുന്ന ഒരുപാട് രോഗികളുണ്ടായിരുന്നു. പ്രത്യേകിച്ച് കടലിൽ മീൻ പിടിക്കാൻ പോകുന്നവർ. അവരോട് ഡോക്ടറിനു പ്രത്യേക സ്നേഹമായിരുന്നു. ഡോക്ടർ മാസങ്ങളോളം ബില്ല് നോക്കാതെ അവരെ വാർഡിൽ കിടത്തി ചികിൽസിച്ചിട്ടുണ്ട്. അതെ, ഞങ്ങളുടെ ഡോക്ടർ പാവങ്ങളുടെ ഡോക്ടർ ആയിരുന്നു.

ആദ്യകാലത്തെ ഡോക്ടറുടെ സ്റ്റാഫുകൾ എല്ലാം പാവങ്ങളായിരുന്നു. ഡോക്ടർ ഞങ്ങൾക്ക് ശമ്പളം തരുന്നത് എണ്ണിയല്ലായിരുന്നു. മേശ തുറന്നു ഞങ്ങൾ പോലും കാണാതെ കയ്യിൽ മടക്കി പിടിച്ചായായിരുന്നു ശമ്പളം തന്നിരുന്നത്. ഞങ്ങൾക്ക് അത് വലിയ തൃപ്തിയായിരുന്നു.

ഡോക്ടർ ഈ ഹോസ്പിറ്റൽ ഒരു ഹോസ്പ്പിറ്റലാക്കിയത് വലിയ കടമ്പകൾ തരണം ചെയ്താണ്. അത് എഴുതാൻ തുടങ്ങിയാൽ വലിയ ഒരു പുസ്തകം തന്നെ എഴുതേണ്ടി വരും. ഒരുപാട് വിഷമങ്ങളും തടസ്സങ്ങളുമുണ്ടായിട്ടുണ്ട്. ഡോക്ടറുടെ കഠിന പ്രയത്നം കൊണ്ട് എല്ലാം തരണം ചെയ്തു. അന്ന് ഡോക്ടറിനെ സഹായിക്കാൻ ഓച്ചിറയിൽ കുറേ നല്ല ആളുകൾ ഉണ്ടായിരുന്നു, മുസ്ലിമും അമുസ്ലിമും ആയവർ. അങ്ങനെ ഡോക്ടർ രാപകൽ കഷ്ടപ്പെട്ട് പടുത്തുയർത്തിയതാണ് ഈ സ്റ്റാർ ഹോസ്പിറ്റൽ. അതിൽ ചെറിയൊരു പങ്ക് ഞങ്ങൾക്കുമുണ്ട്. അത് ഡോക്ടർ എപ്പോഴും പറയുമായിരുന്നു. ഡോക്ടർ ഞങ്ങളെ എന്റെ സ്റ്റാഫ് എന്നേ പറയുമായിരുന്നുള്ളൂ. ഡോക്ടറിന്റെ വീട്ടിൽ എന്ത് വിശേഷം വന്നാലും ഒരു പങ്ക് ഡോക്ടറിന്റെ സ്റ്റാഫിന് നൽകുമായിരുന്നു.

എന്റെ എല്ലാ കാര്യങ്ങൾക്കും അതായത് ചികിത്സക്കായാലും വീട്ടുകാര്യങ്ങൾക്കായാലും പടച്ചവന്റെ അനുഗ്രഹം കഴിഞ്ഞാൽ പിന്നെ ഡോക്ടറുടെ സഹായമാണ് എല്ലാത്തിനും ഉണ്ടായിരുന്നത്. ഹജ്ജിനു പോകാനുള്ള വലിയ ഭാഗ്യം വരെ കിട്ടിയത് ഡോക്ടറുടെ വലിയ മനസ്സുകൊണ്ടാണ്.

ഡോക്ടർ ഹോസ്പിറ്റലിലെ പഴയ സ്റ്റാഫുകളുടെയെല്ലാം രക്ഷകർത്താവ് കൂടിയായിരുന്നു. അവരുടെ വീട്ടുപ്രശ്നങ്ങളും വിഷമങ്ങളുമെല്ലാം ഡോക്ടറിനോട് തുറന്നു പറയുകയും അതിന് പരിഹാരം ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു.

എല്ലാ കാര്യങ്ങളിലും ഡോക്ടർ വളരെ സ്ട്രിക്റ്റ് ആയിരുന്നു. നീതി വിട്ടുള്ള ഒരു കാര്യങ്ങളും ഡോക്ടർ ചെയ്യുകയില്ലായിരുന്നു. അനീതിക്ക് കൂട്ട് നില്കാത്തത് കാരണം ഡോക്ടർക്ക് കുറേ വിരോധികളും ഉണ്ട്. എന്നാൽ ഡോക്ടർ ആരോടും ഒരു വിരോധവും കാണിക്കാറില്ലായിരുന്നു. എത്ര ക്രൂരമായി പെരുമാറുന്നവരും, പിന്നെ ചികിത്സ തേടി വന്നാൽ അവരെ വളരെ സന്തോഷത്തോടെ തന്നെ ഡോക്ടർ ചികിൽസിക്കുമായിരുന്നു.

മറ്റുള്ള ഏതെങ്കിലും  ഡോക്ടർമാരെയോ ആരെയും തന്നെ ഡോക്ടർ കുറ്റം പറയുകയില്ലായിരുന്നു.

ഡോക്ടറിന്റെ മരണം ഞങ്ങളുടെ തീരാ ദുഃഖമാണ്. ഡോക്ടറെ കുറിച്ച് എഴുതാൻ ഞങ്ങൾക്ക് ഒരുപാടുണ്ട്. എന്റെ ഓർമ്മയിലെ തന്നെ കുറച്ചു കാര്യങ്ങൾ മാത്രം എഴുതി നിർത്തുന്നു. ❑



# മറക്കുവാൻ കഴിയില്ല

ശ്രീമതി സരസ്വതി
(സ്റ്റാഫ് നഴ്സ്, സ്റ്റാർ ഹോസ്പിറ്റൽ)

ഞാൻ ഈ ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സ് ആയി ജോലി തുടങ്ങിയിട്ട് 40– വർഷമായി. സാറിനെ കുറിച്ച് എഴുതുകയാണേൽ അത് ഒറ്റ വാക്യത്തിൽ ഒതുങ്ങില്ല. എന്നാലും ഞാൻ ചുരുക്കി മാത്രം എഴുതുകയാണ്.

എല്ലാ രോഗികളെയും പാവപ്പെട്ടവനെന്നോ പണക്കാരാനെന്നോ വേർതിരിവില്ലാതെ ഒരുപോലെ പരിചരിക്കുന്ന ആളാണ് ഡോക്ടർ. ഏതൊരു സമയത്തും രോഗികളെ നോക്കുന്നതിന് സാർ ഒരു ബുദ്ധിമുട്ടും കാണിച്ചിട്ടില്ല. വിളിച്ചാൽ ഒരു മടിയും കൂടാതെ രോഗിക്കു വേണ്ട ചികിത്സാ സഹായങ്ങൾ നൽകുമായിരുന്നു.

സ്റ്റാഫിന്റെ ഏത് പ്രയാസത്തിലും, എന്ത് ആരോഗ്യപരമായ സംശയങ്ങൾക്കും സാർ പരിഹാരം പറഞ്ഞു തരുമായിരുന്നു.

സാർ മരണപ്പെട്ടു പോയെങ്കിലും ഇവിടെ വരുന്ന രോഗികൾക്കോ ഞങ്ങൾക്കോ മറക്കുവാൻ കഴിയില്ല. ഡോക്ടറിന്റെ ഓർമ്മകളിൽ മാത്രമാണ് ഞാൻ ഇന്നും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. അദ്ദേഹത്തിന്റെ മരണം എന്നും ഞങ്ങൾക്കൊരു തീരാദുഃഖമാണ്. ഡോക്ടറുടെ സ്ഥാനത്ത് ഞങ്ങൾക്ക് മറ്റൊരാളെയും കാണാൻ കഴിയില്ല.

അദ്ദേഹത്തിന്റെ ആത്മാവിന് വേണ്ടി ഞങ്ങൾ എന്നും പ്രാർത്ഥിക്കുന്നു. സാറിന്റെ ഓർമ്മകൾ എന്നും ഈ സ്ഥാപനത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്ന വിശ്വാസത്തിൽ ഞാൻ നിർത്തുന്നു. ❑

# പകരം വെക്കാനില്ലാത്ത വ്യക്തിത്വം



**ശ്രീമതി ജയാമണി**
(സ്റ്റാർ ഹോസ്പിറ്റൽ)

എഴുതാനും പറയാനുമാണെങ്കിൽ ഒത്തിരിയുണ്ട്. ഇതുപോലത്തെ ഒരു മഹാ വ്യക്തിയെ എന്റെ ഈ പ്രായത്തിനുള്ളിൽ ഞാൻ കണ്ടിട്ടില്ല. സത്യസന്ധത, പാവങ്ങളോടുള്ള കരുണ, കർക്കശക്കാരൻ.

ഞാൻ കരുനാഗപ്പള്ളി താലൂക്കിൽ ആലപ്പാട് പഞ്ചായത്തിൽ ഒയിക്കാട് തുറയിൽ നിന്ന് വന്നതാണ്. ഞങ്ങൾ മത്സ്യത്തൊഴിലാളി കുടുംബമാണ്. എന്റെ ഓർമ്മ വെച്ച നാൾ മുതൽ അറിയാവുന്നതാണ് ഓച്ചിറ സ്റ്റാർ ഹോസ്പിറ്റലും ഡോക്ടർ അഹമ്മദ് കുഞ്ഞും. അന്നാട്ടിലെ ജനങ്ങളുടെ സ്വന്തം ആശുപത്രിയായിട്ടാണ് അതിനെ കണ്ടിരുന്നത്. ഡോക്ടർ എല്ലാവരുടെയും കുടുംബ ഡോക്ടർ ആയിരുന്നു.

അവിടുത്തെ ജനങ്ങളെ ഡോക്ടർക്ക് വലിയ ഇഷ്ടമായിരുന്നു. അവിടുത്തെ ജനങ്ങളുടെ വീട്ടിലെ വിശേഷങ്ങൾക്ക് പങ്കെടുക്കാറുണ്ടായിരുന്നു. ബസ്സ് അധികമില്ലാത്ത ആ കാലഘട്ടത്തിൽ ദൂരെ പോയി മത്സ്യ ബന്ധനം കഴിഞ്ഞ് വാഹനം കിട്ടാതെ രാത്രി വരുന്നവരെ 'വാർഡിൽ കിടത്ത് അവർ രാവിലെ പൊയ്ക്കൊള്ളും' എന്ന് പറയും. അവിടുത്തെ രോഗികൾ ഡിസ്ചാർജ് ആകുമ്പോൾ ബിൽ അടക്കാൻ പൈസ ഇല്ലെങ്കിൽ അവർ പിന്നെ കൊണ്ട് വന്ന് അടച്ചോളും വിട്ടേക്കാൻ പറയും.

അവിടുത്തെ രോഗികളിൽ ആശുപത്രിയിൽ എത്താൻ കഴിയാത്തവരെ ഡോക്ടർ വീട്ടിൽ ചെന്നു കാണുമായിരുന്നു. ഡോക്ടർക്ക് മത്സ്യത്തൊഴിലാളികളെ അത്രക്ക് ഇഷ്ടമായിരുന്നു. അവർ നേരും നെറിയും ഉള്ളവരാണ്, കള്ളം പറയത്തില്ല എന്ന് അദ്ദേഹം പറയുമായിരുന്നു.

സുനാമി സമയത്ത് ഡോക്ടർ നാട്ടിൽ ഇല്ലാതിരുന്നിട്ടും മക്കളോട് വിളിച്ചു പറഞ്ഞു: 'ഒരുകാലത്ത് അവർ നമ്മുടെ

എല്ലാമായിരുന്നു. അത് കൊണ്ട് വേണ്ട എല്ലാ സഹായങ്ങളും നിങ്ങൾ അവർക്ക് ചെയ്തു കൊടുക്കണം. ഒരു കുറവും വരുത്തരുത്'. മക്കൾ അത് അനുസരിച്ചു. അവരെ കൊണ്ട് കഴിയുന്ന വിധം എല്ലാ സഹായവും ചെയ്തു. ഇതൊക്കെ മറക്കാൻ പറ്റാത്ത കാര്യങ്ങൾ ആണ്.

ഞാൻ ഈ ആശുപത്രിയിൽ പഠിക്കാൻ വന്നത് 1981– ജൂൺ 11– ആം തീയതിയാണ്. നേഴ്സിങ്ങിനെ കുറിച്ച് ഒന്നും തന്നെ അറിയത്തില്ല. ആ വലിയ മനുഷ്യൻ കാരണം ഒരുവിധം എല്ലാം പഠിച്ചു. ഇന്നും ജോലി ചെയ്ത് ജീവിക്കുന്നു.

നമ്മുടെ ഭാഗത്തു നിന്ന് എന്തെങ്കിലും തെറ്റ് ഉണ്ടായാൽ തുറന്നു പറയണം, കള്ളം പറയുന്നതും ചെയ്യുന്നതും ഡോക്ടർക്ക് തീരെ ഇഷ്ടമല്ലായിരുന്നു. അങ്ങനെ കണ്ടാൽ ഇനി ആവർത്തിക്കാതിരിക്കാൻ തക്ക ശിക്ഷ നൽകും. ജോലിയിൽ ആത്മാർത്ഥത കാണിക്കുന്നവരോട് വലിയ കാര്യമാണ്.


ആദ്യമൊക്കെ ശമ്പളം നൽകുന്നത് ഡോക്ടർ ആയിരുന്നു. ജോലി നന്നായി ചെയ്യുന്നവർക്ക് ഡോക്ടർ അറിഞ്ഞ് പൈസ കൊടുക്കും. അന്ന് ശമ്പളം തരുന്നത് ഡോക്ടറിന്റെ റൂമിൽ വെച്ചായിരുന്നു. എണീറ്റ് നിന്ന് വലതു കയ്യിൽ പൈസ വെച്ച് കൈ ചുരുട്ടി പിടിച്ച് ഇടതു കൈ പോലും അറിയാതെയാണ് ശമ്പളം തരുന്നത്. അതൊക്കെ ഒരു പ്രത്യേക കഴിവ് തന്നെയാണ്. അതിന്റെ ഐശ്വര്യം ഒന്ന് വേറെയാണ്. ചില മാസങ്ങളിൽ പൈസ നോക്കുമ്പോൾ കൂടുതൽ കാണും. അത് പറയാൻ ചെല്ലുമ്പോൾ അത് ഞാൻ അറിഞ്ഞ് തന്നതാ, കയ്യിൽ ഇരിക്കട്ടെ എന്ന് പറയും.

ഡോക്ടർ ഞങ്ങൾക്ക് തന്നിട്ടുള്ള സ്നേഹവും, ശിക്ഷണവും ഞങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ നേരിടാനുള്ള ശക്തിയായിട്ടാണ് തോന്നുന്നത്.

ഈ സ്ഥാപനം ഒന്നുമില്ലായ്മയിൽ നിന്ന് തുടങ്ങി ഇന്ന് ഇവിടെ വരെ എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് ഡോക്ടറുടെ ഉറക്കവും ഊണുമില്ലാതെയുള്ള അത്യന്തം പരിശ്രമം കൊണ്ട് മാത്രമാണ്. അതോടൊപ്പം ദൈവ വിശ്വാസമുള്ള ഒരു മനുഷ്യനാണ്.

ആരൊക്കെ ശ്രമിച്ചാലും ഇതുപോലുള്ള ഒരു വ്യക്തിയെ ഇനി കാണാൻ പറ്റുമെന്ന് തോന്നുന്നില്ല. എത്ര എഴുതിയാലും മതിവരാത്ത ഒരു പ്രതിഭാസമാണ് ഡോക്ടർ അഹ്മദ് കുഞ്ഞ്. നമ്മെ വിട്ട് പിരിഞ്ഞു പോയത് ഓർക്കാൻ പോലും കഴിയുന്നില്ല.

എന്റെ ഈ ചെറിയ ഓർമ്മക്കുറിപ്പ് ഇവിടെ നിർത്തുന്നു. ❑




സൂര്യനണഞ്ഞുവല്ലോ, പുഞ്ചിരിതൂകുന്ന ആമുഖം മാഞ്ഞല്ലോ
സുകൃതത്തിൻ വീഥിയിൽ ജീവിതം തീർത്ത
ദേഹിയും യാത്ര പറഞ്ഞല്ലോ

ഡോക്ടർ അഹമ്മദ് എന്നാണാ നാമം
ചെയ്ത സഹായങ്ങൾക്കില്ലാ വിരാമം
ഒരുപാട് പട്ടിണിപ്പാവങ്ങൾക്കുള്ളിൽ
ഹൃദയാന്തരത്തിലാണെന്നും ആസ്ഥാനം
ഇല്ല മറക്കുകില്ല - ഒരിക്കലും
സൗമ്യം തുളുമ്പും ആ ഭാവത്തെ

ഇൽമിന്റെ അഹ്ലിലായ് സ്നേഹം ചൊരിഞ്ഞു
വിനയത്തിൻ ചിറകേറി അറിവും നുകർന്നു
ദഅ്വത്തിൻ വീഥിയെ മുറുകെപുണർന്നു
സുന്നത്തിൻ ജീവിതം നമ്മിൽ പകർന്നു
ദാറുൽ ഉലൂമിനെന്നും - ഏറെ
വാത്സല്യം തന്ന പിതാവല്ലേ

സുബ്ഹാന്റെ സവിധത്തിൽ സാഷ്ടാംഗം വീണ്
സുന്നത്ത് നോമ്പുകൾ മുറുകെ പുണർന്ന്
സുഖമില്ല അഗതികൾകാലംബമാണ്
സൂഫി സരണിയിൽ മാതൃകയാണ്
ജീവിതം പോലെ തന്നെ - പുഞ്ചിരി
തൂകീട്ട് യാത്ര പറഞ്ഞില്ലേ

അർഹമുറാഹീമേ കൈകൾ നീട്ടുന്നേ
അബലരീ അടിമകൾ നിൻ മുന്നിൽ വീണേ
അതുലമാ സ്വർഗ്ഗത്തിൽ ഒന്നായ് ചേർക്കേണേ
അർഷിന്റെ തണലിൽ ഒരു ഇടവും നൽകണേ
കാരുണ്യ മധു വർഷങ്ങൾ - എന്നും
മുറിയാതെ ഖബ്റിൽ ചൊരിയണേ

പേജ് 17 ന്റെ തുടർച്ച

ത്തിന്റെ സന്ദർഭത്തിൽ ശരീരവും വസ്ത്രവും വളരെ ശുദ്ധമായിരുന്നു. ജനാസ കുളിപ്പിച്ച സമയത്ത് ഇത് കൂടുതൽ വ്യക്തമാവുകയും ചെയ്തു. ഏറ്റവും വലിയ ശുദ്ധിയായ മനസ്സിന്റെ ശുദ്ധി പണ്ട് മുതൽക്കെ ഉന്നതമായിരുന്നു. എല്ലാവരും നന്നാകണമെന്ന അതിയായ ആഗ്രഹം, വ്യക്തമായ നിലയിൽ നന്മ ഉപദേശിക്കൽ, തന്ത്രജ്ഞതയോടെ തിന്മ തിരുത്തൽ എന്നിവ അതിന്റെ വ്യക്തമായ അടയാളമായിരുന്നു.

ഡോക്ടർ എല്ലാവരെയും ചികിത്സിച്ചിരുന്നു. കൂട്ടത്തിൽ ഡോക്ടറെയും ചികിത്സിച്ചിരുന്നു. ജമാഅത്തിൽ വെച്ച് രാത്രി ഉറങ്ങാൻ നേരത്ത് രഹസ്യമായി മരുന്ന് കഴിച്ചിരുന്നു. പക്ഷെ അവസാന സമയത്ത് ക്ഷീണം വളരെ കൂടുതലായി. എന്നാൽ ഇബാദത്തിലും ദഅ്വത്തിലും, ആതുര സേവനത്തിലും യാതൊരു കുറവും വരുത്തിയില്ല. വിയോഗത്തിന് മുമ്പ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പുറപ്പെട്ടു. റമദാൻ മാസത്തിൽ കോവിഡ് 19 കാരണം മസ്ജിദിൽ നമസ്കാരം ഇല്ലായിരുന്നു. എന്നാൽ ആശുപത്രിയിൽ ജമാഅത്തായി നമസ്കരിച്ചു.റമദാനിലെ തറാവീഹ് നമസ്കാരം വീട്ടിൽ തന്നെ ഹാഫിസിന്റെ പുറകിൽ നിർവഹിച്ചു. വളരെ കഷ്ടപ്പെട്ട് നമസ്കരിക്കുന്നത് കണ്ടപ്പോൾ ഇരുന്ന് നമസ്കരിക്കാൻ ഞങ്ങൾ അഭിപ്രായപ്പെട്ടു. തദവസരം പറഞ്ഞ മറുപടി ചിന്തനീയമാണ്: വർഷങ്ങൾക്ക് മുമ്പ് ചികിത്സിച്ച ഒരു ഡോക്ടറുടെ വാചകത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു തആലാ എനിക്ക് ഇരുപത് വർഷം കൂടുതലായി നൽകിയിരിക്കുകയാണ്. അങ്ങിനെയുള്ള അല്ലാഹുവിന് നന്ദിരേഖപ്പെടുത്തണ്ടേ.! കൂടാതെ എന്ന് വരെ നമസ്കരിക്കാൻ കഴിയുമെന്ന് അറിയില്ല സാധിക്കുന്ന നമസ്കാരമെല്ലാം നിന്ന് തന്നെ നമസ്കരിക്കാനാണ് ആഗ്രഹം.!! ആദരവായ റസൂലുല്ലാഹി (സ) അരുളി: മരണത്തിലേക്ക് യാത്രയാകുന്നത് നമസ്കരിക്കുന്നത് പോലെ നീ നമസ്കരിക്കുക.!!!

റമദാൻ മുബാറക്ക് കഴിഞ്ഞു ഏതാനും ദിവസങ്ങൾ പിന്നിട്ടപ്പോൾ അല്ലാഹുവിന്റെ ഈ ദാസൻ അല്ലാഹുവിന്റെ സമുന്നതമായ കാരുണ്യത്തിലേക്ക് യാത്രയായി. അതെ ഇബാദത്ത്, ദഅ്വത്ത്,ഖിദ്മത്തുകൾ സജീവമായി നിർവഹിച്ച് തളർന്ന സൗഭാഗ്യവാനായ അടിമ അതിസുന്ദരമായ വിശ്രമം ആരംഭിച്ചു. ഡോക്ടർ മർഹൂമിന്റെ ജനാസ ആദ്യം കണ്ടപ്പോൾ തന്നെ അങ്ങേ അറ്റം സൗന്ദര്യം നിറഞ്ഞ യുവ കോമളനായി അനുഭവപ്പെട്ടിരുന്നു. കുളിപ്പിച്ചപ്പോൾ കൊച്ചു കുഞ്ഞുങ്ങളെ കുളിപ്പിക്കുന്ന പ്രതീതിയാണ് ഉണ്ടായത്.

പ്രിയപ്പെട്ട ഡോക്ടർ മർഹൂം യാത്രയായി. നാമും യാത്രയാകേണ്ടവരാണ്. സർവ്വലോക പരിപാലകനായ പടച്ചവന്റെ തിരുനാമവും പടച്ച

വന്റെ പൊരുത്തത്തിന്റെ പാതയിൽ ചെയ്ത സത്പ്രവർത്തനങ്ങളും നന്മയുടെ പ്രചാരണത്തിന് വേണ്ടി നിർവഹിച്ച ത്യാഗ പരിശ്രമങ്ങളും മാത്രം നിലനിൽക്കുന്നതാണ്. പടച്ചവന്റെ തിരുനാമത്തിൽ നാമും സത്പ്രവർത്തനങ്ങളും നന്മയുടെ പരിശ്രമങ്ങളും നടത്തുക എന്നതാണ് ഈ കുറിപ്പിലൂടെ നമ്മെ ഉണർത്താൻ ആഗ്രഹിക്കുന്ന പ്രധാനപ്പെട്ട വിഷയം. അതെ, ഡോക്ടർ മർഹൂം യാത്രയായങ്കിലും അദ്ദേഹം നടക്കുകയും, ഇരിക്കുകയും ഇബാദത്ത് ദഅ്വത്ത് ഖിദ്മത്തുകൾ അനുഷ്ടിക്കുകയും ചെയ്ത മണ്ണും മതിലും സർവ്വോപരി അദ്ദേഹം അന്ത്യ വിശ്രമം നടത്തുന്ന അനുഗ്രഹീത ഖബറും നമുക്ക് വലിയൊരു സന്ദേശം നൽകുന്നു. നിങ്ങളും ഞങ്ങളെപ്പോലെ ആകുക എന്ന ശക്തവും വ്യക്തവുമായ സന്ദേശം.!!!

സമാധാനമടഞ്ഞ ആത്മാവേ, നീ സംതൃപ്തനും രക്ഷിതാവ് നിന്നിൽ സംതൃപ്തനുമായ നിലയിൽ നിന്റെ രക്ഷിതാവിലേക്ക് നീ മടങ്ങുക. എന്റെ ദാസൻമാരും പ്രവേശിക്കുക. എന്റെ സ്വർഗ്ഗത്തിൽ നീ കടക്കുക. (പരിശുദ്ധ ഖുർആൻ സൂറത്തുൽ ഫജ്ർ 27-30)

---


**നിങ്ങളുടെ പ്രഭാതങ്ങൾ വിശുദ്ധ ഖുർആൻ-ഹദീസുകളാൽ ധന്യമാക്കാൻ ആഗ്രഹിക്കുന്നുവോ....**

*** ദറസുൽ ഖുർആൻ ഗ്രൂപ്പിൽ അംഗമാകാൻ ബന്ധപ്പെടുക.**

**9961717102,9387290079**

*** ദറസുൽ ബുഖാരി ശരീഫ് ദിവസവും വാട്സാപ്പിൽ ലഭിക്കാൻ**

**9633915717**

# دار العلوم الاسلاميّة

# DARUL ULOOM AL-ISLAMIYYA

## Njakanal p.o Oachira,Kollam,Kerala

## Pin:690526 PH:04762696313

എല്ലാ കാലഘട്ടത്തിലും മുസ്ലിമീങ്ങളുടെയും നില നിൽപ്പിനും ദീനീ പുരോഗതിക്കുംഅല്ലാഹു കാരണമാക്കിയ പ്രധാന ഘടങ്ങളിൽ ഒന്നാണ് മദ്റസകൾ.മദ്റസകളെ സംരക്ഷിക്കലും സഹായ സഹകരണങ്ങൾ ചെയ്യലും ഉമ്മത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദീനീ ബാധ്യതയണ്.

കൊല്ലം ജില്ലയിലെ ഓച്ചിറയിൽ സ്ഥാപിക്കപ്പെട്ട ദീനീ കേന്ദ്രമാണ് ദാറുൽ ഉലൂം ഇസ്ലാമിയ്യ ലോക പ്രശസ്ത ദാഈ മൗലാനാ സയ്യിദ് അബ്ദുല്ലാഹ് മുഹമ്മദുൽ ഹസനി നദ്വിയുടെ അനുഗ്രഹീത കരങ്ങളാൽ 2006 ൽ ശിലയിടപ്പെട്ട ഈ സ്ഥാപനത്തിൽ ഹിഫ്ള്-ശരീഅത്ത് വിഭാഗങ്ങളിൽ ഇന്ന് 300 ഓളം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ പഠിച്ച് കൊണ്ടിരിക്കുന്നു.

### താങ്കളോടുള്ള അപേക്ഷ

നിലവിൽ മാസം തോറും 10 ലക്ഷത്തോളം ചിലവ് വരുന്ന ഈ സ്ഥാപനം അല്ലാഹുവിന്റെ സഹായത്തിലും ഉമ്മത്തിന്റെ സഹകരണത്തിലും പ്രതീക്ഷയർപ്പിച്ചാണ് മുന്നോട്ട് പോകുന്നത്. താങ്കളും ഈ സ്ഥാപനത്തിന് വേണ്ടി പ്രവർത്തനങ്ങളിൽ സഹകാരയാകണമെന്ന് അഭ്യർത്ഥിക്കുന്നു.

### സഹകരണത്തിനുള്ള വഴികൾ

1,വർഷത്തിൽ ഒന്നോ അധികമോ ദിവസങ്ങളിലെ ചിലവ് ഏറ്റെടുക്കുക. ഒരു ദിവസത്തെ ചിലവ് 30000/-

2, ഒന്നോ അതിലധികമോ വിദ്യാർത്ഥികളുടെ മാസ ഫീസ് സ്പോൺസർ ചെയ്യുക. ഒരു കുട്ടിയുടെ ഫീസ് 4000 രൂപ

3,ഇവ പരിപൂർണ്ണമായി ഏറ്റെടുക്കാനാവുന്നില്ലെങ്കിൽ ഭാഗികമായി ഏറ്റെടുക്കുക.

4, മദ്റസയുടെ ഭാഗത്ത് നിന്നും നൽകപ്പെടുന്ന ചെറിയ പെട്ടിയിൽ ദിവസവും ഒരു തുക നിക്ഷേപിക്കുക, മാസാവസാനം മദ്റസയുടെ പ്രതിനിധി വന്ന് അത് ശേഖരിക്കുന്നതാണ്.

5, ഇതര സഹോദരങ്ങളോട് ശുപാർശ ചെയ്യുക

6, ഇതിനോടൊപ്പം ആത്മാർത്ഥമായി ദുആ ചെയ്യുക.

**താങ്കൾ ഈ സ്ഥാപനത്തിൽ
മനസാ-വാചാ-കർമണാ സഹകരണം
പുലർത്തിയാൽ ഇവിടെ നടക്കുന്ന നന്മയുടെ
പ്രതിഫലം അല്ലാഹു താങ്കൾക്കും നൽകുന്നതാണ്.
അല്ലാഹു അനുഗ്രഹിക്കട്ടെ!**

**Bank Account Of Madrassa:**

Darul Uloom Al-Islamiyya
State Bank Of India Oachira-Branch
A/cNo:67023115996 Ifse Code:-SBIN0070282
+919995222224,9387290079,9020988300

*അല്ലാഹു മർഹൂം അഹ്മദ് കുഞ്ഞ് ഡോക്ടറെ അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ പരലോക ജീവിതം സുഖത്തിലും സന്തോഷത്തിലുമാക്കട്ടെ. മർഹൂമിന്റെ ഉന്നത ഗുണങ്ങൾ ജീവിതത്തിൽ പകർത്തി പടച്ചവന്റെ ഇഷ്ടദാസന്മാരായി അവനിലേക്ക് യാത്രയാകാൻ നമുക്കെല്ലാം നാഥൻ ഉതവി നൽകട്ടെ.*

*മർഹൂമുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയെല്ലാം അല്ലാഹു അവന്റെ സംരക്ഷണത്തിൽ മുന്നോട്ട് നടത്തട്ടെ. വിശിഷ്യാ ദാറുൽ ഉലൂമിനെയും സ്റ്റാർ ഹോസ്പിറ്റലിനെയും സേവന വീഥിയിൽ നാഥൻ ഉയർത്തട്ടെ.*

*ഈ എളിയ സംരംഭവുമായി സഹകരിച്ച എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട്...*

-എഡിറ്റോറിയൽ ബോർഡ്